33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 24, 2025 Vol. XXXIII No. 04 Periodicals Postage Paid

4 ഇരട്ട ഉപഗ്രഹങ്ങളുടെ സംയോജനം വിജയം
8 ഒരുമിച്ച് മൂന്ന് യുദ്ധക്കപ്പലുകൾ
12 ഫാ. സജി പിണർക്കയിലിന്റെ രജതജൂബിലി
20 കെഎസിടി ക്രിസ്മസ്–പുതുവത്സര പരിപാടികൾ
28 ഷാജൻ ആനിത്തോട്ടത്തിന്റെ കഥാസമാഹാരം

# ഗാസയിൽ വെടിനിർത്തൽ പ്രാബല്യത്തിൽ

ജെറുസലെം: ഇസ്രയേലിന്റെ സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി വെടിനിർത്തലിന് അംഗീകാരം നല്കിയതോടെ ഗാസയിൽ ഇസ്രയേൽ-ഹമാസ് വെടിനിർത്തൽ യാഥാർഥ്യമായി. തീമഴ നിലച്ച ഗാസയുടെ തെരുവുകളിൽ പലസ്തീൻകാർ ആഹ്ലാദനൃത്തം ചെയ്യുമ്പോൾ, ബന്ദികളായ മൂന്നു സ്ത്രീകളെ ഹമാസും ഇസ്രയേൽ ജയിലിലെ 30 പലസ്തീൻകാരെ ഇസ്രയേലും മോചിപ്പിച്ചു. ഗാസയിൽ 15 മാസം പിന്നിട്ട യുദ്ധത്തിന് അന്ത്യം കുറിച്ച്, ഇസ്രയേൽ–ഹമാസ് വെടിനിർത്തൽ കരാർ നിലവിൽ വന്നു. ഇതോടെ വടക്കൻ ഗാസയിലേക്ക് നൂറുകണക്കിനു പലസ്തീൻകാർ തിരിച്ചെത്തിത്തുടങ്ങി.

നേരത്തെ നിശ്ചയിച്ചതിലും മൂന്ന് മണിക്കൂർ വൈകി പ്രാദേശികസമയം ജനുവരി 19–ന് രാവിലെ 11.15–നാണ് (ഇന്ത്യൻ സമയം മൂന്ന് മണിയോടെ) കരാർ പ്രാബല്യത്തിൽ വന്നത്. അതുവരെ ഇസ്രയേൽ ഗാസയിൽ രൂക്ഷമായ പീരങ്കിയാക്രമണവും ബോംബിങ്ങും തുടർന്നു. അന്നു മാത്രം 19 പലസ്തീൻകാർ കൊല്ലപ്പെട്ടു. മൂന്നു ഡസനിലേറെപ്പേർക്കു പരുക്കേറ്റു.

ആദ്യദിവസം വിട്ടയയ്ക്കുന്ന മൂന്ന് വനിതാബന്ദികളുടെ പട്ടിക ഹമാസ് യഥാസമയം കൈമാറാതിരുന്നതാണു വെടിനിർത്തൽ വൈകാൻ കാരണമെന്ന് ഇസ്രയേൽ ആരോപിച്ചു. ഇസ്രയേൽ രൂക്ഷമായ വെടിവെപ്പ് തുടർന്നതുമൂലമാണു പട്ടിക മധ്യസ്ഥരുടെ



കൈവശമെത്തിക്കാൻ 18 മണിക്കൂറോളം വൈകിയതെന്നു പലസ്തീൻ കേന്ദ്രങ്ങൾ വ്യക്തമാക്കി. റോമി ഗോനാൻ (24), ഡോറൻ സ്റ്റെൻബ്രക്കർ (30), എമിലി ദമാരി (27) എന്നിവരാണ് ആദ്യദിവസം മോചിതരായ മൂന്ന് ഇസ്രയേലി വനിതകൾ. 2023 ഒക്ടോബർ ഏഴിനു തെക്കൻ ഇസ്രയേലിൽനിന്നാണ് മറ്റ് 250 പേർക്കൊപ്പം ഹമാസ് ഇവരെ ബന്ദികളാക്കിയത്. ഇസ്രയേൽ–ഹമാസ് ചർച്ചയ്ക്ക് മധ്യസ്ഥത വഹിച്ച ഖത്തറും അമേരിക്കയും 15–ന് വെടിനിർത്തലുണ്ടാകുമെന്നു പ്രഖ്യാപിച്ചിരുന്നതാണ്. എന്നാൽ, ധാരണകൾ പാലിക്കുന്നതിൽ ഹമാസ് വീഴ്ച വരുത്തുന്നതായി ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ആരോപിച്ചിരുന്നു. വെടിനിർത്തൽ ധാരണ പാലിക്കാൻ തയാറാണെന്ന് ഹമാസ് അറിയിച്ചു. വെടിനിർത്തലുണ്ടാകുമെന്ന് 15–ന് ഖത്തറും യുഎസും പ്രഖ്യാപനം നടത്തിയശേഷവും ഗാസയിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 116 പേർ കൊല്ലപ്പെട്ടു. 16–ന് മാത്രം 72 പേരാണു കൊല്ലപ്പെട്ടത്. കരാറിന് മൂന്നു ഘട്ടങ്ങളാണുള്ളത്. ആറാഴ്ച നീളുന്ന ആദ്യഘട്ടത്തിൽ 33 ബന്ദികളെ ഹമാസ് വിട്ടയയ്ക്കും. സ്ത്രീകൾ, കുട്ടികൾ, അമ്പതിനു മുകളിൽ പ്രായമുള്ളവർ എന്നിങ്ങനെ 33 പേരെയാണു വിട്ടയയ്ക്കുക.

(ശേഷം 30–ാം പേജിൽ)

# ഷാരോൺ വധക്കേസ്: ഗ്രീഷ്മയ്ക്ക് വധശിക്ഷ



ഗ്രീഷ്മയും, ഷാരോണും

തിരുവനന്തപുരം: ഷാരോൺ വധക്കേസിൽ ഒന്നാംപ്രതി ഗ്രീഷ്മയെ കോടതി വധശിക്ഷക്ക് വിധിച്ചു. നെയ്യാറ്റിൻകര കോടതി ജഡ്ജി ബഷീറാണ് വിധി പ്രസ്താവിച്ചത്. അപൂർവങ്ങളിൽ അപൂർവമായ കേസായാണ് കോടതി ഇതിനെ കണ്ടത്. തട്ടിക്കൊണ്ടുപോകലിന് 10 വർഷം തടവും വിധിച്ചു. സമർത്ഥമായി ഘട്ടംഘട്ടമായാണ് ഗ്രീഷ്മ, ഷാരോണിനെ കൊലപ്പെടുത്തിയതെന്ന് കോടതി കണ്ടെത്തി. സ്നേഹിക്കുന്നവരെ ആരെയും വിശ്വസിക്കാൻ കൊള്ളില്ലെന്ന സന്ദേശമാണ് ഗ്രീഷ്മയുടെ ഭാഗത്ത് നിന്നുണ്ടായത്. അന്വേഷണസംഘത്തെ കോടതി അഭിനന്ദിച്ചു. ചെകുത്താന്റെ മനസാണ് ഗ്രീഷ്മയ്ക്കെന്നും പ്രായത്തിന്റെ ആനുകൂല്യം ഒന്നും അർഹിക്കുന്നില്ല. മാനസാന്തരത്തിനും സാധ്യതയില്ലെന്നും പ്രോസിക്യൂഷൻ കോടതിയോട് അഭ്യർത്ഥിച്ചിരുന്നു.

(ശേഷം 30–ാം പേജിൽ)






ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പുതിയ ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനം ഇല്ലിനോയി സെനറ്റർ ലോറ മർഫി നിർവഹിക്കുന്നു. കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട്, കെസിഎസ് പ്രസിഡണ്ട് ജോസ് ആനമല, വികാരി ഫാ. സിജു മുടക്കോടിൽ, മറ്റ് ഭാരവാഹികളായ മാറ്റ് വിളങ്ങാട്ടുശ്ശേരിൽ, ഷാജി പള്ളിവീട്ടിൽ, അറ്റോർണി റ്റീന തോമസ് നെടുവാമ്പുഴ, ക്രിസ് കട്ടപ്പുറം, ആൽബിൻ പുലിക്കുന്നേൽ, മജൂ ഓട്ടപ്പള്ളിൽ എന്നിവരാണ് സമീപം. (ഫോട്ടോ: ഷോൺ ചൊള്ളമ്പേൽ)

വാർത്ത 11–ാം പേജിൽ

# Nella CONSULTING

ACCOUNTING | TAX | CONSULTING






## FOR ALL YOUR PERSONAL AND BUSINESS TAX SERVICES

**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# സ്പേഡെക്സ്: ഇരട്ട ഉപഗ്രഹങ്ങളുടെ സംയോജനം വിജയം

ബെംഗളൂരു: ഇന്ത്യൻ ബഹിരാകാശ പര്യവേക്ഷണ ചരിത്രത്തിലെ നാഴികക്കല്ലായി സ്പേഡെക്സ് ഇരട്ട ഉപഗ്രഹങ്ങളുടെ ആലിംഗനം ഐഎസ്ആർഒ വിജയകരമായി പൂർത്തിയാക്കി. പിഎസ്എൽവി സി-60 റോക്കറ്റ് ഉപയോഗിച്ച് ഡിസംബർ 30-ന് ഭൂമിയിൽ നിന്ന് 475 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിൽ എത്തിച്ച രണ്ട് ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് കൂട്ടിച്ചേർത്തതോടെയാണിത്. 220 കിലോഗ്രാം ഭാരമുള്ള ചേസർ (എസ്ഡിഎക്സ്-01) ഉപഗ്രഹത്തെ അതേ ഭാരമുള്ള ടാർഗറ്റ് ഉപഗ്രഹവുമായി (എസ്ഡിഎക്സ്-02) സംയോജിപ്പിക്കുകയായിരുന്നു.



സ്വന്തം ബഹിരാകാശ നിലയമെന്ന (ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ) ലക്ഷ്യം കൈവരിക്കാൻ ഈ സാങ്കേതികവിദ്യ സഹായിക്കും.

കഴിഞ്ഞ ഏഴിനുശേഷം നടന്ന നാലാമത്തെ ശ്രമമാണ് ജനുവരി 16-ന് രാവിലെ 6.30-നും 6.40-നും ഇടയ്ക്കു വിജയം കണ്ടത്. ഉപഗ്രഹങ്ങളുടെ വേഗം സെക്കൻഡിൽ 10 മില്ലിമീറ്ററായും ഇവതമ്മിലുള്ള അകലം 15 മീറ്ററിൽനിന്നു മൂന്ന് മീറ്ററായും കുറച്ചുകൊണ്ടായിരുന്നു ഇത്. പീനിയയിലെ ഇസ്ട്രാക് (ഐഎസ്ആർഒ ടെലിമെട്രി, ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്‌വർക്ക്) കേന്ദ്രത്തിൽനിന്നാണു ദൗത്യം നിയന്ത്രിച്ചത്.

ഇലക്ട്രോണിക് സിഗ്നലുകളും വൈദ്യുതിയും കടത്തിവിട്ട് പ്രവർത്തനക്ഷമമെന്ന് ഉറപ്പാക്കിയശേഷം ഉപഗ്രഹങ്ങളെ വേർപെടുത്തുന്ന അൺഡോക്കിങ്ങും നടത്തി. ഈ ഉപഗ്രഹങ്ങൾ രണ്ട് വർഷത്തോളം ഭ്രമണപഥത്തിൽ തുടർന്ന് ഭൗമനിരീക്ഷണം, വാർത്താവിനിമയം തുടങ്ങിയ വിവിധ ദൗത്യങ്ങൾ നിർവഹിക്കും.

ബഹിരാകാശത്തേക്ക് ഇന്ത്യൻ സഞ്ചാരികളെ അയയ്ക്കുന്ന ഗഗൻയാൻ, ചന്ദ്രോപരിതലത്തിലുള്ള സാംപിളുകൾ ശേഖരിച്ചു ഭൂമിയിലെത്തിച്ചു പഠനം നടത്താനുള്ള ചന്ദ്രയാൻ-4 എന്നീ പദ്ധതികൾക്കും സ്പേഡെക്സ് പരീക്ഷണവിജയം മുതൽക്കൂട്ടാകും. തകരാറിലായ ഉപഗ്രഹങ്ങൾ അറ്റകുറ്റപ്പണി നടത്തി വീണ്ടും പ്രവർത്തനക്ഷമമാക്കാനും സെൻസറുകൾ ഉൾപ്പെടെ മാറ്റിവെച്ച് നവീകരിക്കാനും ഈ സാങ്കേതികവിദ്യ ഉപകാരപ്പെടും. ശത്രു രാജ്യങ്ങളുടെ സൈനിക ഉപഗ്രഹങ്ങളെ വേണ്ടിവന്നാൽ പ്രവർത്തനരഹിതമാക്കാനും ഇതു ഭാവിയിൽ ഉപയോഗപ്പെട്ടേക്കാം.

കുറഞ്ഞ ചെലവിൽ (370 കോടി രൂപ) ദൗത്യം നിർവഹിച്ചതിന്റെ ഖ്യാതിക്കൊപ്പം റഷ്യ, യുഎസ്, ചൈന എന്നിവയ്ക്കു പിന്നാലെ ഈ സാങ്കേതികവിദ്യ സ്വന്തമാക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. നാസയുടെ സഹായത്തോടെ യൂറോപ്യൻ ബഹിരാകാശ ഏജൻസിയും ഈ സാങ്കേതികവിദ്യ നേരത്തെ കൈവരിച്ചിട്ടുണ്ട്.

സ്പേഡെക്സ് ദൗത്യത്തിനൊപ്പം ഭ്രമണപഥത്തിൽ എത്തിച്ച പരീക്ഷണ മൊഡ്യൂൾ പോയം 4-ലെ 24 ശാസ്ത്രീയ പഠന ഉപകരണങ്ങളും (പേലോഡ്) ദൗത്യങ്ങൾ വിജയകരമായി പൂർത്തിയാക്കി വരികയാണ്.

## ഐഎസ്ആർഒ മൂന്നാം വിക്ഷേപണത്തറയ്ക്ക് അനുമതി

ന്യൂഡൽഹി: ഐഎസ്ആർഒയുടെ മൂന്നാം വിക്ഷേപണത്തറ (ലോഞ്ച് പാഡ്) ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേയ്സ് സെന്ററിൽ സ്ഥാപിക്കാൻ കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. 3984.86 കോടി രൂപ ചെലവിൽ നിർമിക്കുന്ന ലോഞ്ച് പാഡ് നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിച്ച മന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു. ബഹിരാകാശ ദൗത്യങ്ങൾക്കുള്ള റോക്കറ്റുകൾ വിക്ഷേപിക്കുന്ന സ്ഥലമാണ് വിക്ഷേപണത്തറ. അടുത്ത തലമുറ വിക്ഷേപണ വാഹനങ്ങളുടെ ഭാരം താങ്ങാൻ ശേഷിയുള്ളതാകും മൂന്നാം വിക്ഷേപണത്തറ. ബഹിരാകാശത്ത് 2035-ഓടെ ഭാരതീയ അന്തരീക്ഷസ്റ്റേഷൻ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിന് വേഗം കൂട്ടാൻ ഇതുപകരിക്കും. 2040-ഓടെ ചന്ദ്രനിലേക്ക് മനുഷ്യനെ എത്തിക്കുകയാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വൈഷ്ണവ് പറഞ്ഞു.

അടുത്ത തലമുറ വിക്ഷേപണ വാഹനങ്ങൾക്കും മാർക്ക് 3-നും ഉപയോഗിച്ച സെമി ക്രയോജനിക് സാങ്കേതികവിദ്യകളുടെ സഹായത്തോടെയാകും മൂന്നാം ലോഞ്ച് പാഡിന്റെ രൂപകല്പന. രണ്ടാം വിക്ഷേപണത്തറയ്ക്ക് പകരമായും ഇതിനെ ഉപയോഗിക്കും. അടുത്ത 25 മുതൽ 30 വർഷം വരെ മുന്നിൽക്കണ്ടുള്ളതാകും രൂപകല്പന. ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണനും പത്രസമ്മേളനത്തിൽ പങ്കെടുത്തു. ശാസ്ത്ര, സാങ്കേതിക, ബഹിരാകാശ മേഖലകളിലെ വികസനത്തിനായി 68,405 കോടി രൂപയുടെ വിവിധ പദ്ധതികൾക്കും മന്ത്രിസഭായോഗം അംഗീകാരം നൽകി.

## ധനകാര്യ കമ്മീഷന്റെ സന്ദർശനത്തിന് ചെലവ് ഒരുകോടി

തിരുവനന്തപുരം: ധനകാര്യ കമ്മീഷന്റെ മൂന്നു ദിവസത്തെ കേരള സന്ദർശനത്തിന് ചെലവ് ഒരു കോടി രൂപ. ഡോ. അരവിന്ദ് പനഗാരിയ അദ്ധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ മൂന്നു ദിവസം സംസ്ഥാനം സന്ദർശിച്ചപ്പോൾ ഇവരുടെ താമസം, ഭക്ഷണം, മറ്റു ചെലവുകൾ എന്നിവയ്ക്കായി ഒരു കോടി രൂപ ചെലവായെന്നാണ് സംസ്ഥാന ധനവകുപ്പിന്റെ കണക്ക്. പണം ആവശ്യപ്പെട്ട് ധനകാര്യ അക്കൗണ്ട്സ് വിഭാഗം ബജറ്റ് വിംഗിന് ഫയൽ കൈമാറിയിരുന്നു. തൊട്ടടുത്ത ദിവസം ബജറ്റ് വിംഗിൽ നിന്ന് ഒരു കോടി രൂപ അധിക ഫണ്ടായി അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ ഡിസംബർ എട്ടു മുതൽ 10 വരെയാണ് കമ്മീഷൻ അദ്ധ്യക്ഷനും അംഗങ്ങളും കേരളം സന്ദർശിച്ചത്. 15-ാം ധനകാര്യ കമ്മീഷൻ അംഗമായിരുന്ന അജയ് നാരായൺ ഝാ, കേന്ദ്രത്തിലെ മുൻ ധനവിനിയോഗ സ്പെഷൽ സെക്രട്ടറി ആനി ജോർജ് മാത്യു, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്ത് മുൻ ഡയറക്ടർ മനോജ് പാണ്ഡെ, എസ്ബിഐ ഗ്രൂപ്പ് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് സൗമ്യകാന്തി ഘോഷ് എന്നിവരാണ് കമ്മീഷണിലെ അംഗങ്ങൾ. എട്ടിന് സംഘം കോട്ടയത്ത് കുമരകത്തെത്തി. 19-ന് രാവിലെ കോവളത്തെത്തി. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും ചേർന്നു നിവേദനം നല്കി. ഉച്ചയ്ക്കുശേഷം രാഷ്ട്രീയകക്ഷി പ്രതിനിധികളും വ്യാപാരി-വ്യവസായി പ്രതിനിധികളുമായി ചർച്ച നടത്തി.

# ബ്രൂവറി, ഡിസ്റ്റിലറി പ്ലാന്റിന് അതിവേഗത്തിൽ അനുമതി നൽകി

തിരുവനന്തപുരം: മന്ത്രിസഭ അംഗീകരിച്ച വിവാദ ബ്രൂവറി, ഡിസ്റ്റിലറി പ്ലാന്റിന് മണിക്കൂറുകൾക്കുള്ളിൽ അനുമതി നൽകി സർക്കാർ ഉത്തരവിറക്കി. പാലക്കാട് കഞ്ചിക്കോട് കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങാൻ പ്രാരംഭ അനുമതി നൽകിയ ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് 330 ദിവസവും പ്രവർത്തിപ്പിക്കാൻ കഴിയുംവിധത്തിലുള്ള പ്രാരംഭ അനുമതി നൽകി നികുതി, എക്സൈസ് വകുപ്പുകളാണ് ഉത്തരവിറക്കിയത്.

അരി, ചോളം, പച്ചക്കറി വേസ്റ്റ്, മരച്ചീനി, ഗോതമ്പ്, മധുരക്കിഴങ്ങ് എന്നീ കാർഷിക വിളകൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുള്ള മൾട്ടി ഫീഡ് പ്ലാന്റ് ആയി ഉത്പാദനം തുടങ്ങാനാണ് അനുമതി. സ്ഥാപനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷികവിളകൾ ഉൾപ്പെടുത്തിയതിനാൽ ഇതു കാർഷിക മേഖലയ്ക്കു സഹായകരമാകുമെന്നാണ് ഉത്തരവിൽ പറയുന്നത്. കഞ്ചിക്കോട് വ്യവസായ പാർക്കിനോടു ചേർന്ന് 24 ഏക്കർ ഭൂമി ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഉണ്ടെന്നും നിർദിഷ്ട എഥനോൾ, എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ഇഎൻഎ) ഡിസ്റ്റിലേഷൻ യൂണിറ്റ്, സീറോ ഡിസ്ചാർജ് സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ളതാണെന്നും ഉത്തരവിൽ പറയുന്നു. പരിസ്ഥിതി മന്ത്രാലയം അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കും. മദ്യനിർമാണത്തിന് ആവശ്യമായ ജലം കേരള ജല അതോറിറ്റി നൽകും.

അഞ്ചു ലക്ഷം ലിറ്റർ മദ്യത്തിന്റെ ഉല്പാദനശേഷിയുള്ള എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമിത വിദേശമദ്യ ബോട്ടിലിംഗ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി, വൈൻ പ്ലാന്റ് എന്നിവ ഉൾപ്പെട്ട സംയോജിത യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കാണ് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം അനുമതി അപേക്ഷ സമർപ്പിച്ചത്. ഓയിൽ കമ്പനികൾ വിളിച്ച ടെൻഡറിൽ എഥനോൾ ഉത്പാദനത്തിന് പരിചയസമ്പന്നരായ സംരംഭകരുടെ പട്ടികയിൽ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളത് ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് മാത്രമാണ്. ഹരിയാന, പഞ്ചാബ്, മധ്യപ്രദേശ്, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ 20 വർഷമായി നടത്തി വിജയിച്ച പരിചയസമ്പന്നതയും ചൂണ്ടിക്കാട്ടുന്നു. ഈ സ്ഥാപനം പാലക്കാട് സ്ഥാപിച്ചാൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാകുമെന്നും ഉത്തരവിൽ പറയുന്നു. എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കാൻ പ്രോത്സാഹനം നൽകുമെന്നും ഇതിനു തയാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുമെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മദ്യനയത്തിൽ തീരുമാനിച്ചിരുന്നു. മദ്യം ഉത്പാദിപ്പിക്കാനുള്ള അസംസ്കൃത വസ്തുവായി അരി ഉപയോഗിക്കുമ്പോൾ ബ്രോക്കൺ റൈസ് (ഉത്പാദനത്തിനിടെ പൊടിയുന്നവ) മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന നിബന്ധനയോടെയാണ് അനുമതി നല്കിയതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി എ. ജയതിലകിന്റെ ഉത്തരവിൽ പറയുന്നു.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 04
January 24, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്‌വചനം**

ജനങ്ങൾക്കു ശക്തി കുറവില്ല. പ്രവർത്തിക്കാനുള്ള മനസിനേ കുറവുള്ളൂ.
**വിക്ടർ ഹ്യൂഗോ**

വാർധക്യത്തെ എല്ലാവരും വെറുക്കുന്നു. എന്നാൽ എല്ലാവരേയും ബാധിക്കുന്ന ഒരേയൊരു രോഗം വാർധക്യമാണ്.
**എമേഴ്സൺ**


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases
All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ബഹിരാകാശത്തെ അഭിമാന നേട്ടം

2023-ൽ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ്ലാൻഡിങ് നടത്തി ലോകത്തിന്റെ നെറുകയിലെത്തിയ ഇന്ത്യ ഒന്നരവർഷത്തിനിപ്പുറം ബഹിരാകാശരംഗത്ത് മറ്റൊരു നാഴികക്കല്ലുകൂടി പിന്നിട്ടിരിക്കുന്നു. ബഹിരാകാശത്ത് പേടകങ്ങൾ കൂട്ടിയോജിപ്പിക്കുന്ന (സ്പെയ്സ് ഡോക്കിങ്) നാലാമത്തെ രാജ്യമെന്ന നേട്ടം സ്വന്തമാക്കിയത് ആഗോള ബഹിരാകാശഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം കൂടുതൽ ദൃഢമാക്കുന്നു. യു.എസ്, റഷ്യ, ചൈന എന്നീ രാജ്യങ്ങൾക്കൊപ്പം ഈ നേട്ടം പങ്കിടുകയാണ് ഇന്ത്യ. 1996-ലാണ് യു.എസ് ഈ നേട്ടം കൈവരിച്ചത്. റഷ്യ 1967-ലും ചൈന 2011-ലും ഈ നേട്ടം കൈവരിച്ചു. അത്യാധുനിക ബഹിരാകാശ സാങ്കേതികവിദ്യകളിൽ ഇന്ത്യയുടെ കഴിവ് പ്രകടമാക്കുന്നതാണ് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ഐഎസ്ആർഒ) ഈ ദൗത്യം. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ബഹിരാകാശപര്യവേക്ഷണ മേഖലയിൽ ഭാവിയിലെ വെല്ലുവിളികളെ നേരിടാനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഐഎസ്ആർഒയുടെ പ്രതിബദ്ധത ഉറപ്പിക്കുകയും ചെയ്യുന്നു.

ബഹിരാകാശ ശാസ്ത്രജ്ഞരുടെ മികവിൽ ഇന്ത്യയുടെ അഭിമാനം വീണ്ടും മാനംതൊട്ടു. ബഹിരാകാശത്തുവെച്ച് രണ്ടു പേടകങ്ങളെ കൂട്ടിയോജിപ്പിക്കുന്ന പരീക്ഷണമാണ് ഇന്ത്യ ബഹിരാകാശ ഗവേഷണ സംഘടന (ഐഎസ്ആർഒ) യുടെ ശാസ്ത്രജ്ഞർ ജനുവരി 16-ന് വിജയകരമായി പൂർത്തിയാക്കിയത്. ചന്ദ്രയാൻ-4, ഇന്ത്യൻ ബഹിരാകാശ നിലയം സ്ഥാപിക്കുക, സ്വന്തമായി ഒരു മനുഷ്യനെ ചന്ദ്രനിലെത്തിക്കുക എന്നിങ്ങനെ ഇന്ത്യയുടെ ബഹിരാകാശ ഗവേഷണത്തിന്റെ ഭാവിസ്വപ്നങ്ങളിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ് ഈ നേട്ടം.

എസ്ഡിഎക്സ് 01 അഥവാ ചേസർ, എസ്ഡിഎക്സ് 02 അഥവാ ടാർജറ്റ് എന്നീ രണ്ടു പേടകങ്ങളാണ് സ്പേഡെക്സിൽ (സ്പേസ് ഡോക്കിംഗ് എക്സ്പെരിമെന്റ്) ഉണ്ടായിരുന്നത്. 220 കിലോഗ്രാം വീതം തൂക്കമുള്ള പേടകങ്ങൾ വിക്ഷേപണത്തിനുശേഷം ശ്രദ്ധാപൂർവം തെരഞ്ഞെടുത്ത വേഗത്തിലായിരുന്നു ബഹിരാകാശത്തു സഞ്ചരിച്ചിരുന്നത്. സംയോജനം ഈ മാസം ഏഴിനു നടത്താനായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. പിന്നീട് സാങ്കേതിക കാരണങ്ങളാൽ ഒന്നിലേറെത്തവണ മാറ്റിവെക്കുകയായിരുന്നു. ശ്രീഹരിക്കോട്ടയിൽനിന്ന് ഡിസംബർ 30-നാണ് സ്പേഡെക്സ് പദ്ധതിയുടെ കുതിപ്പു തുടങ്ങിയത്. ഒരേ റോക്കറ്റിൽ വിക്ഷേപിച്ച പേടകങ്ങൾ ബഹിരാകാശത്തുവെച്ചു വേർപിരിയുകയായിരുന്നു. തുടർന്ന് പേടകങ്ങൾ തമ്മിലുള്ള അകലം ആദ്യം 15 മീറ്ററായും പിന്നീട് മൂന്നു മീറ്ററായും കുറച്ചു. പിന്നീടാണ് കണക്ടറുകൾ ഉപയോഗിച്ച് പേടകങ്ങളെ കൂട്ടിയോജിപ്പിച്ചത്.

ഐഎസ്ആർഒയുടെ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥിനുള്ള യാത്രയയപ്പു സമ്മാനമായും ഈ ചരിത്രനേട്ടത്തെ വിശേഷിപ്പിക്കാം. പദ്ധതിയുടെ മുന്നൊരുക്കങ്ങളിലും വിക്ഷേപണസമയത്തും അദ്ദേഹമായിരുന്നു ബഹിരാകാശസംഘടനയുടെ തലപ്പത്ത്. ബഹിരാകാശരംഗത്തെ പ്രവർത്തനങ്ങളെ ജനകീയവത്കരിച്ച ശാസ്ത്രജ്ഞൻ കൂടിയായിരുന്നു സോമനാഥ്. അദ്ദേഹത്തിന്റെ പിൻഗാമിയായെത്തിയ വി. നാരായണനും അഭിമാനിക്കാൻ വകയായി.

ഈ സാങ്കേതികമുന്നേറ്റം ബഹിരാകാശമേഖലയിലെ ഇന്ത്യയുടെ പുരോഗതിയെ മാത്രമല്ല എടുത്തുകാണിക്കുന്നത്. കൂടുതൽ സങ്കീർണമായ ദൗത്യങ്ങൾക്കായി പുതിയ അവസരങ്ങൾ തുറക്കുകയും ആഗോള ബഹിരാകാശ മേഖലയിലെ ഒരു പ്രധാന ശക്തിയെന്നനിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ബഹിരാകാശരംഗത്ത് അതിവേഗം കുതിപ്പുനടത്തുന്ന ഐഎസ്ആർഒയ്ക്ക് അഭിമാനിക്കാം.

പദ്ധതികളുടെ ചെലവു ചുരുക്കുന്നതിന്റെ ഭാഗമായി സ്പേഡെക്സിനെ ബഹിരാകാശത്തെത്തിച്ച റോക്കറ്റ് മറ്റു പ്രധാന പരീക്ഷണങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. സാധാരണ ഇത്തരം റോക്കറ്റുകൾ ബഹിരാകാശത്തെ ചവറായി മാറുകയാണു പതിവ്. 24 പേലോഡുകൾ വിക്ഷേപിച്ചതിൽ രണ്ടു പരീക്ഷണങ്ങൾ നടത്തിക്കഴിഞ്ഞു. ബഹിരാകാശത്ത് വിത്തുകൾ മുളപ്പിക്കുന്നതായിരുന്നു ഒന്ന്. റോബോട്ടിക് ഹസ്തവുമായി ബന്ധപ്പെട്ടതായിരുന്നു രണ്ടാമത്തെ പരീക്ഷണം. രണ്ടും ഭാവിയിലേക്കുള്ള വലിയ നേട്ടമാണെന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്.

തദ്ദേശീയമായ ഉപഗ്രഹങ്ങളുടെ നിർമാണം, വിക്ഷേപണ പരിഹാരങ്ങൾ, പരിക്രമണ മാനേജ്മെന്റ് പരിഹാരങ്ങൽ മുതലായവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ബഹിരാകാശ മേഖലയിലെ നിർമാണവിഭാഗം ഭാവിയിൽ ഇന്ത്യയെ ആഗോള ബഹിരാകാശ സമ്പദ്വ്യവസ്ഥയിൽ ഏറെ മുന്നിലെത്തിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തളരാത്ത നിശ്ചയദാർഢ്യവും കഠിനാധ്വാനത്തിന്റെ ഉത്തമമാതൃകയുമായി ബഹിരാകാശ ശാസ്ത്രരംഗം കുതിക്കുമ്പോൾ വലിയ ലക്ഷ്യങ്ങളിലേക്ക് നമ്മുടെ രാജ്യം ചിറകുവിരിക്കുമെന്നു പ്രത്യാശിക്കാം. സമർപ്പിതരായ ശാസ്ത്രജ്ഞരെ അഭിനന്ദിക്കാം.

# സർക്കാരിന്റെ നേട്ടങ്ങൾ നിരത്തി നയപ്രഖ്യാപനം

തിരുവനന്തപുരം: വയനാട് പുനരധിവാസം, യുജിസി ചട്ട ഭേദഗതി തുടങ്ങി മുഖ്യമന്ത്രി കേന്ദ്രത്തെ രൂക്ഷമായി വിമർശിക്കുന്ന വിഷയങ്ങളിൽ തൊടാതെയും ജനങ്ങളുടെ എതിർപ്പ് വിളിച്ചുവരുത്തിയ സിൽവർലൈൻ പദ്ധതിയെക്കുറിച്ച് പരാമർശിക്കാതെയും പുതിയ ഗവർണർ രാജേന്ദ്ര അർലേക്കറുടെ ആദ്യ നയപ്രഖ്യാപന പ്രസംഗം. കേന്ദ്രത്തെ പേരിനു മാത്രം വിമർശിക്കുന്ന ഒരു ഖണ്ഡിക മാത്രം സർക്കാർ ഉപയോഗപ്പെടുത്തിയതിനാൽ തന്റെ ഒരു മണിക്കൂർ 56 മിനിറ്റ് പ്രസംഗത്തിൽ ഗവർണർക്ക് ഒരു വാക്കുപോലും വായിക്കാതെ വിടേണ്ടി വന്നില്ല.

വൈവിധ്യത്തെ ബഹുമാനത്തോടെ ഉൾക്കൊണ്ട ഒരു രാജ്യത്ത് വ്യത്യസ്തതകളെ ഏകീകരിക്കാനുള്ള ശ്രമങ്ങൾ ഭരണഘടനാ മൂല്യങ്ങൾക്കും ദേശീയ പ്രസ്ഥാനത്തിന്റെ ശ്രേഷ്ഠമായ ആദർശങ്ങൾക്കും എതിരാണെന്ന് 'ഉപസംഹാര'ത്തിൽ സൂചിപ്പിച്ചതല്ലാതെ, രാഷ്ട്രീയമായി കേന്ദ്രത്തെ നോവിച്ചില്ല. സർക്കാരിന്റെ നേട്ടങ്ങളുടെ പട്ടിക അക്കമിട്ടു നിരത്തിയപ്പോൾ വമ്പൻ പ്രഖ്യാപനങ്ങൾ ഒഴിവാക്കി.

വരുമാനം കൂട്ടാനും ചെലവ് കുറയ്ക്കാനും സർക്കാർ ശ്രമിക്കുമ്പോൾ കേന്ദ്രത്തിൽ നിന്നുള്ള വിഹിതത്തിലെ കുറവാണ് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചതെന്നു ഗവർണർ വായിച്ചു. കേന്ദ്ര വിഭജന പൂളിൽ നിന്നുള്ള കേരളത്തിന്റെ വിഹിതം പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.875 ശതമാനമായിരുന്നത് പതിനഞ്ചാം കമ്മീഷന്റെ കാലത്ത് 1.925 ശതമാനമായി കുറഞ്ഞു. ജിഎസ്ടി നഷ്ടപരിഹാരവും റവന്യൂ കമ്മി ഗ്രാന്റുകളും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ നിയന്ത്രണ വ്യവസ്ഥകളുമായി കൂട്ടിയോജിപ്പിച്ച് നിർത്തലാക്കിയതും പുതിയ വായ്പാനിയന്ത്രണവും സർക്കാരിനു സാരമായി സാമ്പത്തിക വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ട്.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ പൂർണശേഷി പ്രയോജനപ്പെടുത്തുന്നതിന് 5000 കോടി രൂപയുടെ പ്രത്യേക സാമ്പത്തികസഹായം കേന്ദ്രത്തോട് തേടിയിട്ടുണ്ട്. സാമ്പത്തിക ബാദ്ധ്യത അടിച്ചേല്പിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് തിരിച്ചടവ് നിബന്ധന പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് റെയിൽ വികസന പദ്ധതികൾക്ക് അനുമതി നല്കണമെന്നു കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുവെന്നും പ്രസംഗത്തിലുണ്ട്.



നയപ്രഖ്യാപന പ്രസംഗം നടത്താൻ നിയമസഭയിലെത്തിയ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിക്കുന്നു. സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രി എം.ബി. രാജേഷ് എന്നിവർ സമീപം.

# കാശ്മീരിന്റെ സംസ്ഥാനപദവി; വാഗ്ദാനം പാലിക്കുമെന്ന് മോദി

ന്യൂഡൽഹി: പുതിയ റെയിൽ, റോഡ് സംവിധാനങ്ങൾ ജമ്മു കാശ്മീരും ഡൽഹിയും തമ്മിലുണ്ടായിരുന്ന അകലം കുറച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. കാശ്മീർ ഗണ്ടേർബാൽ ജില്ലയിലെ സോനമാർഗിൽ നിർമിച്ച 6.5 കിലോമീറ്റർ സെഡ്-മോർ തുരങ്കപാത ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതേസമയം, ജമ്മു കാശ്മീരിനു സംസ്ഥാന പദവി നൽകുന്നതു സംബന്ധിച്ച് അദ്ദേഹം ഒന്നും പറഞ്ഞില്ല.

ജമ്മു കാശ്മീരിനു സംസ്ഥാന പദവി വൈകുന്നതായി ജമ്മു കാശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള തന്റെ പ്രസംഗത്തിൽ പ്രധാനമന്ത്രിയെ ഓർമിപ്പിച്ചിരുന്നു. ഇതിനു മറുപടിയായി, 'വാഗ്ദാനങ്ങളെല്ലാം മോദി പാലിക്കാറുണ്ട്. ഓരോന്നിനും അതിന്റെ സമയമുണ്ട്. ആ സമയത്ത്, അക്കാര്യങ്ങൾ നടക്കും. മേഖലയിൽ വരുന്ന തുരങ്കപാതകൾ കാശ്മീരിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവു നൽകും' - അദ്ദേഹം പറഞ്ഞു.

ഉദ്ഘാടനത്തിനു ശേഷം പ്രധാനമന്ത്രി തുരങ്കപാതയിലൂടെ യാത്ര ചെയ്തു. ഉദ്യോഗസ്ഥരുമായും നിർമാണത്തൊഴിലാളികളുമായും അദ്ദേഹം സംസാരിച്ചു.

കഴിഞ്ഞ ഒക്ടോബർ 20-ന് ഇവിടെ ജോലി ചെയ്യുന്നതിനിടയിൽ ഭീകരാക്രമണത്തിൽ മരിച്ച ഏഴ് പേർക്ക് ആദരാഞ്ജലി അർപ്പിച്ചു. സോനമാർഗിനെയും ശ്രീനഗറിനെയും ബന്ധിപ്പിക്കുന്നതും ഏതു കാലാവസ്ഥയിലും യാത്ര സാധ്യമാക്കുന്നതുമാണു 2,700 കോടി രൂപ ചെലവിട്ടു നിർമിച്ച സെഡ്-മോർ തുരങ്കം. സെൻട്രൽ കാശ്മീരിൽ നിന്നു ലഡാക്കിലേക്കുള്ള റോഡ് യാത്ര സുഗമമാക്കും.

6800 കോടി രൂപ ചെലവിൽ നിർമിക്കുന്ന സോജില തുരങ്കം 2028-ൽ പൂർത്തിയാകുന്നതോടെ ശ്രീനഗർ-ലേ റോഡിലും ഏതു കാലാവസ്ഥയിലും യാത്ര സുഗമമാകും.



കാശ്മീരിലെ സെഡ്-മോർ തുരങ്കപാത ഉദ്ഘാടനം ചെയ്തശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി തുരങ്കത്തിനുള്ളിലൂടെ നടക്കുന്നു.

# പിയാനോ ഹോളിഡേ പാർട്ടിയും പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങും വർണാഭമായി

**വിൻസെന്റ് ഇമ്മാനുവൽ**




പെൻസിൽവാനിയ: ഇന്ത്യൻ അമേരിക്കൻ നേഴ്സസ് ഓർഗനൈസേഷൻ എന്ന പിയാനോയുടെ ഹോളിഡേ പാർട്ടിയും പുതിയ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങും നോർത്ത് ഈസ്റ്റ് ഫിലാഡൽഫിയയിലെ മയൂരാ റെസ്റ്റോറന്റിൽ നടന്നു. വിവിധ പരിപാടികൾ സംഘടിപ്പിച്ച് ആഘോഷപൂർവം നടന്ന പാർട്ടിയിൽ ക്ഷണിക്കപ്പെട്ട അതിഥികൾക്കായി വിഭവസമൃദ്ധമായ അത്താഴവിരുന്നും ഒരുക്കിയിരുന്നു. വൈസ് പ്രസിഡണ്ട് സൂസൻ സാബു ആമുഖപ്രസംഗം നടത്തി. സെക്രട്ടറി അനോഖ റോയി ഓരോരുത്തരെയും ചടങ്ങിലേക്ക് സ്വാഗതം ചെയ്തു. പുതിയ ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് സൂസൻ സാബു മുൻ പ്രസിഡണ്ട് സാറാ ഐപ്പിനെ ക്ഷണിച്ചു. മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ലൈലാ മാത്യു പുതിയ ഭരണസമിതി അംഗങ്ങളെ വേദിയിലേക്ക് ക്ഷണിച്ചു. സാറ ഐപ്പ് ചൊല്ലിക്കൊടുത്ത നൈറ്റിങ്ങേൽ പ്രതിജ്ഞ ഏറ്റുചൊല്ലി പുതിയ ഭാരവാഹികൾ അധികാരമേറ്റെടുത്തു.













പിയാനോ പ്രസിഡണ്ടായി സ്ഥാനമേറ്റെടുത്ത മുൻ സെക്രട്ടറി കൂടിയായ ബിന്ദു ഏബ്രഹാം അദ്ധ്യക്ഷപ്രസംഗം നടത്തി. പാർട്ടിയിൽ പങ്കെടുക്കാനെത്തിയ ഓരോരുത്തരെയും സ്വാഗതം ചെയ്യുകയും നന്ദി പറയുകയും ചെയ്ത ബിന്ദു ഏബ്രഹാം ഇതിനു മുൻപ് രണ്ട് തവണയും പിയാനോ സംഘടിപ്പിച്ച ഹോളിഡേ പാർട്ടികൾ വിജയമായിരുന്നുവെന്ന കാര്യം ചൂണ്ടിക്കാട്ടി. നേഴ്സുമാർ പിയാനോ അംഗങ്ങളായിരിക്കേണ്ടതിന്റെ ആവശ്യകതയും ഇതുവഴിയുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ബിന്ദു ഏബ്രഹാം സംസാരിച്ചു.

പുതിയ ഭരണ സമിതിയിൽ ബിന്ദു ഏബ്രഹാം പ്രസിഡണ്ട് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ പിയാനോയുടെ സ്ഥാപക പ്രസിഡണ്ടും പെൻസിൽവാനിയ നേഴ്സസ് ബോർഡ് മെംബറുമായ ബ്രിജിറ്റ് വിൻസെന്റാണ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടായി സ്ഥാനമേറ്റത്. പിയാനോയുടെ തുടക്കം മുതൽ ഇപ്പോൾ വരെ എല്ലാ കാര്യങ്ങളിലും സഹകരിച്ചു കൂടെ നിൽക്കുന്ന മാർഗ്ഗദർശി കൂടിയാണ് ബ്രിജിറ്റ് വിൻസെന്റ്. അമേരിക്കയിൽ ബിസിനസ് നടത്തുകയും ഏഷ്യാനെറ്റ് ന്യൂസിന്റെ അമേരിക്കൻ പ്രതിനിധിയുമായ വിൻസെന്റ് ഇമ്മാനുവലും എല്ലാ സഹകരണവുമായി സംഘടനയ്ക്കൊപ്പമുണ്ട്.

നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് നോർത്ത് അമേരിക്ക(നൈന)യുടെ എപിആർഎൻ ചെയർ ആയ ഡോ. ബിനു ഷാജിമോൻ നൈനയെയും വരാനിരിക്കുന്ന സമ്മേളനത്തെയും കുറിച്ചു സംസാരിച്ചു. കഴിഞ്ഞ രണ്ടു വർഷമായി പിയാനോയുടെ ഒരു വിംഗായി പ്രവർത്തിക്കുന്ന ഡോ. ബിനു ഷാജിമോൻ അഡ്വാൻസ്ഡ് പ്രാക്ടിക്കൽ രജിസ്റ്റേർഡ് നേഴ്സുമാരെ വളരെ നല്ല രീതിയിൽ കോ-ഓർഡിനേറ്റ് ചെയ്യുന്നു. പിയാനോ മുൻ പ്രസിഡണ്ടും നിലവിൽ അഡ്വൈസറി ബോർഡ് ചെയറും നൈനയുടെ ഇവന്റ് ഫണ്ട് റെയ്സിങ് കോ-ഓർഡിനേറ്ററുമായ സാറ ഐപ് നൈന കോൺഫറൻസിന് ആവശ്യമായ ഫണ്ടിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. പിയാനോയുടെ നേതൃത്വമേറ്റെടുത്ത ശേഷം കഴിഞ്ഞ രണ്ടു വർഷമായി മികച്ച രീതിയിൽ സംഘടനയെ നയിക്കുകയും പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്ത വ്യക്തി കൂടിയാണ് സാറ ഐപ്.

വൈസ് പ്രസിഡണ്ട് സൂസൻ സാബു, സെക്രട്ടറി അനോഖ റോയി, ജോ. സെക്രട്ടറി സിമി തോമസ്, ട്രഷറർ ലൈലാ മാത്യു, ജോ. ട്രഷറർ ജിഷാ തോമസ്, ഓഡിറ്റർ മറിയാമ്മ തോമസ്, എപിആർഎൻ ചെയർ ലീന തോമസ്, എപിആർഎൻ കോ-ചെയർ ജാൻസി ജോർജ്, ടിന, ബ്രിജിറ്റ് പാറപ്പുറത്ത്, അഡ്വൈസറി ബോർഡ് ചെയർ സാറ ഐപ്, അഡ്വൈസറി ബോർഡ് മെംബേഴ്സ് സന്തോഷ് സണ്ണി, ജോർജ് നടവയൽ, എജ്യൂക്കേഷൻ ചെയർ ഷേർലി ജീവൻ, എജ്യൂക്കേഷൻ കോ-ചെയർ ടിന്റു ജോർജ്, ജെയ്സി ഐസക്, റിസർച്ച് ആൻഡ് പ്രഫഷണൽ ഡവലപ്മെന്റ് ചെയർ സെൽവ സുനിൽ, അവാർഡ്സ് ആൻഡ് സ്കോളർഷിപ് ചെയർ ജ്യോതി സിജു, റിസർച്ച് ആൻഡ് പ്രഫഷണൽ ഡവലപ്മെന്റ് കോ-ചെയർ ജെസ്സിക്ക മാത്യു, ആനി ജോബി, ബൈലോ ചെയർ ഡെയ്സി മാനുവൽ, പബ്ലിക് റിലേഷൻ ചെയർ ജോർജ് നടവയൽ, കൾച്ചറൽ പ്രോഗ്രാം ചെയർ നിമ്മി ദാസ്, കൾച്ചറൽ പ്രോഗ്രാം കോ-ചെയർ ആഷാ തോമസ്, ഫണ്ട് റെയ്സിങ് ആൻഡ് ചാരിറ്റി ചെയർ സ്വീറ്റി സൈമൺ, വെബ്സൈറ്റ് ആൻഡ് കമ്യൂണിക്കേഷൻ ചെയർ ബിന്ദു ജോർജ്, മെംബർഷിപ് ചെയർ മെർലി പാലത്തിങ്കൽ, കോ-ചെയർ മോളി രാജൻ എന്നിവരാണ് പിയാനോയുടെ മറ്റു ഭാരവാഹികൾ.




സത്യപ്രതിജ്ഞാ ചടങ്ങിനും പ്രധാന അതിഥികളുടെ പ്രസംഗത്തിനും ശേഷം ജോയിന്റ് സെക്രട്ടറി സിമി തോമസ്, ബിനു ഷാജിമോൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഗെയിമുകളും സംഘടിപ്പിച്ചു. തുടർന്ന് വിഭവസമൃദ്ധമായ അത്താഴവിരുന്നോടെ പാർട്ടി സമാപിച്ചു.

# ഒരുമിച്ച് മൂന്ന് യുദ്ധക്കപ്പലുകൾ; പുതുചരിത്രം രചിച്ച് ഇന്ത്യ

മുംബൈ: ലോകത്തെ പ്രധാന നാവിക ശക്തിയായി ഇന്ത്യ മാറിക്കൊണ്ടിരിക്കുകയാണെന്നും വിശ്വാസ്യതയും ഉത്തരവാദിത്തവുമുള്ള പങ്കാളിയായി ലോകം ഇന്ത്യയെ അംഗീകരിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

ഐഎൻഎസ് നീലഗിരി, ഐഎൻഎസ് സൂറത്ത്, മുങ്ങിക്കപ്പൽ ഐഎൻഎസ് വാഗ്ഷീർ എന്നീ യുദ്ധക്കപ്പലുകൾ ഇന്ത്യക്കു സമർപ്പിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ നിർമിച്ച മൂന്ന് യുദ്ധക്കപ്പലുകൾ ആദ്യമായാണ് ഒരുമിച്ചു കമ്മീഷൻ ചെയ്യുന്നത്. മൂന്നും നിർമിച്ചത് മുംബൈയിലെ മസ്ഗാവ് ഡോക്കിലാണ്.



മുംബൈയിൽ യുദ്ധക്കപ്പലുകളുടെ കമ്മീഷനിങ്ങിന് എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി.

10 വർഷത്തിനിടെ 33 കപ്പലുകളും ഏഴ് മുങ്ങിക്കപ്പലുകളും നാവികസേനയുടെ ഭാഗമായെന്നു പ്രധാനമന്ത്രി പറഞ്ഞു. പ്രതിരോധ രംഗത്തെ ഉൽപാദനം 1.25 ലക്ഷം കോടി രൂപ കവിഞ്ഞു.

നൂറിലധികം രാജ്യങ്ങളിലേക്കു പ്രതിരോധ ഉപകരണങ്ങൾ കയറ്റുമതി ചെയ്യുന്നു. മൂന്നാമത്തെ വലിയ ആഗോള സമ്പദ്‌വ്യവസ്ഥയിലേക്കുള്ള അതിവേഗ പാതയിലാണു ഇന്ത്യ. ആത്മനിർഭർ ഭാരത് പദ്ധതി ഇന്ത്യയെ ശക്തവും സ്വാശ്രയവുമാക്കി.

1.5 ലക്ഷം കോടി രൂപ ചെലവിൽ 60 കപ്പലുകൾ നിർമാണത്തിലാണ്. ഇതിലൂടെ വൻതോതിൽ തൊഴിലവസരമുണ്ടാകും. സമുദ്രമേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 10 വർഷത്തിനിടെ മൂന്ന് ലക്ഷത്തിലേക്ക് ഉയർന്നു. ഏറ്റവും കൂടുതൽ നാവികരുള്ള രാജ്യങ്ങളിൽ ഇന്ത്യ അഞ്ചാം സ്ഥാനത്താണെന്നും മോദി പറഞ്ഞു.

പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠി, മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണൻ, മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, ഉപമുഖ്യമന്ത്രിമാരായ ഏക്നാഥ് ഷിൻഡെ, അജിത് പവാർ, മുതിർന്ന സൈനിക ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മുല്ലപ്പെരിയാറിന്റെ മേൽനോട്ടത്തിന് പുതിയ സമിതി

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ ദേശീയ ഡാം സുരക്ഷ അതോറിറ്റി ചെയർമാൻ അധ്യക്ഷനായ പുതിയ മേൽനോട്ട സമിതിക്കു കൈമാറി. ഡാമിന്റെ സുരക്ഷ സംബന്ധിച്ച വിഷയം കമ്മിറ്റി പുനഃപരിശോധിക്കും. ഇതു സംബന്ധിച്ച ഉത്തരവ് കേന്ദ്ര ജൽശക്തി മന്ത്രാലയം പുറത്തിറക്കി. കഴിഞ്ഞവർഷം നവംബർ 21-ലെ കേന്ദ്ര ജല കമ്മീഷന്റെ ഉത്തരവാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഡാം സുരക്ഷയുമായി ബന്ധപ്പെട്ട പഴയ മേൽനോട്ടസമിതി പിരിച്ചുവിട്ടുകൊണ്ടാണ് പുതിയ സർക്കുലർ.

അധ്യക്ഷൻ ഉൾപ്പെടെ ഏഴ് അംഗങ്ങൾ ഉൾപ്പെടുന്നതാണ് പുതിയ സമിതി. ഇതിൽ കേരളത്തിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള ജലവകുപ്പിലെ ഓരോ അഡീഷണൽ ചീഫ് സെക്രട്ടറിമാരും തമിഴ്നാട്ടിലെ കാവേരി സെല്ലിന്റെ ചെയർമാനും കേരളത്തിന്റെ ഇറിഗേഷൻ വകുപ്പ് ചെയർമാനും അംഗമായിരിക്കും. ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് സെന്റർ ഫോർ എക്സലൻസിലെ ഒരു അംഗത്തെയും ദേശീയ ഡാം സുരക്ഷാ അതോറിറ്റിയിലെ ഒരു മെമ്പറെയും സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച വിഷയം കഴിഞ്ഞ ജനുവരി എട്ടിന് സുപ്രീംകോടതി പരിഗണിച്ചപ്പോൾ ഡാം സുരക്ഷ അതോറിറ്റിയിലെ ഒരു മെമ്പറെയും സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച വിഷയം കഴിഞ്ഞ ജനുവരി എട്ടിന് സുപ്രീംകോടതി പരിഗണിച്ചപ്പോൾ ഡാം സുരക്ഷ അതോറിറ്റി നിയമപ്രകാരമുള്ള ദേശീയസമിതി രൂപികരിച്ചിട്ടില്ലെന്നു നിരീക്ഷിച്ച കോടതി ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിനോട് പ്രതികരണം തേടിയിരുന്നു. സുപ്രീംകോടതി വിധിയെത്തുടർന്ന് രൂപം നൽകിയ മേൽനോട്ട സമിതി 2021-ൽ പുനഃസംഘടിപ്പിക്കപ്പെട്ടതായി തമിഴ്നാട് സർക്കാർ അന്നു കോടതിയെ അറിയിച്ചു. ഡാം സുരക്ഷ അതോറിറ്റി ചെയർമാൻ അധ്യക്ഷനായി സമിതി രൂപീകരിച്ചതായി കഴിഞ്ഞ നവംബറിൽ കേന്ദ്ര ജൽശക്തി മന്ത്രാലയം പുറപ്പെടുവിച്ച സർക്കുലറിനെക്കുറിച്ചും തമിഴ്നാട് കോടതിയിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച വിജ്ഞാപനമൊന്നും കേന്ദ്രസർക്കാർ പുറത്തു വിട്ടിരുന്നില്ല. സുപ്രീംകോടതി നിരീക്ഷണത്തിനു പിന്നാലെയാണ് ദേശീയ ഡാം സുരക്ഷാ അതോറിറ്റി ചെയർമാൻ അധ്യക്ഷനായ പുതിയ മേൽനോട്ടസമിതി രൂപീകരിച്ചതായുള്ള കേന്ദ്രസർക്കാരിന്റെ ഉത്തരവ് പുറത്തുവന്നിരിക്കുന്നത്.

# വന നിയമഭേദഗതി ബിൽ കേരള സർക്കാർ ഉപേക്ഷിച്ചു

തിരുവനന്തപുരം: വിവാദങ്ങൾക്കൊടുവിൽ വനം ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്ന വനം സംരക്ഷണ നിയമഭേദഗതി ഉപേക്ഷിച്ചു സർക്കാർ. ജനുവരി 15-ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണ് വനം നിയമഭേദഗതി പിൻവലിക്കുന്ന കാര്യം അറിയിച്ചത്. മലയോര മേഖലയിലെ ജനങ്ങളെ ആശങ്കയിലാക്കുന്ന ഒരു നിയമഭേദഗതിയുമായും സർക്കാർ മുന്നോട്ടുപോകില്ലെന്നു പിന്നീടു നടത്തിയ പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കുകയും ചെയ്തു.

വന നിയമഭേദഗതിയുമായി മുന്നോട്ടു പോകുകയും ഇത്തവണത്തെ നിയമസഭാ സമ്മേളനത്തിൽ ലിസ്റ്റ് ചെയ്യുകയും ചെയ്തശേഷം വൻ എതിർപ്പുകൾക്ക് ഒടുവിലാണ് സർക്കാരിന്റെ പിന്മാറ്റം. മലയോര മേഖലയിലെ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന വനം നിയമ ഭേദഗതി അടക്കമുള്ളവയ്ക്കെതിരെ പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ നേതൃത്വത്തിൽ മലയോര ജാഥ പ്രഖ്യാപിച്ചതിനും നിയമഭേദഗതിയുടെ പേരിൽ പി.വി. അൻവർ നിയമസഭാംഗത്വം രാജിവെച്ചു സർക്കാരിനെ പ്രതിരോധത്തിലാക്കിയതിനും പിന്നാലെയാണ് പുതിയ തീരുമാനം. തദ്ദേശ, നിയമസഭാ തെരഞ്ഞെടുപ്പുകൾ വരുന്നതും വന ഭേദഗതി ബിൽ ഉപേക്ഷിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചു.

# പള്ളിത്തർക്കം: ഓർത്തഡോക്സ് സഭയുടെ ആവശ്യം സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: കേരളത്തിലെ ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങളുടെ പള്ളികളുടെയും വിശ്വാസികളുടെയും കണക്കെടുപ്പ് തടയണമെന്ന ഓർത്തഡോക്സ് വിഭാഗത്തിന്റെ ആവശ്യം നിരാകരിച്ച് സുപ്രീംകോടതി. ഇരുവിഭാഗങ്ങളുടെയും പൂർണനിയന്ത്രണത്തിലുള്ള പള്ളികളുടെ പട്ടിക, തർക്കത്തിലിരിക്കുന്ന പള്ളികളുടെ വിവരങ്ങൾ, വിശ്വാസികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ പഞ്ചായത്ത് അല്ലെങ്കിൽ വില്ലേജ് അടിസ്ഥാനത്തിൽ സമർപ്പിക്കാൻ സുപ്രീംകോടതി നേരത്തെ നിർദേശിച്ചിരുന്നു. എന്നാൽ ഈ ഉത്തരവ് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടാണ് ഓർത്തഡോക്സ് വിഭാഗം സുപ്രീംകോടതിയെ സമീപിച്ചത്.

ഇത്തരത്തിൽ വിവരങ്ങൾ പങ്കുവെക്കുന്നത് അരാജകത്വത്തിനു കാരണമാകുമെന്ന് ഓർത്തഡോക്സ് വിഭാഗം സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടി. ഈ വാദം അംഗീകരിക്കാതിരുന്ന കോടതി ഇരുവിഭാഗങ്ങളുടെയും ജനസംഖ്യ, സ്വത്ത്, പള്ളികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്ന് സംസ്ഥാന സർക്കാരിനോട് നിർദേശിച്ചു. മതപരമായ കാര്യങ്ങളിൽ കോടതികൾ വളരെ കരുതലോടെയാണു നീങ്ങേണ്ടതെന്നും വിശദാംശങ്ങൾ ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങൾക്ക് പരസ്പരം കൈമാറരുതെന്നും ജസ്റ്റിസുമാരായ സൂര്യകാന്ത്, എൻ.കെ. സിംഗ് എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. 'നമ്പർ ഗെയിം' കൂടുതൽ ആശയക്കുഴപ്പം സൃഷ്ടിക്കുമെന്ന് ഓർത്തഡോക്സ് വിഭാഗം കോടതിയിൽ പറഞ്ഞു. എന്നാൽ മുൻവിധികൾ പുനഃപരിശോധിക്കാനല്ല, മറിച്ച് ഇരു വിഭാഗങ്ങളും തമ്മിലുള്ള പ്രശ്നം പരിഹരിക്കാനുള്ള സാധ്യത തേടിയാണ് കണക്കെടുപ്പിനു നിർദേശം നൽകിയതെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ക്രമസമാധാന വിഷയം ഉണ്ടാകുമെന്ന് ഓർത്തഡോക്സ് വിഭാഗം ഉന്നയിച്ചപ്പോൾ അതു പറയേണ്ടത് കേരള സർക്കാരാണെന്നു കോടതി ചൂണ്ടിക്കാട്ടി. അതേസമയം കണക്കെടുപ്പ് 90 ശതമാനത്തോളം പൂർത്തിയായെന്ന് സംസ്ഥാന സർക്കാർ കോടതിയിൽ വ്യക്തമാക്കി. കേസ് ഈ മാസം 29-ന് വീണ്ടും പരിഗണിക്കും.






# INDIAN NURSES ASSOCIATION OF ILLINOIS HOLIDAY CELEBRATION AND NEW TEAM INDUCTION

Chicago, IL – On behalf of the Indian Nurses Association of Illinois (INAI), I am delighted to invite all nurses to our Holiday Celebration and New Team's Induction Ceremony on Sunday, January 26th, 2025, at 6:30 PM at St. Mary's Knanaya Auditorium.



Rani Kappen

This special event will feature Dr. Beena Peters, System Chief Nurse Executive of Cook County Health System in Chicago, as the Chief Guest. Dr. Peters, a trailblazer in nursing leadership, will share an inspiring holiday message to set the tone for the evening.

As my term as INAI President comes to a close, I am grateful for the unwavering support and dedication of our members. Together, we have achieved remarkable milestones, and I encourage all nurses in Illinois to join us in celebrating these accomplishments. This event also marks a new chapter for INAI, as we welcome the incoming leadership team under Dr. Simi Joseph, an extraordinary nursing innovator and advocate.



Dr. Beena Peters

The evening will include cultural performances, networking, and the joyous spirit of the holidays, celebrating both the nursing profession and our vibrant Indian heritage.

**Event Details:**

* Date: January 26th, 2025
* Time: 6:30 PM
* Venue: St. Mary's Knanaya Auditorium
* 700 Lyons St, Morton Grove, IL



Dr. Simi Joseph

Please join us for this memorable occasion. For more information, visit INAI's website or contact us directly. Let's come together to celebrate, reflect, and look forward to a bright future for INAI.

**Rani Kappen**
**(Outgoing President, INAI)**




# എസ്ബി കോളജ് പൂർവ്വവിദ്യാർത്ഥി മഹാസമ്മേളനത്തിന് എസ്.ബി അലൂംമ്നികളുടെ ഐക്യദാർഢ്യവും മംഗളാശംസകളും

**ആന്റണി ഫ്രാൻസിസ്**

ചിക്കാഗോ: ചങ്ങനാശേരി എസ്ബി കോളജ് അലൂംമ്നി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജനുവരി 26-ന് എസ്.ബി. കോളജിൽ വെച്ച് നടക്കുന്ന എസ്ബി കോളജ് പൂർവ്വവിദ്യാർത്ഥി മഹാസമ്മേളനത്തിന് അമേരിക്കൻ ഐക്യനാടുകളിലെ എല്ലാ എസ്.ബി അലൂംമ്നികളുടെ ഐക്യദാർഢ്യവും മംഗളാശംസകളും.



അലൂംമ്നി അസോസിയേഷൻ പ്രസിഡണ്ട് ഡോ. എൻ.എം. മാത്യു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും. എസ്.ബി. പൂർവ്വവിദ്യാർത്ഥി കൂടിയായി ബെംഗളൂർ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ് ചെയർമാനുമായ പ്രഫ. ജെ. ഫിലിപ്പ് മുഖ്യാതിഥിയാകും.

ഈ എസ്ബി പൂർവ്വ വിദ്യാർത്ഥി മഹാസമ്മേളനത്തിലേക്ക് കോളജ് പ്രിൻസിപ്പലായ റവ.ഫാ. റെജി പ്ലാത്തോട്ടവും എസ്ബി അലൂംമ്നി അസോസിയേഷൻ പ്രസിഡണ്ട് ഡോ. എൻ.എം. മാത്യുവും സെക്രട്ടറി ഡോ. ഷിജോ കെ. ചെറിയാനും മറ്റു ഭാരവാഹികളും അമേരിക്കൻ ഐക്യനാടുകളിലെ എല്ലാ എസ്ബി അലൂംമ്നികളെയും അതിലുപരി അവധിക്കാലം ചെലവഴിക്കുവാനോ അല്ലാതെയോ വന്നിട്ടുള്ള എല്ലാ അമേരിക്കൻ എസ്ബി അലൂംമ്നികളെയും പ്രത്യേകം ക്ഷണിച്ചിരുന്നതായി ഈ മാധ്യമ കുറിപ്പിലൂടെ ഏവരേയും അറിയിക്കുന്നു.

യു ട്യൂബ് ലിങ്ക് വഴി മഹാസമ്മേളനം ഏവർക്കും ലൈവായി കാണുവാൻ സാധിക്കും. Grand Alumni meet 2025 Berchmans TV YouTube.com

https://www.youtube.com/live/8YhWhWAPXEg?si=DjZhyOfHFwp8Oly

മികച്ച വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകളുടെ വിതരണം, അമ്പത് വർഷം പിന്നിട്ട പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കൽ, കലാസന്ധ്യ എന്നീ വൈവിധ്യമാർന്ന പരിപാടികൾ സമ്മേളനത്തിന്റെ മാറ്റ് വർദ്ധിപ്പിക്കും.


ഈ സമ്മേളനത്തിന്റെ വിജയത്തിനായി വിപുലമായ കമ്മിറ്റികൾ ഊർജ്ജിതമായി പ്രവർത്തിക്കുന്നു. ഇതിന്റെ മുന്നോടിയായി എസ്ബി കോളജിൽ വെച്ച് ജനുവരി ആദ്യം ഒരു വിളംബര സമ്മേളനം നടത്തിയിരുന്നു.

അലൂംമ്നി അസോസിയേഷൻ പ്രസിഡണ്ട് ഡോ. എൻ.എം. മാത്യു, സെക്രട്ടറി ഡോ. ഷിജോ കെ. ചെറിയാൻ, അസോസിയേഷന്റെ മറ്റ് നേതൃനിരയിലുള്ള ഡോ. ജോസഫ് ജോബ്, ഡോ. സെബിൻ എസ്. കൊട്ടാരം, ബ്രിഗേഡിയർ ഒ.എ. ജെയിംസ്, ഡോ. ജോസ് പി. ജേക്കബ്, സിബി ചാണ്ടി, ഡോ. ജോർജ് സി. ചേന്നാട്ടുശേരി എന്നിവർ വിവിധ തലത്തിൽ വിവിധ തീയതികളിൽ സമ്മേളനത്തിന്റെ വിജയത്തിനായി ഒത്തൊരുമിച്ച് കോളജ് അധികൃതരുമായി ചേർന്ന് പ്രവർത്തിക്കുന്നു.

അതിരൂപതാ വികാരി ജനറാളും കോളജ് മാനേജരുമായ മോൺ. ആന്റണി ഏത്തക്കാട്ട്, കോളജ് പ്രിൻസിപ്പൽ റവ. ഫാ. റെജി പ്ലാത്തോട്ടം, വൈസ് പ്രിൻസിപ്പൽമാരായ ഡോ. ടെഡി കാഞ്ഞൂപ്പറമ്പിൽ, ഡോ. കെ. സിബി ജോസഫ് എന്നിവരും മറ്റ് നിരവധി കോളജ് അധികൃതരും അലൂംമ്നി അസോസിയേഷൻ ഭാരവാഹികളും അതിന്റെ അംഗങ്ങളുമായി സമ്മേളനത്തിന്റെ വിജയത്തിനു വേണ്ടി കൈകോർത്ത് ഊർജസ്വലതയോടെ പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 847 219 4898.

# ലൂക്കോസ് തറത്തട്ടേൽ അന്തരിച്ചു



നീറിക്കാട്: ലൂക്കോസ് തറത്തട്ടേൽ (90) അന്തരിച്ചു. ഭാര്യ ചിന്നമ്മ നീണ്ടൂർ പറയംകാലായിൽ കുടുംബാംഗമാണ്.

മക്കൾ: ആൻസി വട്ടാടികുന്നേൽ (ഹൂസ്റ്റൺ), ജേക്കബ് തറത്തട്ടേൽ (ചിക്കാഗോ), ഏബ്രഹാം തറത്തട്ടേൽ (ഡാളസ്), സാബു തറത്തട്ടേൽ (ചിക്കാഗോ), റ്റോമി തറത്തട്ടേൽ (ചിക്കാഗോ).

മരുമക്കൾ: ജോസ് വട്ടാടികുന്നേൽ, ഷേർളി ചാക്കച്ചേരിൽ, ലിസി അമ്പാട്ട്, ഷൈനി കക്കാട്ടിൽ, സുജ ആറുപറയിൽ.

സഹോദരങ്ങൾ: പരേതരായ ഏലിയാമ്മ & ലൂക്കോസ് തുരുത്തുവേലിൽ, പരേതനായ ജേക്കബ് തറത്തട്ടേൽ (പോളച്ചിറ) & സരള കൂപ്ലിക്കാട്ട്, മാത്യു തറത്തട്ടേൽ & മോളി കോഴികാട്ട്, സംസ്കാരം നീറിക്കാട് ലൂർദ് മാതാ ക്നാനായ കത്തോലിക്കാ പള്ളിയിൽ നടത്തപ്പെടും.

# ഉരുൾപൊട്ടലിൽ കാണാതായവരെ മരിച്ചവരായി കണക്കാക്കി നഷ്ടപരിഹാരം നൽകും

തിരുവനന്തപുരം: മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവരെ മരിച്ചവരായി കണക്കാക്കി ആശ്രിതർക്കു നഷ്ടപരിഹാരം നൽകാനുള്ള നടപടികൾക്കു തുടക്കമായി. കാണാതാകുന്നവരെ മരിച്ചതായി കണക്കാക്കാൻ ഏഴു വർഷംവരെ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കി വേഗത്തിൽ നഷ്ടപരിഹാരവും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനാണു നടപടി.

ദുരന്തത്തിൽ കാണാതായവരുടെ പട്ടിക തയാറാക്കി പ്രാദേശികതല സമിതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കു സമർപ്പിക്കണം. വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവർ അംഗങ്ങളായ സമിതിയാണു കാണാതായവരുടെ പട്ടിക തയാറാക്കേണ്ടത്.

ജില്ലാതല സമിതി ശിപാർശ ചെയ്യുന്നവരെ സംസ്ഥാനതലത്തിലെ സെക്രട്ടറിതല സമിതി സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കണം. തുടർന്ന് കാണാതായവരെ മരിച്ചതായി കണക്കാക്കി അടുത്ത ബന്ധുക്കൾക്കു ധനസഹായം അനുവദിക്കാം. സെക്രട്ടറിതല സംസ്ഥാന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ദുരന്തത്തിൽ കാണാതായവരെ മരിച്ചതായി കണക്കാക്കി മരണ സർട്ടിഫിക്കറ്റ് നൽകാനും നടപടിയെടുക്കാം. കാണാതായതുമായി ബന്ധപ്പെട്ട പ്രഥമവിവര റിപ്പോർട്ട് വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധു താമസിച്ചിരുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്യണം. കാണാതായത് മറ്റൊരു സ്ഥലത്താണെങ്കിൽ അവിടുത്തെ പോലീസ് സ്റ്റേഷനിലേക്കു റഫർ ചെയ്യണം.

കാണാതായതു സംബന്ധിച്ച് അടുത്ത ബന്ധു നൽകിയതും പബ്ലിക് നോട്ടറി സാക്ഷ്യപ്പെടുത്തിയതുമായ സത്യവാങ്മൂലം സ്ഥിരരേഖയായി സൂക്ഷിക്കണം. പ്രഥമ വിവര റിപ്പോർട്ട് ദുരന്തം നടന്ന സ്ഥലത്തിന്റെ ചുമതലയുള്ള തഹസിൽദാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ് എന്നിവരിൽ ആർക്കെങ്കിലും കൈമാറണം. കാണാതായ വ്യക്തിയെ സംബന്ധിച്ചു തഹസിൽദാർ-എസ്ഡിഎം വിശദമായ അന്വേഷണം നടത്തണം.

തുടർന്ന് താത്കാലിക നിഗമനം സംബന്ധിച്ച കാര്യകാരണസഹിതം ഉത്തരവിറക്കണം. താത്കാലിക തീരുമാനം കൈക്കൊണ്ട വ്യക്തികളുടെ പട്ടിക തയാറാക്കി ദിനപത്രങ്ങളിലും ഔദ്യോഗിക ഗസറ്റിലും ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ച് മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കണം. ആക്ഷേപാഭിപ്രായങ്ങൾക്ക് 3 ദിവസത്തെ സമയം അനുവദിക്കണമെന്നും നിർദേശത്തിലുണ്ട്.

# 2000 കോടി രൂപയുടെ 'മൗസം മിഷൻ' ദൗത്യം പ്രഖ്യാപിച്ചു

ന്യൂഡൽഹി: ഇന്ത്യയിലെ ഓരോ കുടുംബത്തിനും അനുയോജ്യമായ കാലാവസ്ഥാ വിവരങ്ങൾ തത്സമയം നൽകാൻ ലക്ഷ്യമിട്ടുള്ള 2000 കോടി രൂപയുടെ 'മൗസം മിഷൻ' ദൗത്യ പ്രഖ്യാപനത്തോടെ ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ 150-ാം വാർഷിക സമ്മേളനത്തിനു തുടക്കം. 2047-ൽ സ്വാതന്ത്ര്യത്തിന്റെ ശതാബ്ദിവേളയിൽ ഇന്ത്യയെ സമ്പൂർണ ദുരന്തനിവാരണ സജ്ജമാക്കാനും കാലാവസ്ഥ സുരക്ഷിതമാക്കാനും ലക്ഷ്യമിട്ടുള്ള ദീർഘകാല പദ്ധതികളും സമീപകാലത്തു നടപ്പാക്കേണ്ട പദ്ധതികളും സംബന്ധിച്ച മാർഗരേഖയും സമ്മേളനത്തിൽ പുറത്തിറക്കി. രണ്ട് വർഷത്തിനകം ഇന്ത്യയുടെ മുഴുവൻ ഭൂവിഭാഗവും നിരീക്ഷണവിധേയമാക്കുന്ന കാലാവസ്ഥാ റഡാറുകൾ സജ്ജമാക്കാനും പദ്ധതിയുണ്ട്. കാലാവസ്ഥാ ദുരന്തങ്ങളിൽ ഒരു മനുഷ്യജീവൻ പോലും നഷ്ടപ്പെടരുതെന്ന നയമാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് ഉദ്ഘാടന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. നിർമിത ബുദ്ധിയുടെയും മെഷീൻ ലേണിങ്ങിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയെപ്പറ്റി ഐഎംഡി വിശദീകരിച്ചു. കാലാവസ്ഥാ കാര്യങ്ങളിൽ നേതൃനിരയിലെത്തി അയൽ രാജ്യങ്ങളുടെ ബന്ധുവായി മാറാനും ഇന്ത്യ ലക്ഷ്യമിടുന്നു. ഇതിനായി ഇൻസാറ്റ്-4 ഉപഗ്രഹ പരമ്പരയിലേക്ക് ഇന്ത്യ കടക്കുകയാണെന്ന് അഹമ്മദാബാദ് സ്പേസ് ആപ്ലിക്കേഷൻ സെന്റർ മേധാവി നീലേഷ് ദേശായി പറഞ്ഞു. ഇടിമിന്നലും മിന്നൽ പ്രളയങ്ങളും മുൻകൂട്ടി പ്രവചിക്കാനുള്ള ശേഷി ഇതോടെ കൈവരുമെന്നാണ് പ്രതീക്ഷ. മുന്നറിയിപ്പു നൽകുന്നതിലുപരി കാലാവസ്ഥാ മാനേജ്മെന്റിലേക്കുള്ള നയംമാറ്റവും ഇതോടൊപ്പം നടപ്പാക്കും. ദുരന്തനിവാരണം പാഠ്യപദ്ധതിയുടെയും സംസ്കാരത്തിന്റെയും ഭാഗമാക്കുന്ന ജപ്പാൻ മാതൃകയെപ്പറ്റിയും ആലോചിക്കുന്നതായി ഐഎംഡി മേധാവി ഡോ. എം. മഹാപത്രയും ഭൗമമന്ത്രാലയം സെക്രട്ടറി എം. രവിചന്ദ്രനും പറഞ്ഞു.



ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ 150-ാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായൊരുക്കിയ പ്രദർശനം കണാനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർത്ഥികളോട് സംസാരിക്കുന്നു.

# എട്ടാം ശമ്പള കമ്മീഷന് അനുമതി

ന്യൂഡൽഹി: കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരുടെ വേതനപരിഷ്കരണത്തിനുള്ള എട്ടാം ശമ്പള കമ്മീഷന് കേന്ദ്രമന്ത്രിസഭ അനുമതി നൽകി. കമ്മീഷൻ ചെയർമാനെയും രണ്ട് അംഗങ്ങളെയും വൈകാതെ തീരുമാനിക്കുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഏഴാം ശമ്പള കമ്മീഷന്റെ കാലാവധി തീരുന്ന അടുത്ത വർഷത്തോടെ ശമ്പള കമ്മീഷൻ രൂപീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം സൂചിപ്പിച്ചു.

ഡൽഹിയിലെ നാലു ലക്ഷം സർക്കാർ ജീവനക്കാർക്ക് വലിയ വരുമാനവർധന ലഭിക്കുന്ന തീരുമാനം ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനും 2025-ലെ ബജറ്റ് പ്രഖ്യാപനങ്ങൾക്കും ദിവസങ്ങൾക്കു മുമ്പാണ് കേന്ദ്രമന്ത്രിസഭ അംഗീകരിച്ചത്. പുതിയ ശമ്പള കമ്മീഷൻ നടപ്പിലാക്കുന്നതോടെ ഒരു കോടിയിലധികം കേന്ദ്രസർക്കാർ ജീവനക്കാരുടെയും വിരമിച്ചവരുടെയും അടിസ്ഥാന ശമ്പളം, അലവൻസുകൾ, പെൻഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവ ഗണ്യമായി ഉയരും. പ്രതിരോധ സേനാംഗങ്ങൾ ഉൾപ്പെടെ 50 ലക്ഷത്തോളം കേന്ദ്രജീവനക്കാരും 65 ലക്ഷം പെൻഷൻകാരുമുണ്ട്.

കേന്ദ്രസർക്കാർ ജീവനക്കാരുടെ ശമ്പളവർധന നടപ്പിലാകുന്നതോടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശമ്പളം കൂട്ടും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ജനുവരി 16-ന് നടന്ന മന്ത്രിസഭാ യോഗത്തിലാണു തീരുമാനം.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**






# ചിക്കാഗോ കെ.സി.എസ് ഉദ്ഘാടനച്ചടങ്ങ് ശ്രദ്ധേയമായി

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: പുതിയ ക്നാനായ കാത്തലിക് സൊസൈറ്റി (കെ.സി.എസ്) എക്സിക്യൂട്ടീവിന്റെ പ്രവർത്തന ഉദ്ഘാടനം ജനുവരി 18-ന് രാത്രി 8 മണിക്ക് നടന്നു. കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല അദ്ധ്യക്ഷത വഹിച്ചു. ഇല്ലിനോയി സ്റ്റേറ്റ് സെനറ്റർ ലോറ മർഫി 2025-2026 കാലയളവിലേക്കുള്ള കെ.സി.എസ്. പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. കെ.സി.എസ് ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം, കെ.സി.എസ് ട്രഷറർ അഡ്വ. ടീന നെടുവാമ്പുഴ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി.

ജോയി കുടശ്ശേരിലിന്റെ പ്രാർത്ഥനാഗാനത്തോടെയാണ് യോഗം ആരംഭിച്ചത്. കെ.സി.എസ് വൈസ് പ്രസിഡണ്ട് മാറ്റ് വിലങ്ങാട്ടുശ്ശേരിൽ എല്ലാവരെയും സ്വാഗതം ചെയ്തു. കെ.സി.സി.എൻ.എ പ്രസിഡണ്ട് ഷാജി എടാട്ട്, വികാരി ഫാ. സിജു മുടക്കോടിൽ, ലൈസൺ ബോർഡ് ചെയർമാൻ മജു ഓട്ടപ്പള്ളിൽ, ദേശീയ യുവജനവേദി പ്രസിഡണ്ട് ആൽബിൻ പുലിക്കുന്നേൽ എന്നിവർ പങ്കെടുത്തു.

വിമൻസ് ഫോറം പ്രസിഡണ്ട് ഷാനിൽ വെട്ടിക്കാട്ട്, കെ.സി.വൈ.എൽ പ്രസിഡണ്ട് ജെയ്ക്ക് എടക്കര, യുവജനവേദി പ്രസിഡണ്ട് ബ്ലെസി തെക്കേമ്യാലിൽ, കെ.സി.ജെ.എൽ കോ-ഓർഡിനേറ്റർ മഹിമ കാരാപ്പള്ളിൽ, കിഡ്സ് ക്ലബ് കോ-ഓർഡിനേറ്റർ ഐമ പുതുയ്യെടുത്ത് എന്നിവർ തങ്ങളുടെ ടീമംഗങ്ങളെ പരിചയപ്പെടുത്തി.

കൂടാതെ സീനിയർ സിറ്റിസൺസ് ഗ്രൂപ്പ് കോ-ഓർഡിനേറ്റർ മാത്യു പുളിക്കത്തൊട്ടിയിലും പരിപാടിയിൽ പങ്കെടുത്തു. സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ യോഗത്തിന് അനുഗ്രഹമായി.

കെ.സി.എസ് ജനറൽ സെക്രട്ടറി ഷാജി പള്ളിവീട്ടിൽ നന്ദി പറഞ്ഞതോടെ യോഗം സമാപിച്ചു. സമ്മേളനത്തിനുശേഷം കുട്ടികളുടെ നൃത്തം മികച്ചതും ആസ്വാദ്യകരവുമായിരുന്നു. കുട്ടികളുടെ നൃത്താവിഷ്കാരം ആസ്വദിച്ച് കെ.സി.എസ് ഒരുക്കിയ സ്നേഹവിരുന്ന് പരിപാടിയിൽ പങ്കെടുത്തവർ ആസ്വദിച്ചു.











# ഫാ. സജി പിണർക്കയിലിന്റെ രജതജൂബിലി സമാപനം ഭക്തിസാന്ദ്രമായി ആഘോഷിച്ചു

എബി തെക്കനാട്ട്

ചിക്കാഗോ: പിണർക്കയിലച്ചന്റെ പൗരോഹിത്യത്തിന്റെ ഇരുപത്തഞ്ചാം വാർഷിക സമാപന ആഘോഷങ്ങൾ മാലക്കല്ല് ലൂർദ് മാതാ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. ജൂബിലേറിയന്റെ മുഖ്യകാർമ്മികത്വത്തിൽ കാഴ്ചസമർപ്പണത്തോടെ ഭക്തിസാന്ദ്രമായി ദിവ്യബലി അർപ്പിച്ചു. അഭി. മാർ മാത്യു മൂലക്കാട്ട് പിതാവ് വചനസന്ദേശം നല്കി.





തുടർന്ന് പാരിഷ് ഹാളിൽ ജൂബിലി അനുമോദന സമ്മേളനം നടത്തുകയുണ്ടായി. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. കാസർകോട് എംപി രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യപ്രഭാഷണം നടത്തി. മാലക്കല്ല് ഇടവക വികാരി റവ.ഫാ. ഡിനോ കുമ്മാനിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. ടിനേഷ് പിണർക്കയിൽ ആശംസാപ്രസംഗം നടത്തി. കാരിത്താസ് ഹോസ്പിറ്റൽ ജോയിന്റ് ഡയറക്ടർ ഫാ. ജിനു കാവിൽ ജൂബിലേറിയന്റെ വക 30 വീടുകൾ പണിയാൻ സാമ്പത്തിക സഹായം നല്കിയതും മറ്റ് നിരവധിയായ ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും വീഡിയോ പ്രദർശനവും കാരിത്താസ് ആശുപത്രിയോട് സഹകരിച്ച് പുതുതായി നടത്തുന്ന 25 ലക്ഷം രൂപയുടെ പദ്ധതിയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. സജി അച്ചൻ ഇതിനോടകം 40 ഇടവകകളിൽ ആട് വളർത്തൽ, 10 ഇടവകകളിൽ പശു വളർത്തൽ എന്നിവയ്ക്കും സഹായം കൊടുത്തിട്ടുണ്ട്.

അച്ചൻ ഇപ്പോൾ മയാമി സെന്റ് ജൂഡ് ക്നാനായ കത്തോലിക്കാ പള്ളി വികാരിയായി സേവനമനുഷ്ഠിക്കുന്നു. 50-ൽപരം ഗാനങ്ങൾക്ക് ഈണം കൊടുക്കുകയും പത്ത് പുസ്തകങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. സംഗീതജ്ഞൻ, ധ്യാനപ്രസംഗകൻ എന്നീ നിലകളിലും അദ്ദേഹം പ്രശസ്തനാണ്. ഇപ്പോൾ അമേരിക്കയിലെ Walden യൂണിവേഴ്സിറ്റിയിൽ Ph.D ഗവേഷണവിദ്യാർത്ഥി കൂടിയാണ്.

അനുമോദന സമ്മേളനത്തിൽ നിരവധി വൈദികർ, സമർപ്പിതർ, സാമുദായിക, സാംസ്കാരിക, രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ പങ്കെടുത്തു. സിസ്റ്റർ ഇമ്മാക്കുലേറ്റ് എസ്‌വിഎം മദർ ജനറൽ വിസിറ്റേഷൻ കോൺഗ്രിഗേ.ൻ, സിസ്റ്റർ ആൻ ജോസ് ഫാമിലി റെപ്രസെന്റേറ്റീവ്, സിസ്റ്റർ മെർസിലെറ്റ് എസ്‌വിഎം പാരിഷ് റെപ്രസെന്റേറ്റീവ്, റോയി ഇട്ടിപ്ലാക്കിൽ പാരിഷ് റെപ്രസെന്റേറ്റീവ്, മാലക്കല്ല്, ഉപ്പച്ചൻ പതിയിൽ ട്രസ്റ്റി സെ. ജൂഡ് ചർച്ച് മിയാമി, ഫ്രാൻസിസ് പറത്തറ പാരിഷ് റെപ്രസെന്റേറ്റീവ്, സെ. മേരീസ് ചർച്ച് സാൻ ജോസ്, കാലിഫോർണിയ എന്നീ പ്രമുഖർ അനുമോദനങ്ങളർപ്പിച്ചു. ഫാ. സജി പിണർക്കയിൽ നന്ദിയർപ്പിച്ച് മറുപടിപ്രസംഗം നടത്തി. സാബു കരിമാക്കീൽ എല്ലാവർക്കും നന്ദി പറഞ്ഞു.






FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# മഞ്ജിമയ്ക്ക് സ്വപ്നവീട് നല്കി സൗത്ത് ഫ്ളോറിഡയിലെ നവകേരള മലയാളി അസോസിയേഷൻ

എ.എസ്. ശ്രീകുമാർ

ആലപ്പുഴ: പഠിത്തത്തിൽ അസാമാന്യ മിടുക്കുള്ള മഞ്ജിമയ്ക്ക് ഇനി ചോർന്നൊലിച്ച് ഇടിഞ്ഞു വീഴാറായ വീട്ടിൽ ഭയപ്പാടോടെ കിടക്കേണ്ട. തല ചായ്ക്കാൻ മഞ്ജിമയ്ക്കും കുടുംബത്തിനും ഒരു പുത്തൻവീട് സ്വന്തമായി കിട്ടിയിരിക്കുന്നു. ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ നിന്ന് പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങിയ മഞ്ജിമയുടെ വീടിന്റെ ദയനീയാവസ്ഥയറിഞ്ഞ് എത്തിയ സൗത്ത് ഫ്ളോറിഡയിലെ പ്രമുഖ മലയാളി സംഘടനയായ നവകേരള മലയാളി അസോസിയേഷനാണ് ഈ നിർദ്ധന കുടുംബത്തിന് വീട്‌വെച്ച് നല്കി അവരുടെ ചിരകാല സ്വപ്നത്തിന് ചിറകുകളേകിയത്. ജീവകാരുണ്യ പ്രവൃത്തിയുടെ മഹത്തായ സന്ദേശം പകർന്നുകൊണ്ട് ജനുവരി 14-ന് മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ആലപ്പുഴ എംഎൽഎ പി.പി. ചിത്തരഞ്ജൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ വെച്ചായിരുന്നു വീടിന്റെ താക്കോൽദാനം. നവകേരള അസോസിയേഷൻ മുൻ പ്രസിഡണ്ടും ട്രഷററുമായ സുശീൽകുമാർ നാലകത്തിൽ, മുൻ പ്രസിഡണ്ടും അഡ്വൈസറി ബോർഡ് മെംബറുമായ മാത്യു വർഗീസ്, മുൻ പ്രസിഡണ്ട് ജെയിൻ വാത്തിയേലിൽ, മുൻ പ്രസിഡണ്ടും ഉപദേശക സമിതി അംഗവുമായ ജോസഫ് പാണികുളങ്ങര എന്നിവർ ചേർന്നാണ് താക്കോൽദാനം നിർവഹിച്ചത്.

സ്കൂളിലെ അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും പിടിഎ ഭാരവാഹികൾക്കും പുറമെ ഒട്ടേറെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ വ്യക്തിത്വങ്ങളും തിരക്കഥാകൃത്ത് സുരേഷ് വാരനാട്, ഫോമാ നാഷണൽ കമ്മിറ്റി അംഗങ്ങളായ ജിജു കുളങ്ങര, ബിജു കട്ടത്തറ എന്നിവരും ഈ പ്രൗഢോജ്വലമായ സമ്മേളനത്തിൽ പങ്കെടുത്തു. 2023-ൽ എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങി അഭിമാനാർഹമായ നേട്ടം കൈവരിച്ച മഞ്ജിമയെ ആദരിക്കാൻ മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകരും പിടിഎ അധികൃതരും വീട്ടിലെത്തിയപ്പോഴാണ് മഞ്ജിമയുടെ ദുരിതപൂർണ്ണമായ ജീവിതം നേരിൽ ക്കണ്ട് അന്ധാളിച്ചുപോയത്.

സ്കൂളിൽ ഏവർക്കും പ്രിയങ്കരിയായ മഞ്ജിമ താമസിക്കുന്നത് അടച്ചുറപ്പില്ലാത്ത വീട്ടിൽ, മഴ പെയ്താൽ മുറി മുഴുവൻ വെള്ളത്തിലാവും. പഠനത്തിനു പുറമെ പാഠ്യേതര വിഷയങ്ങളിലും പ്രതിഭ തെളിയിച്ച മഞ്ജിമ അഭിമാനക്ഷതമോർത്ത് തന്റെ ദുരിത ജീവിതത്തെക്കുറിച്ച് ആരോടും ഒന്നും പറഞ്ഞിരുന്നില്ല. പക്ഷേ, പരിതാപകരമായ ആ സാഹചര്യം നേരിൽക്കണ്ടവർക്കെല്ലാം വലിയ മനോവേദനയാണുണ്ടായത്.

ക്ലാസ് ടീച്ചർ ആയിരുന്ന വിധു നഹർ ആണ് മഞ്ജിമയുടെ ഈ ദുരവസ്ഥ നവകേരള മലയാളി അസോസിയേഷൻ ഭാരവാഹികളുമായി പങ്കുവെച്ചത്. മഞ്ജിമയുടെ ജീവിതസാഹചര്യം മനസ്സിലാക്കി അസോസിയേഷൻ പ്രവർത്തകർ അവസരോചിതമായിത്തന്നെ ആദ്യത്തെ വീട് മഞ്ജിമയ്ക്ക് നിർമ്മിച്ചു നല്കുവാൻ തീരുമാനിക്കുകയും ഈ വിവരം നവകേരള മലയാളി അസോസിയേഷന്റെ ട്രഷറർ സൈമൺ പാറത്തായം അവരെ അറിയിക്കുകയും ചെയ്തു. ജൂൺ മാസത്തിൽ വീടിന്റെ പണി ആരംഭിക്കുകയും ചെയ്തു.

മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹമാണ് അന്തിയുറങ്ങാൻ ഒരു വീട് സ്വന്തമാക്കുകയെന്നത്. മഞ്ജിമയുടെയും കുടുംബത്തിന്റെയും ആ മോഹം സാധിച്ചുകൊടുത്തതിലൂടെ നവകേരള മലയാളി അസോസിയേഷൻ ജന്മനാടിനെ നെഞ്ചോടു ചേർത്തു പിടിക്കുകയായിരുന്നു. അമേരിക്കയിലെ മലയാളി മനസ്സുകളിൽ നിറസാന്നിദ്ധ്യമാണ് ഒട്ടേറെ സാമൂഹിക പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ പ്രവർത്തിച്ചുവരുന്ന നവകേരള മലയാളി അസോസിയേഷൻ. മൂന്നു പതിറ്റാണ്ട് തികയുന്ന ഈ വർഷത്തിൽ മൂന്ന് നിർദ്ധന കുടുംബങ്ങൾക്ക് കൈത്താങ്ങ് ആവുകയാണ് ഏവർക്കും മാതൃകയായ ഈ സംഘടന. അതിൽ ആദ്യത്തെ വീടാണ് മഞ്ജിമയ്ക്ക് സമ്മാനിച്ചത്.

അർപ്പണബോധവും ആത്മാർത്ഥതയും ഉത്തരവാദിത്വവും കൈമുതലായി പ്രവർത്തിക്കുന്ന നവകേരള മലയാളി അസോസിയേഷൻ ജന്മഭൂമിയിലും സൗത്ത് ഫ്ളോറിഡയിലെ മലയാളി സമൂഹത്തിലും അളവറ്റ ജീവകാരുണ്യ പ്രവർത്തനത്തിന്റെ കൊടിയേന്തിയാണ് ജൈത്രയാത്ര തുടരുന്നത്. പ്രതിസന്ധികളെ തരണം ചെയ്ത് സഹായം അർഹിക്കുന്നവരുടെ കണ്ണീരൊപ്പാൻ ഈ സംഘടന അവർക്കൊപ്പം എന്നുമുണ്ടാകുമെന്ന് മുൻ പ്രസിഡണ്ടുമാർ വ്യക്തമാക്കി.





## അന്നക്കുട്ടി ജെയിംസ് ചെട്ടിയാത്തിന്റെ സംസ്കാരം ജനുവരി 24–ന് വെള്ളിയാഴ്ച



ലോസ് ഏഞ്ചൽസ് (ചാറ്റ്സ്‌വർത്ത്): ജെയിംസ് ചെട്ടിയാത്തിന്റെ ഭാര്യ അന്നക്കുട്ടി ജെയിംസിന്റെ (80) സംസ്കാര ചടങ്ങുകൾ ജനുവരി 24-ന് വെള്ളിയാഴ്ച നടത്തപ്പെടും. പരേത കടുത്തുരുത്തി മണലേൽ കുടുംബാംഗമാണ്.

ജനുവരി 24-ന് വെള്ളിയാഴ്ച രാവിലെ 9.30 മുതൽ പൊതുദർശനവും തുടർന്ന് സംസ്കാര ശുശ്രൂഷകളും സെന്റ് ജോൺ യൂഡ്സ് കാത്തലിക് പള്ളിയിൽ (9901 Mission Ave, Chatsworth, CA) വെച്ച് നടത്തപ്പെടും. ഒരു മണിക്ക് മിഷൻ ഹിൽസ് കാത്തലിക് സെമിത്തേരിയിൽ (11160 Stranwood Ave, Mission Hills, CA) സംസ്കാരം നടക്കും.

മക്കൾ: റ്റോബിൻ, റ്റിനി, റ്റിമ്മി. മരുമക്കൾ: സഹാന, റ്റോണി ബേബി പുന്നമംഗലം. കൊച്ചുമക്കൾ: രമ്യ, നവീൻ, അശോക്, ജെയ്, സിയ. സഹോദരങ്ങൾ: ലീലാമ്മ സിറിയക് എടമ്പാടം, പരേതരായ മത്തായി മണലേൽ, ചാക്കോ മണലേൽ, സിസ്റ്റർ ബോർജിയ, മറിയാമ്മ മണലേൽ.

വൽസ & ജേക്കബ് മുത്തോലത്ത്, സോഫി & തോമസ് പച്ചിക്കര, ലിസ & ജോസ് ചക്കാലക്കൽ, ബാബു (സിറിയക്) & ഫിലോമിന കിഴക്കനടി. ജോസ് & പരേതയായ ഏലമ്മ കടവിൽ, പരേതരായ അലക്സാണ്ടർ & മാഗി മാളിയേക്കൽ, ബ്രദർ കുര്യാക്കോസ് ചെട്ടിയാത്ത് എന്നിവർ പരേതയുടെ അടുത്ത ബന്ധുക്കളാണ്.

1976-ൽ രൂപംകൊണ്ട ഇൻഡ്യൻ ക്നാനായ കാത്തലിക് കമ്മ്യൂണിറ്റി ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെയും (IKCC NY) ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് സതേൺ കാലിഫോർണിയായുടെയും സ്ഥാപക അംഗങ്ങളിൽ പ്രമുഖരായിരുന്നു ചെട്ടിയാത്ത് ജെയിംസ്-അന്നക്കുട്ടി ദമ്പതികൾ.



# ചിക്കാഗോ സോഷ്യൽ ക്ലബ്, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ, ഫോമാ ചിക്കാഗോ റീജിയൻ എന്നിവയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ മഹത്തരം: സി.എച്ച്. കുഞ്ഞാമ്പു എംഎൽഎ

അനിൽ പെണ്ണുക്കര



പീറ്റർ കുളങ്ങര

ഉദുമ: ചിക്കാഗോ സോഷ്യൽ ക്ലബ്, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ, ഫോമാ ചിക്കാഗോ റീജിയണുകൾ കാസർകോഡ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വീൽചെയർ നല്കിയ പ്രവർത്തനങ്ങൾ മഹത്തരമെന്ന് ഉദുമ എംഎൽഎ സി. എച്ച്. കുഞ്ഞാമ്പു പറഞ്ഞു. ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ കോട്ടിക്കുളം എക്സ് സർവീസ് മെൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാസർകോഡ് പോലെ കേരളത്തിന്റെ ഒരറ്റത്ത് കിടക്കുന്ന പ്രദേശത്ത് ഒരു തരത്തിലുള്ള സഹായങ്ങളും ലഭിക്കാതിരിക്കുന്ന ഒരു വിഭാഗമാണ് എൻഡോസൾഫാൻ ഇരകൾ ആയിട്ടുള്ള കുട്ടികളും അവരുടെ കുടുംബങ്ങളും. പലവിധ സഹായങ്ങൾ നിഷേധിക്കപ്പെടുന്ന സമയത്ത് അമേരിക്കൻ പ്രവാസി മലയാളി സംഘടനകളെ കൂട്ടിയിണക്കി പീറ്റർ കുളങ്ങര എന്ന മനുഷ്യസ്നേഹി ജീവകാരുണ്യ പ്രവർത്തനത്തിന് ലോകത്തിനു തന്നെ മാതൃകയായ ദയാബായി കണ്ടെത്തി കാസർകോട്ടെ നിർദ്ധനരായ ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്കായി സഹായമൊരുക്കാൻ കാണിച്ച സന്മനസ്സിന് ഉദുമയിലെ ജനങ്ങളുടെ നന്ദി അറിയിക്കുന്നതായി സി.എച്ച്. കുഞ്ഞാമ്പു എംഎൽഎ പറഞ്ഞു. കഴിഞ്ഞ കാൽ നൂറ്റാണ്ടുകൾ അധികമായി കാസർകോഡിന്റെ ഭൂരിഭാഗം പ്രദേശത്തും എൻഡോസൾഫാന്റെ ഇരകളായ കുട്ടികളെയും കുടുംബങ്ങളെയും നേരിൽ കണ്ട് അവർക്കായി ദയാബായി ഫൗണ്ടേഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്ന ദയാബായിയെ അദ്ദേഹം അഭിനന്ദിച്ചു. ചടങ്ങിൽ ആമുഖപ്രഭാഷണം നടത്തിയ ദയാബായി ചിക്കാഗോ സോഷ്യൽ ക്ലബ്, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ, ഫോമാ ചിക്കാഗോ റീജിയണും ജീവകാരുണ്യ പ്രവർത്തകനും ഫോമാ കേരളാ കൺവൻഷൻ ചെയർമാനുമായ പീറ്റർ കുളങ്ങര, മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ വൈസ് പ്രസിഡണ്ട് പോൾസൺ കുളങ്ങര, ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, ജോസ് മണക്കാട്ട് എന്നിവർക്ക് പ്രത്യേകം നന്ദി അറിയിച്ചു. ജീവിതത്തിൽ ഒരു പരിചയവും ഇല്ലാതിരുന്ന പീറ്റർ കുളങ്ങര വിളിക്കുകയും ഈ കുട്ടികൾക്കും കുടുംബങ്ങൾക്കും തണലായി പ്രവർത്തിക്കുവാൻ തയ്യാറായതിലും ദയാബായി ഫൗണ്ടേഷന്റെ നന്ദിയും അറിയിച്ചു.



സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾ ഉൾപ്പെടെ മുതിർന്നവർക്കും 33 വീൽചെയറുകൾ നല്കി. പദ്ധതിയുടെ ഒന്നാം ഘട്ടം നിർദ്ധനരായ 100 വിദ്യാർത്ഥികൾക്ക് ഇലക്ട്രിക് വീൽചെയറുകളും മുച്ചക്ര സ്കൂട്ടറുകളും നല്കിയ ചടങ്ങ് 2024 ജനുവരിയിൽ കോട്ടയത്ത് നടത്തിയിരുന്നു. കൂടുതൽ ആവശ്യക്കാർ ഉണ്ടായതിനാൽ അന്നുതന്നെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ വേഗത്തിൽ സജീവമാക്കുവാൻ ചിക്കാഗോ സോഷ്യൽ ക്ലബും മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷനും ഫോമാ ചിക്കാഗോ റീജിയനും തീരുമാനിക്കുകയായിരുന്നുവെന്ന് ആശംസകൾ അറിയിച്ച പോൾസൺ കുളങ്ങര പറഞ്ഞു. ഇവിടെവന്ന് ഈ കുട്ടികളെയും കുടുംബങ്ങളേയും നേരിട്ട് കണ്ടപ്പോൾ അവർക്ക് ഇനിയും സഹായം അത്യാവശ്യമാണെന്നും ഈ പദ്ധതി തുടരുമെന്നും വേണ്ട സഹായങ്ങൾ ഇനിയും എത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാമൂഹിക ജീവകാരുണ്യ പ്രവർത്തകനായ ഫോമായുടെ പ്രിയപ്പെട്ട പീറ്റർ കുളങ്ങരയുടെ നേതൃത്വത്തിൽ കൃത്യതയോടെയും സഹായം അർഹിക്കുന്നവരെ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തതോടെ പദ്ധതി പൂർണ്ണ വിജയത്തിലേക്ക് എത്തുകയായിരുന്നുവെന്ന് ഫോമാ ട്രഷറർ സിജിൽ പാലക്കലോടിയും ആശംസയിൽ അറിയിച്ചു.

അമേരിക്കയിലെ എൺപത്തിയഞ്ചിൽപ്പരം അംഗസംഘടനകളുടെ ഫെഡറേഷനായ ഫോമാ ദയാബായി ഫൗണ്ടേഷനൊപ്പം ഉണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ജോസ് വട്ടത്തിൽ, ജോസി ഏലൂർ, ജിമ്മി പുല്ലാനപ്പള്ളിൽ, പി.ടി. തോമസ് ഊരാളിൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ധൻരാജ് സ്വാഗതം പറഞ്ഞ ചടങ്ങിൽ വിശിഷ്ടാതിഥികൾ ദീപം തെളിയിച്ചു. ഉദുമ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ലക്ഷ്മി, വാർഡ് മെംബർ സുധാകരൻ, റിട്ട. ഡിവൈഎസ്പി മാത്യു എം.എ അരുണ (ദയാബായി ഫൗണ്ടേഷൻ) എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് ഇന്ത്യയിലെ തന്നെ അറിയപ്പെടുന്ന സാമൂഹിക പ്രവർത്തക ദയാബായി നേതൃത്വം വഹിക്കാൻ തയ്യാറായതോടെ ഈ പദ്ധതിയുടെ മുഖംതന്നെ മാറുകയായിരുന്നു.


എൻഡോസൾഫാൻ ഇരകളായ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് വീൽചെയർ കൈമാറുന്നതോടെ ഏറ്റവും കൃതാർത്ഥമായ രണ്ടാംഘട്ടം പദ്ധതി പുതിയ തലത്തിലേക്ക് മാറുമെന്ന് പീറ്റർ കുളങ്ങര കേരളാ എക്സ്പ്രസ്സിനോട് പറഞ്ഞു. ഈ സംരംഭത്തിൽ പങ്കാളിയായ ചിക്കാഗോ സോഷ്യൽ ക്ലബ്, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ, ഫോമാ ചിക്കാഗോ റീജിയൻ എന്നിവരെ അഭിനന്ദിക്കുന്നതായും അദ്ദേഹം പറഞ്ഞു.





# ചിക്കാഗോ സോഷ്യൽ ക്ലബ് – മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ – ഫോമാ ചിക്കാഗോ റീജിയൻ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചിത്രങ്ങളിലൂടെ...


















കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025











'വിജയത്തിന് രഹസ്യങ്ങളൊന്നുമില്ല
തയ്യാറെടുപ്പിന്റേയും
കഠിനാധ്വാനത്തിന്റേയും
പരാജയത്തിൽ നിന്നുള്ള
പാഠത്തിന്റേയും ഫലമാണത്'

# ദിലീപ് വർഗീസ്: നേരിന്റെ വഴിയിലെ വിജയഗാഥ

വിജയമല്ല സന്തോഷത്തിന്റെ താക്കോൽ. സന്തോഷമാണ് വിജയത്തിന്റെ താക്കോൽ. നിങ്ങൾ ചെയ്യുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ നിങ്ങൾ വിജയിക്കുമെന്ന് തന്റെ പ്രവർത്തനങ്ങളിലൂടെ കാട്ടിത്തരുന്ന മനുഷ്യരാണ് ലോകത്തിന് വിജയം സമ്മാനിച്ചിട്ടുള്ളത്. കൈ വെച്ച മേഖലകളിലെല്ലാം വിജയം വരിച്ച ഒരു വ്യക്തിയുണ്ട് ന്യൂജേഴ്സിയിൽ. ദിലീപ് വർഗീസ്. അമേരിക്കൻ മലയാളികൾക്ക് പ്രിയപ്പെട്ട ഒരാൾ. കഠിനാധ്വാനവും ബുദ്ധിപൂർവ്വമായ ആസൂത്രണത്തിലൂടെയും, നേർവഴിയിലൂടെയുമുള്ള പ്രവർത്തനത്തിലൂടെ സുസ്ഥിര വിജയം വരിച്ച ദിലീപ് വർഗീസിന്റെ ജീവിത കഥ ഒരു പാട്ടുപോലെ സാന്ദ്രമാണ്.

## തൃശൂരിൽ നിന്നും അമേരിക്കയിലേക്ക്

തൃശൂരിലെ അറിയപ്പെട്ടിരുന്ന രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകനും, രണ്ടുതവണ ചാലക്കുടിയിൽ സ്ഥാനാർത്ഥിയുമായിരുന്ന ബി.സി. വർഗീസിന്റെയും, റോസിയുടെയും മകനായ ദിലീപ് വർഗീസ് പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തൃശൂർ എഞ്ചിനീയറിങ് കോളജിൽനിന്ന് സിവിൽ എഞ്ചിനീയറിംഗിൽ ബിരുദമെടുത്തു. പൊതുജനാരോഗ്യ വകുപ്പിൽ കുറച്ചുകാലം ജോലി ചെയ്ത ശേഷമാണ് ദിലീപ് അമേരിക്കയിൽ എത്തുന്നത്. സ്വന്തം ബിസിനസ്സ് കരുപ്പിടിപ്പിക്കണമെന്ന കടുത്ത ആഗ്രഹവും കഠിനാധ്വാനം ചെയ്യാനുള്ള മനസും അദ്ദേഹത്തിനുണ്ടായിരുന്നു. മുടക്കുമുതൽ സംഘടിപ്പിക്കുന്നതിനായി പല ജോലികൾ ചെയ്തു.

നിരവധി കോൺട്രാക്ടർമാരുടെ കൂടെ പ്രവർത്തിച്ചു. ഇതിനിടെ ന്യൂവാർക്ക് നഗരസഭയിൽ ഉദ്യോഗസ്ഥനായ ഐസക്ക് ജോൺ (തമ്പി) സിറ്റിയുടെ ഒരു പോഗ്രാം അറിയിച്ചു. അത് അദ്ദേഹം സമർത്ഥമായി ഉപയോഗപ്പെടുത്തി. അങ്ങനെ അരലക്ഷം ഡോളറുമായി ഡി ആൻഡ് കെ. കൺസ്ട്രക്ഷൻസ് 1979-ൽ ആരംഭം കുറിച്ചു. ആദ്യഘട്ടത്തിൽ വിഷമതകളുണ്ടായിരുന്നെങ്കിലും നിശ്ചയ ദാർഢ്യവും സ്വന്തം ബിസിനസ് കരുപ്പിടിപ്പിക്കണമെന്ന അഭിവാഞ്ചയും കഠിനാധ്വാനം ചെയ്യാനുള്ള സന്നദ്ധതയും ഭാര്യ കുഞ്ഞുമോളുടെ അകമഴിഞ്ഞ പിന്തുണയും കരുത്തായി.

## സബ്കോൺട്രാക്ടറിൽ നിന്ന് കൺസ്ട്രക്ഷൻ ബിസിനസ്സിലേക്ക്

സബ്കോൺട്രാക്ടർ എന്ന നിലയിൽ ചെറിയ ജോലികളാണ് ആദ്യം ഏറ്റെടുത്തത്. ഇതിൽ നിന്നും ആർജിച്ച വിശ്വാസ്യത കൂടുതൽ വലിയ ജോലികൾ ഏറ്റെടുക്കാൻ അദ്ദേഹത്തിന് അവസരമൊരുക്കി. കരാർ പണികൾ ഏറ്റെടുക്കുമ്പോൾ ജോലിയുടെ വലുപ്പം അനുസരിച്ചുള്ള തുകയ്ക്ക് ബോണ്ടിങ് ഗ്രാന്റ് നൽകേണ്ട സ്ഥാപനങ്ങളുടെ സഹകരണം നേടാൻ ദിലീപ് ശ്രദ്ധിച്ചു. 1979-ൽ രണ്ട് ജീവനക്കാരുമായി തുടങ്ങിയ കമ്പനി ഇപ്പോൾ അമേരിക്കയിലെ തന്നെ വലിയ കമ്പനിയായി മാറി. കമ്പനി ഏറ്റെടുത്ത ജോലികളിൽ 99 ശതമാനവും യു.എസ്. ആർമി, നേവി എയർ ഫോഴ്സിനും വേണ്ടി ആയിരുന്നു. അമേരിക്കൻ രാജ്യരക്ഷാവകുപ്പിനും ഫെഡറൽ ഏജൻസികൾക്കും വേണ്ടി നിരവധി പദ്ധതികൾ വിജയകരമായി പൂർത്തിയാക്കി. ന്യൂജേഴ്സിയിലും ന്യൂയോർക്കിലുമായി ആയിരക്കണക്കിന് ഗവൺമെന്റ് കോൺട്രാക്ട് ജോലികൾ. കൃത്യതയുടെയും അർപ്പണ മനോഭാവത്തോടെയും രാവും പകലും പണിയെടുക്കുന്ന നൂറുകണക്കിന് തൊഴിലാളികളുടെ പിന്തുണയോടുകൂടി പബ്ലിക് കോൺട്രാക്ടർമാരുടെ മുൻനിരയിലേക്ക് വളർന്ന വൻ ബിസിനസ്സ് സാമ്രാജ്യത്തിന്റെ ഉടമ. അമേരിക്കൻ മിലിട്ടറി മേഖലയിൽ നിരവധി പ്രോജക്ടുകൾ വിജയകരമായി പൂർത്തിയാക്കി അമേരിക്കൻ ഡിഫൻസ് ഡിപ്പാർട്ട് മെന്റിന്റെ വിശ്വസ്ഥനായി മാറിയ കോൺട്രാക്ടർ കൂടിയാണ് അദ്ദേഹം.

## ഡി ആൻഡ് കെ (ദിലീപ് ആൻഡ് കുഞ്ഞുമോൾ) കൺസ്ട്രക്ഷന്റെ വിജയഗാഥ

കൃത്യതയോടെ ഏറ്റെടുത്ത ജോലികൾ നിർവ്വഹിക്കുന്ന കമ്പനി എന്ന പേര് തുടക്കത്തിൽ തന്നെ ലഭിച്ചതോടുകൂടി ഡി ആൻഡ് കെ കൺസ്ട്രക്ഷൻ (ദിലീപ് ആൻഡ് കുഞ്ഞുമോൾ) കമ്പനി വിജയത്തിലേക്ക് കുതിക്കുവാൻ തുടങ്ങി. ഇന്ത്യക്കാരുടെ ഉടമസ്ഥതയിലുള്ള വലിയ കൺസ്ട്രക്ഷൻ സ്ഥാപനമായി ഡി ആൻഡ് കെ മാറി. പിന്നീട് അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന പലരും ഈ കമ്പനിയുടെ തണലിൽ സ്വന്തമായി കൺസ്ട്രക്ഷൻ ബിസിനസ്സിലേക്ക് ചുവടു വെച്ചു. ദിലീപ് വർഗീസ് അവരെയൊക്കെ പരമാവധി സഹായിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ അവരുടെ പ്രവർത്തനങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുവാനും സ്പോർട്സ്മാൻ സ്പിരിറ്റോടെ വേണ്ട ഉപദേശങ്ങൾ നൽകുവാനും അദ്ദേഹം ശ്രദ്ധിക്കുകയും വേണ്ട നിർദേശ






# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ങ്ങൾ നല്കുകുകയും ചെയ്യും. സ്വന്തം കമ്പനിക്ക് ഇത്തരം കമ്പനികൾ ഭാവിയിൽ ഒരു ഭീഷണിയായി മാറുമെന്നുള്ള ചിന്തയൊന്നും ദിലീപ് വർഗീസിനെയും കുഞ്ഞുമോളെയും അലട്ടുന്നില്ല.

## സാങ്കേതിക നൈപുണ്യം, മാനേജ്മെന്റ് വൈദഗ്ധ്യം

സാങ്കേതിക നൈപുണ്യം, മാനേജ്മെന്റ് വൈദഗ്ധ്യം, സാമ്പത്തിക ഭദ്രത എന്നീ ഘടകങ്ങളാണ് അദ്ദേഹത്തിന്റെ വിജയം നിർണ്ണയിക്കുന്നത്. ഗുണമേന്മയോടെ നിശ്ചിത സമയത്തിനുള്ളിൽ ഏറ്റെടുത്ത ജോലി പൂർത്തിയാക്കുക എന്നതാണ് അദ്ദേഹത്തിന്റെ മുദ്രാവാക്യം. സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു പറ്റം ജീവനക്കാരുടെ പിൻബലത്തോടെ ഒരേസമയം നിരവധി പ്രൊജക്ടുകളും അസംഖ്യം സബ്കോൺട്രാക്ടർമാരേയും കൈകാര്യം ചെയ്യാൻ കഴിവുള്ള കമ്പനി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മിലിട്ടറി ആസ്ഥാനങ്ങളിലും മറ്റും അവരുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് യാതൊരു തടസവും നേരിടാതെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രത്യേക വൈദ്ഗ്ധ്യം പ്രകടമാക്കുന്നു. ഏറ്റെടുത്ത ജോലികളിൽ പണം നഷ്ടമായ ഒറ്റ സംഭവംപോലും ഇത്രയും വർഷത്തിനിടയിൽ ഉണ്ടായിട്ടില്ല എന്ന് അദ്ദേഹം ഒരു ചെറു പുഞ്ചിരിയോടെ പറയുമ്പോൾ വിജയിച്ച ഒരു സംരംഭകനെ നോക്കിക്കാണാം.

## ദീർഘവീക്ഷണവും ആസൂത്രണ പാടവവും

ഡി ആൻഡ് കെ കൺസ്ട്രക്ഷൻ കമ്പനിയുടെ വളർച്ചയുടെ പ്രധാന ഘടകം ദിലീപ് വർഗീസിന്റെയും കുഞ്ഞുമോളുടെയും ദീർഘവീക്ഷണവും ആസൂത്രണ പാടവവുമാണ്. ക്രമാനുഗതമായ വളർച്ചയായിരുന്നു ഇരുവരുടെയും ലക്ഷ്യം. കുറഞ്ഞത് രണ്ട് മൂന്ന് വർഷത്തെയെങ്കിലും പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ശൈലിയാണ് അദ്ദേഹത്തിന്റേത്. പതിനഞ്ച് മില്യൺ ഡോളർ മുടക്കി അമേരിക്കൻ ഡിഫൻസിനു വേണ്ടി പികറ്റിനി മിലിട്ടറി സേഡിൽ ദിലീപ് നിർമ്മിച്ച സോഫ്റ്റ് വെയർ സമുച്ചയം യുദ്ധഭൂമിയിൽ അമേരിക്കയെ സഹായിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. ഇത് രാജ്യത്തിന് സമർപ്പിക്കാൻ ക്ഷണിക്കപ്പെട്ട മൂന്നു പേരിൽ ഒരാൾ ദിലീപാണെന്നുള്ളത് മിലിട്ടറിക്ക് അദ്ദേഹത്തോടുള്ള വിശ്വാസ്യതയെ സൂചിപ്പിക്കുന്നു.

## വിദ്യാഭ്യാസ രംഗത്തേക്ക്

കഴിഞ്ഞ മുപ്പത് വർഷത്തിനുള്ളിൽ നിരവധി സ്കൂൾ പ്രൊജക്ടുകളാണ് ദിലീപ് വർഗീസിന്റെ കമ്പനി ന്യൂജേഴ്സി സ്കൂൾ ഡവലപ്മെന്റ് അഥോറിറ്റിക്കു വേണ്ടി പൂർത്തീകരിച്ചത്. 30 മില്യൺ ഡോളർ മുടക്കി ന്യൂജേഴ്സിയിൽ പണികഴിപ്പിച്ച സ്കൂൾ ന്യൂജേഴ്സിയിലെ സ്കൂളുകളുടെ ഗണത്തിൽ സാങ്കേതിക മികവുകൊണ്ട് ശ്രദ്ധനേടിയതാണ്. ദിലീപിന്റെ ഉടമസ്ഥതയിൽ പണികഴിപ്പിച്ച 'സീദെർ ഹിൽ' എന്ന പ്രൈവറ്റ് സ്കൂൾ ഇതിനോടകം തന്നെ പ്രശസ്തിയിലേക്കുയർന്ന വിദ്യാഭ്യാസ സ്ഥാപനം ആണ്. വിദ്യാഭ്യാസ മേഖലയിൽ അറിയപ്പെടുന്നവ്യക്തിത്വത്തിനുടമയായ നന്ദിനി മേനോന്റെ പങ്കാളിത്തത്തോടെയാണ് പന്ത്രണ്ട് വർഷം മുൻപ് ഈ സ്കൂൾ സ്ഥാപിച്ചത്. ദിലീപ് വർഗീസിന്റെ മകൻ അജിത്, രഘു മേനോൻ എന്നിവരും ഈ സ്കൂളിന്റെ പങ്കാളികളാണ്. 350 കുട്ടികൾ പഠിക്കുന്ന സ്കൂളിൽ കിന്റർ ഗാർട്ടൻ മുതൽ എട്ടാം ക്ലാസ് വരെ. 'ബ്ലൂ റിബൺ' ലഭിച്ച വിദ്യാഭ്യാസ സ്ഥാപനം കൂടിയാണ് ഇത്.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

ജീവകാരുണ്യ പ്രവർത്തന രംഗത്തും ദിലീപ് വർഗീസ് തന്റെ സഹജീവി സ്നേഹ സാന്നിധ്യമറിയിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ ആരംഭിച്ച 'ശാന്തി ഭവൻ സ്കൂൾ' ഇതിനൊരു തുടക്കമായിരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും അനാഥരുമായ മുന്നൂറിൽപ്പരം കുട്ടികളെ എടുത്തുവളർത്തി ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകി ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്ന ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നിർമ്മാണ സമയത്ത് ദിലീപ് വർഗീസ് വലിയ സഹായം നൽകി ഒപ്പംനിന്നു. 1995-ൽ ആരംഭിച്ച ഈ സ്ഥാപനം നിരവധി കുട്ടികളുടെ ജീവിതത്തിന്റെ തണലാണ്. ഇവിടെനിന്നും പഠിച്ചിറങ്ങിയ പല കുട്ടികളും ലോകത്തിന്റെ പല കോണുകളിലും ജോലി ചെയ്യുകയും അവർ സ്കൂളിന്റെ പ്രമോട്ടർമാരായി മാറുകയും ചെയ്യുന്നത് വലിയ സന്തോഷമാണ് നൽകുന്നത്. ഫാ. ഡേവിസ് ചിറമ്മൽ നേതൃത്വം നൽകുന്ന കിഡ്നി ഫൗണ്ടേഷന് ആയിരം ഡയാലിസിസ് കിറ്റുകൾ, കോവിഡ് സമയത്ത് തൃശൂർ ഗവണ്മെന്റ് ആശുപത്രിക്ക് വെന്റിലേറ്റർ നൽകി. കൂടാതെ തന്നെ തേടിയെത്തുന്ന എല്ലാവരെയും സഹായിക്കുവാനും നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമാകുവാനും അദ്ദേഹത്തിന് കഴിയുന്നുണ്ട്.

## ആദരവുകൾ

പ്രവർത്തന രംഗത്തെ മേന്മയും സമൂഹത്തിന് നൽകിയ സംഭാവനയും മാനദണ്ഡമാക്കി ന്യൂയോർക്ക് സ്റ്റേറ്റിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് 1996-ൽ ലഭിച്ച ദിലീപിനെ വിവിധ ഇന്ത്യൻ സംഘടനകളും ബഹുമതികൾ നൽകി ആദരിച്ചിട്ടുണ്ട്. പ്രവാസി ചാനലിന്റെ 'നോർത്ത് അമേരിക്കൻ മലയാളി ഓഫ് ദി ഇയർ' അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങളും ആദരവുകളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

പത്നി കുഞ്ഞുമോളും കമ്പനിയുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാണ്. അക്കൗണ്ട്സ് വിഭാഗം അവരുടെ മേൽനോട്ടത്തിലാണ്. നേരത്തെ മെഡിക്കൽ ടെക്നോളജി രംഗത്ത് ജോലി നോക്കിയിരുന്ന കുഞ്ഞുമോൾ ദിലീപിന്റെ സംരംഭം വളർന്ന് വികസിച്ചപ്പോൾ മാനേജ്മെന്റ് കാര്യങ്ങളിൽ അദ്ദേഹത്തെ സഹായിക്കാനായിട്ടാണ് സ്വന്തം കമ്പനിയിൽ എത്തുന്നത്. കഠിനാധ്വാനം മാത്രമല്ല, ബുദ്ധിപൂർവമായ ആസൂത്രണത്തോടു കൂടിയ അധ്വാനമാണ് ദിലീപിന്റെ വിജയത്തിന്റെ കാതൽ. ഈ വിജയത്തിന്റെ എല്ലാ ക്രെഡിറ്റും ദിലീപ് വർഗീസ് നൽകുന്നത് ഭാര്യ കുഞ്ഞുമോൾക്കാണ്.

## ജീവിതം സംഗീത മയം

അമേരിക്കയിൽ ഇന്ത്യൻ പാട്ടുകളുടെ ശേഖരമുള്ള ദിലീപ് വർഗീസിനെ പോലെ മറ്റൊരു മലയാളി ഉണ്ടോ എന്ന് സംശയമാണ്. ഹിന്ദി, തമിഴ്, മലയാളം ഭാഷകളിലായി പതിനായിരത്തിലധികം പാട്ടുകളുടെ ശേഖരമുള്ള അദ്ദേഹം പാട്ടുകേൾക്കാനായി ദിവസവും രണ്ട് മണിക്കൂറെങ്കിലും മാറ്റിവെക്കും. മാറിയ കാലത്തിൽ സംഗീതത്തെ കൂടുതൽ പരസ്പരം ബന്ധിപ്പിക്കുന്ന നിരവധി പാട്ട് ഗ്രൂപ്പുകളിലും സജീവമായ ദിലീപ് വർഗീസ് ഏതൊരു ചെറിയ പ്രശ്നത്തേയും തരണം ചെയ്യുന്നത് പാട്ടുകളിലൂടെയാണ്. തമിഴ് ഗായകൻ സൗന്ദർ രാജൻ തുടങ്ങി മലയാളത്തിൽ എം.ജി. ശ്രീകുമാർ വരെ ഉള്ള ബന്ധം വിലമതിക്കാനാവാത്തതാണ്. സൗന്ദർ രാജൻ ന്യൂജേഴ്സിയിൽ വരുന്ന നാളുകളിലൊക്കെ തന്നോടൊപ്പമാണ് താമസം. അദ്ദേഹത്തിന്റെ ഹൈപിച്ച് പാട്ടുകൾ ഒക്കെ ഇപ്പോഴും മനസ്സിൽ നിന്ന് മായുന്നില്ല. യേശുദാസ്, സുശീലാമ്മ, എസ്. ജാനകി, ജയചന്ദ്രൻ തുടങ്ങി എല്ലാവരുടേയും പാട്ടുകൾ ഇഷ്ടമാണ്. കേരളത്തിലേക്കുള്ള യാത്രകളിൽ എല്ലാം പാട്ടുകേൾക്കലാണ് പ്രധാന പരിപാടി. 1985-ൽ നടൻ പ്രേംനസീറുമായി തുടങ്ങിയ ബന്ധം അദ്ദേഹത്തിന്റെ മരണംവരെ ഉണ്ടായിരുന്നു. അങ്ങനെ മലയാളത്തിലെ ഒട്ടുമിക്ക താരങ്ങളുമായും നല്ല ബന്ധം സ്ഥാപിച്ചിട്ടുള്ള ദിലീപ് വർഗീസ് എം.ജി. ശ്രീകുമാറുമായി ഉണ്ടാക്കിയ സൗഹൃദം ഒരു യാത്രയിൽ കാറിൽ പാട്ട് ഇട്ട് തുടങ്ങിയതാണ്. ആ ബന്ധം നിരവധി ചാനലുകളിലെ സംഗീത പരിപാടികൾക്ക് അതിഥിയായും പങ്കെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ഉമ്പായിയുടെ ഗസലുകളുടേയും ആരാധകനായ ദിലീപ് വർഗ്ഗീസിന് പാട്ടുകൾ ഇല്ലാതെ ഒരു ജീവിതമില്ല.

## ദിലീപ് വർഗീസ് എന്ന കർഷകൻ

കേരളത്തിന്റെ നന്മ എക്കാലവും കാർഷിക മേഖലയുടെ വളർച്ചയാണ്. അതുകൊണ്ടു തന്നെ ചെറുപ്പം മുതൽക്കേ കൃഷിയോട് വലിയ താല്പര്യമുണ്ടായിരുന്നുവെങ്കിലും ബിസിനസിലേക്ക് കടന്നതുകൊണ്ട് കൃഷിയിലേക്ക് തിരിഞ്ഞിരുന്നില്ല. ഒപ്പം ബിസിനസിൽ ഉണ്ടായിരുന്ന സുഹൃത്ത് കെ.എസ്. കുമാർ ജെമേക്കയിൽ ആയിരം ഏക്കർ കൃഷിഭൂമി വാങ്ങി കൃഷി ചെയ്യുന്ന ഒരു സംരംഭത്തിന് ഒപ്പം കൂടാമോ എന്ന് ചോദിച്ചു. അങ്ങനെ ഫാം ബിസിനസിലേക്കും തിരിഞ്ഞു. ഇപ്പോൾ ഇരുന്നൂറ് ഏക്കറിൽ തുടങ്ങിയ കൃഷി ആയിരം ഏക്കറിലേക്ക് വളരുന്നു.

## കുടുംബം, ജീവിത വിജയം

പട്ടം താണുപിള്ള കേരള മുഖ്യമന്ത്രി ആയിരിക്കെ പി.എസ്പി സ്റ്റേറ്റ് പ്രസിഡന്റായിരുന്നു ദിലീപ് വർഗീസിന്റെ പിതാവ് ബി.സി. വർഗീസ്. ചാലക്കുടിയിൽ നിന്ന് ഒരു തവണ മത്സരിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും ഇക്കണോമിക്സിലും ബിരുദാനന്തര ബിരുദവും പൊളിറ്റിക്കൽ സയൻസിലും ജേർണലിസത്തിലും ഡിപ്ലോമയും നേടിയ ശേഷം ബി.സി. വർഗീസ് മദ്രാസ് ലയോള കോളജിൽ അദ്ധ്യാപകനായി. പിന്നെ ജോലി ഉപേ




ക്ഷിച്ചാണ് അദ്ദേഹം സജീവ രാഷ്ട്രീയ പ്രവർത്തകനാകുന്നത്. പിന്നീട് പട്ടം താണുപിള്ളയുമായുള്ള അഭിപ്രായ വ്യത്യാസത്തെ തുടർന്ന് പി.എസ്.പി വിട്ടു. അൻപത്തിയേഴാമത്തെ വയസിൽ അദ്ദേഹം മരിച്ചു. പിന്നീട് കണ്ണിലെ കൃഷ്ണമണിപോലെ മക്കളെ നോക്കി വളർത്തിയ അമ്മ റോസി വർഗീസിനു ജനുവരി നാലിന് 101 വയസ്സ് തികഞ്ഞു. അമ്മയെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ തൊണ്ടയിടറി. അമ്മയ്ക്ക് പകരം അമ്മ മാത്രം. ഒൻപതു മക്കളാണ്. അഞ്ചാണും നാലു പെണ്ണും. മൂന്നുപേർ അമേരിക്കയിലുണ്ട്. ദിലീപ് വർഗീസിന്റെ പത്നി കുഞ്ഞുമോൾ 'ഓക്സ്ഡന്റൽ കൺസ്ട്രക്ഷൻ' എന്ന കമ്പനിയുടെ ചുമതല വഹിക്കുന്നു. ന്യൂയോർക്കിലെ പ്രമുഖ ഗവണ്മെന്റ് ഏജൻസികളുടെ വർക്കുകൾ കഴിഞ്ഞ നിരവധി വർഷങ്ങളായി കമ്പനി ഏറ്റെടുത്ത് നടത്തുന്നു. എഞ്ചിനിയറായ ഏകമകൻ അജിത് വർഗീസ് പിതാവിന്റെ പാതയിൽ ഒപ്പമുണ്ട്. റിയൽ എസ്റ്റേറ്റ് മേഖലയിലെ സാധ്യതകൾ മുന്നിൽകണ്ട് സ്ഥാപിച്ചതാണ് 'ക്രോസ് റോഡ്സ് സർവീസസ്'. കുടുംബത്തിന്റെ പിന്തുണയും അമ്മയുടെ പ്രാർത്ഥനയും കൂടി ആകുമ്പോൾ അദ്ദേഹത്തിന്റെ വിജയത്തിന് പത്തരമാറ്റ് തിളക്കം.

ദിലീപ് വർഗീസ് പടുത്തുയർത്തിയ സാമ്രാജ്യം മലയാളികൾക്ക് എക്കാലത്തെയും അഭിമാനമാണ്. ദിലീപ് വർഗീസിന്റെ നിശ്ചയദാർഢ്യവും കഠിനാധ്വാനവും ശുഭാപ്തി വിശ്വാസവും സർവോപരി ആസൂത്രണ മികവും കൃത്യനിഷ്ഠയുമാണ് അദ്ദേഹത്തെ മികച്ച സംരംഭകനാക്കുന്നതും അസൂയാവഹമായ വിജയങ്ങൾ വാരിക്കൂട്ടാൻ പ്രാപ്തനാക്കുന്നതും. അദ്ദേഹത്തിന്റെ ജീവിതം പുതിയ തലമുറയ്ക്കുള്ള പാഠപുസ്തകമാണ്. ജീവിതത്തിൽ വിജയം കൊയ്യാൻ വെമ്പുന്നവർക്ക് നേരിന്റെ വലിയ മാതൃക. അമേരിക്കൻ മലയാളികൾക്ക് പ്രിയങ്കരനായ ദിലീപ് വർഗീസ് തന്റെ യാത്ര തുടരട്ടെ.... പ്രാർത്ഥനകൾ

© Kerala Express

വാരാന്ത്യം

# ദയാബായിയും പീറ്റർ കുളങ്ങരയും കാരുണ്യത്തിന്റെ രണ്ട് മുഖങ്ങൾ



ലേഖനം



അനിൽ പെണ്ണുക്കര

അപ്രതീക്ഷിതമായി വന്ന ഒരു വീഡിയോ കോൾ. കോൾ എടുത്തപ്പോൾ മറുതലയ്ക്കൽ പീറ്റർ കുളങ്ങര. ചിക്കാഗോ മലയാളികൾക്ക് ഏറെ പരിചിതനായ അദ്ദേഹം ഒരു കട്ടിലിൽ കിടന്നു കൊണ്ടാണ് സംസാരിക്കുന്നത്. പെട്ടെന്ന് എന്തോ ഒരു അസുഖം പിടി കൂടിയെന്നും നിശ്ചയിച്ചുറപ്പിച്ച കേരളത്തിലെ ജീവകാരുണ്യ പരിപാടിക്ക് വരാൻ സാധിക്കില്ല എന്ന് പറയുമ്പോഴും അദ്ദേഹത്തിന്റെ വിഷമം എനിക്ക് വായിച്ചെടുക്കാമായിരുന്നു. 'ആ കുട്ടികളെയൊക്കെ ഒന്ന് കാണണമെന്ന് വലിയ ആഗ്രഹമായിരുന്നു. അവർക്ക് വേണ്ടത് വീൽ ചെയർ മാത്രമല്ലെന്ന് അറിയാം. വേണ്ടതെല്ലാം നമുക്ക് കൊടുക്കാം. എന്തായാലും അനിലും കാസർഗോഡിന് പോകണം.'

കേരളത്തിന്റെ അങ്ങേ അറ്റത്ത് എൻഡോസൾഫാൻ ദുരിതം മൂലം ജീവിതത്തിൽ നിന്ന് അനാഥരായ കുറച്ച് കുട്ടികൾക്കും, അച്ഛനമ്മമാർക്കും കൈത്താങ്ങ് ആകുവാൻ പീറ്റർ കുളങ്ങരയുടെ നേതൃത്വത്തിൽ ചിക്കാഗോ സോഷ്യൽ ക്ലബ്ബും, മിഡ് വെസ്റ്റ് മലയാളി അസോസിയേഷനും തീരുമാനിച്ച നിമിഷത്തെ ഏതോ ഒരു ശക്തിയുടെ ഇടപെടലായി മാത്രമെ കാണാനാകു. കഴിഞ്ഞ വർഷം കോട്ടയത്ത് ഭിന്ന ശേഷിക്കാരായ കുട്ടികൾക്കും, മുതിർന്നവർക്കും വീൽ ചെയറും, മുച്ചക്ര സ്കൂട്ടറും, ഹിയറിംഗ് എയ്ഡ്സും നൽകുമ്പോഴും രണ്ടാം ഘട്ടം കാസർഗോട്ടേക്ക് എത്തുമെന്നത് നിയോഗമല്ലാതെ മറ്റൊന്നുമല്ല. 'കാസർഗോട്ട് വീൽ ചെയർ കൊടുക്കുവാൻ തീരുമാനിച്ചപ്പോഴേ മനസ്സിൽ വന്ന പേരായിരുന്നു ദയാബായി. മറ്റൊരാളെ അന്വേഷിക്കേണ്ടി വന്നില്ല. കൃത്യമായി ആ കുട്ടികൾക്കും കുടുംബങ്ങൾക്കും സഹായം എത്തുമല്ലോ' പീറ്റർ കുളങ്ങര ഇങ്ങനേയും ഒരു വാക്ക് കൂടി ചേർത്തപ്പോഴാണ് എത്ര കൃത്യമായിട്ടാണ് അദ്ദേഹം ഈ സംരംഭത്തെ അടയാളപ്പെടുത്തുന്നത് എന്ന് മനസിലായത്.

ജീവിതത്തിന്റെ ആറ് പതിറ്റാണ്ടിലേറെയായി മധ്യപ്രദേശിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുകയും അവർക്ക് വേണ്ടി ജീവിതം മാറ്റി വെയ്ക്കുകയും ചെയ്ത ദയാബായി കാസർഗോട്ടെ എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണത്തിനായി തന്റെ ജീവിതം കാസർഗോട്ടേക്ക് പറിച്ചു നടുമ്പോൾ തനിക്ക് നേരിടേണ്ടി വരുന്നത് വലിയ പ്രതിസന്ധിയാണെന്ന് ഒരിക്കലും മനസിലാക്കിയിട്ടുണ്ടാവില്ല. കേന്ദ്ര, കേരള ഭരണ സിരാകേന്ദ്രങ്ങളിൽ നിന്ന് ലഭിക്കേണ്ട ഒരു സഹായവും എൻഡോസൾഫാൻ മേഖലയ്ക്ക് ലഭിക്കാതെയാകുമ്പോൾ സഹായിക്കാനെത്തുന്ന സുമനസുകളെ ഒപ്പം നിർത്തി തന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോവുകയാണ് ദയാബായി. ഒപ്പം കൂടാൻ പീറ്റർ കുളങ്ങരയെ പോലെ ആത്മാർത്ഥമായി ജീവകാരുണ്യ പ്രവർത്തനങ്ങളെ നോക്കിക്കാണുന്ന ഒരാൾ കൂടി



ഉണ്ടായപ്പോൾ ധന്യമായത് ഭിന്ന ശേഷിക്കാരായ നൂറോളം മനുഷ്യരുടെ പ്രതീക്ഷയായിരുന്നു.

കഴിഞ്ഞ ദിവസം കാസർഗോട്ട് നടന്ന ചടങ്ങിൽ തന്നെയും തന്റെ മക്കളേയും സഹായിച്ച ഇതുവരെ നേരിൽ കാണാത്ത പീറ്റർ കുളങ്ങരയെയും, മൂന്ന് സംഘടനകളെയും കുറിച്ചും സംസാരിച്ചപ്പോൾ ദയാബായി വിങ്ങിപ്പൊട്ടി. ഒപ്പം എൻഡോസൾഫാൻ ദുരിതം വിതച്ച ചില കുടുംബങ്ങളുടെയും ദുരിതബാധിതരുടെയും കഥകൾ കൂട്ടിയിണക്കി ദയാബായി തന്നെ തയാറാക്കിയ ഒറ്റയാൾ നാടകവും സദസിനെ ഈറനണിയിച്ചു. തന്റെ എൺപത്തിയാറാം വയസിൽ അവർ ഒരു സമൂഹത്തിനു നൽകുന്ന പ്രതീക്ഷ ചെറുതല്ല.

ഞങ്ങൾക്ക് ചെയ്യാൻ പറ്റുന്നതല്ലാം ഈ കുട്ടികൾക്കും കുടുംബങ്ങൾക്കും വേണ്ടത് ചെയ്യും എന്ന് ചടങ്ങിൽ പങ്കെടുത്ത പോൾസൺ കുളങ്ങര അറിയിച്ചതും ഹർഷാരവത്തോടെയാണ് സദസ് സ്വീകരിച്ചത്.

ജീവിതത്തിലേക്ക് തിരിച്ചു നടക്കാൻ നാം അവർക്ക് നൽകേണ്ടത് പ്രതീക്ഷ കളാണ്. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾക്ക് കൈത്താങ്ങ് ആവു കയാണ്. ഒരു വീൽ ചെയർ, ഹിയറിംഗ് എയ്ഡ്, കരകൗശല വസ്തുക്കൾ ഉണ്ടാക്കാൻ ഉപകരിക്കുന്ന ചെറിയ ഉപകരണങ്ങൾ, പഠിക്കുന്ന കുട്ടികൾക്ക് വേണ്ട സഹായങ്ങൾ, മരുന്നുകൾ അങ്ങനെ അവരുടെ ജീവിതത്തിലേക്ക് കടന്നു ചെല്ലാം. ദയാബായിയേയും പീറ്റർ കുളങ്ങരയേയും നമുക്ക് കരുതാം. എൻഡോസൾഫാൻ മേഖലയിലെ ദുരിതമനുഭിക്കുന്ന കുഞ്ഞുങ്ങൾക്കായി...

Contact:
**പീറ്റർ കുളങ്ങര**
ഫോൺ: 847-951-4476





# ഇനീം സിഗ്നലോ കർത്താവേ..?



നർമ്മം മർമ്മം



രാജീവ് പണിക്കർ

കേരളാ എക്സ്പ്രസ് വാരാന്ത്യം

ഒരു കല്യാണം കൂടിക്കൊണ്ടിരിക്കുവായിരുന്നു ഞാൻ. ഏതോ ഒരു കിടിലം ടീമിന്റെ ബുഫെ ആയിരുന്നു. ഒടുക്കത്തെ തെരക്ക്. ഞാൻ നൈസായി ഒരു പ്ലേറ്റും കൈയിലെടുത്ത് ക്യൂവിൽ കേറിക്കൂടി!

പ്ലേറ്റുമായി നിൽക്കുമ്പോൾ പുറകിൽ നിന്ന് ഒരു ചങ്ങാതി മറ്റൊരാളോട് ബുഫെ കഴിക്കുന്നതിനെ പറ്റി തള്ളുന്നുണ്ടായിരുന്നു. ബുഫെയ്ക്കൊരു സീക്വൻസ് ഉണ്ടത്രേ. ആദ്യം സൂപ്പ്. അതിൽ പെപ്പർ ചേർക്കണം. അല്പം ഉപ്പും. 'അവർ അതുണ്ടാക്കുമ്പോൾ ചേർക്കില്ലേ' എന്ന ചോദ്യത്തിന്, 'പൊതുവെ സാൾട്ട് ആൻഡ് പെപ്പർ ടോപ് അപ് ചെയ്യും വിധ'മാണത്രെ സൂപ്പിന്റെ പ്രിപ്പറേഷൻ. അതു കഴിഞ്ഞ് സാലഡ്സ്. പിന്നെ, അല്പം വെജിറ്റബിൾസ്. അതിനു ശേഷം അര കവിൾ വെള്ളം കുടിച്ച ശേഷം അപ്പം, ചപ്പാത്തി അല്ലെങ്കിൽ കോയിൻ പൊറോട്ട. മൂന്നും കൂടെ കഴിക്കരുത് പോലും. ഇത്രയും കഴിഞ്ഞ ശേഷം ഫ്രൈഡ് റൈസ് അല്പം കഴിച്ച് മുകളിൽ അല്പം ചോറും കഴിച്ച് തൃപ്തി ആകുമ്പോൾ ഡെസേർട്സ് കഴിച്ച് അവസാനിപ്പിക്കണം.

'പിന്നേ... സീക്വൻസൊക്കെ എന്റെ പട്ടി നോക്കും' എന്ന് മനസ്സിൽ വിചാരിച്ചെങ്കിലും ഞാൻ ആദ്യം ഇച്ചിരി സൂപ്പെടുത്ത് സോൾട്ടും പേപ്പറും കുടഞ്ഞിട്ടു. സൂപ്പിന്റെ ടേസ്റ്റ് നോക്കിക്കഴിഞ്ഞപ്പോഴേക്കും തന്നെ ബോറടിച്ചു. പിന്നെ സീക്വൻസും എത്തിക്ക്വറ്റ്സും എല്ലാം ഞാൻ മറന്നു.. പ്ളേറ്റിന്റെ, ഗ്യാപ്പുള്ള എല്ലായിടത്തും എന്തൊക്കെയോ കോരിയിട്ട് എങ്ങനെയൊക്കെയോ വലിച്ചു കയറ്റി കഴിച്ച് ഇറങ്ങി, ഞാൻ തിരികെ ഡ്രൈവ് ചെയ്തു. വീട്ടിലെത്തി. ഉറങ്ങി.

രാവിലെ എഴുന്നേറ്റപ്പോൾ തന്നെ എട്ടരയായി. പതിവു പോലെ ആറരയ്ക്ക് വെച്ച അലാം അടിച്ചടിച്ച് ഫോണിന് നാണമായപ്പോൾ തനിയെ നിന്നിട്ടുണ്ട്. എല്ലാവരും അവരവരുടെ ജോലികൾക്കായി ഇറങ്ങിയിരിക്കുന്നു. അടുക്കളയിൽ കയറി നോക്കിയപ്പോൾ കൊറോണയെ തോൽപ്പിക്കാൻ വാട്സാപ്പ് നിർദേശിച്ച, ഇളം ചൂടുവെള്ളത്തിൽ നാരങ്ങാ പിഴിഞ്ഞത് ഉപ്പിടാതെ ഒരു ഗ്ലാസ്സിൽ അടച്ചു വെച്ചിട്ടുണ്ട്. ഒരു ബൗളിൽ പൈനാപ്പിളും മുറിച്ച് കഷണങ്ങളാക്കി വെച്ചിട്ടുണ്ട്. പല്ലും തേച്ച് കുളീം കഴിഞ്ഞ് പൈനാപ്പിളും നാരങ്ങാവെള്ളവും കഴിച്ച് ഒരു ഹോസ്പിറ്റൽ കേസുമായി ബന്ധപ്പെട്ട് മെഡിക്കൽ ട്രസ്റ്റിലേക്ക് പോകാൻ കാറുമെടുത്ത് ഉടനെത്തന്നെ ഞാൻ എറണാകുളത്തേക്ക് പുറപ്പെട്ടു..

ആലുവ എത്താറായപ്പോഴാണ് ആദ്യത്തെ സിഗ്നൽ വന്നത്. അമിതവേഗതയിൽ അതിനെ അവഗണിച്ചെങ്കിലും ലക്ഷണങ്ങൾ വളരെ വ്യക്തമായിരുന്നു.. കൂടുതൽ പ്രശ്നമാകും മുൻപ് മുന്നിലുള്ള ഓരോ വണ്ടികളെയും വെട്ടിയൊഴിഞ്ഞ് ചെറിയ ഗ്യാപ്പുകൾ പോലും ഉപയോഗപ്പെടുത്തി ഞാൻ കാറോടിച്ചു കൊണ്ടേയിരുന്നു. പക്ഷേ, വലിയ കാര്യമൊന്നുമുണ്ടായില്ല. സിഗ്നലുകൾ തുടർച്ചയായി വീണ്ടും വന്നുകൊണ്ടേയിരുന്നു. ഒടുക്കം രണ്ടും കൽപ്പിച്ച് വണ്ടി എവിടെയെങ്കിലും നിർത്താൻ ഞാൻ തീരുമാനമെടുത്തു.

ബൈപാസിൽ നിരനിരയായി പോകുന്ന ഓരോ വാഹനങ്ങളുടെയും ഹോണുകളുടെയും തീവ്രശബ്ദം എന്റെ പ്രശ്നങ്ങൾ വർദ്ധിപ്പിച്ചു കൊണ്ടേയിരുന്നു. അരിച്ചരിച്ച് നീങ്ങിയ വാഹനങ്ങൾക്കിടയിലൂടെ കിട്ടിയ ഒരു ചെറിയ ഗ്യാപ്പിൽ കുത്തിക്കയറ്റി ഞാൻ വീശി വളച്ച് ഒബ്റോൺ മാൾ പാർക്കിങ്ങിലേക്ക് വണ്ടി കയറ്റാൻ നോക്കി..

'സ്റ്റോപ്പ്!'

മുന്നോട്ട് ഇറങ്ങുന്ന വഴി തടഞ്ഞു കൊണ്ട് ഒരു സെക്യൂരിറ്റി നിൽക്കുന്നു.

'എവിടേക്കാ?'

'മാളിലേക്ക്...'

'പിന്നെ വാ... പതിനൊന്ന് മണിക്കേ മാൾ തുറക്കൂ...'

എന്റെ ചെവിയിലാണ് ഞാൻ അത് കേട്ടതെങ്കിലും റിയാക്ഷൻ മറ്റൊരിടത്താണ് ഉണ്ടായത്... ഒരു ചെറിയ ഹോൺ ശബ്ദമായി അത് പുറത്തേക്ക് വന്നു. ശബ്ദം മാത്രമായിരുന്നോ എന്ന് അന്നേരം എനിക്ക് വ്യക്തമായില്ല. എല്ലാം അവസാനിച്ചു എന്ന് കരുതിയ നിമിഷം..

ഞാൻ മുഖത്ത് മാക്സിമം മാന്യത വരുത്താൻ ശ്രമിച്ചു കൊണ്ട് അയാളോട് ചോദിച്ചു..

'മാളിൽ ഷോപ്പിങ്ങിനല്ല... മറ്റൊരു അത്യാവശ്യത്തിനാണ്.'

'എന്ത്?'

'ടോയ്ലറ്റ്...'

അയാളുടെ മുഖത്ത് ഒരു ചിരി മിന്നി മാഞ്ഞുവോ?

'ഇവിടെ പറ്റില്ല. പതിനൊന്ന് മണിയാകും തുറക്കാൻ. വല്ല ഹോട്ടലും തപ്പ്.'

'തപ്പാൻ വയ്യ. എനി സജഷൻസ്?'

'സിഗ്നൽ കഴിഞ്ഞാൽ...'

'ഇനീം സിഗ്നലോ കർത്താവേ...'

'സിഗ്നൽ കഴിഞ്ഞാൽ അഭിരാമി ഉണ്ട്. ഹോട്ടൽ. വെജിറ്റേറിയൻ...'

അഭിരാമിയിലെ കോണിപ്പടിയ്ക്ക് ചുവട്ടിൽ മറച്ചു കെട്ടി ഉണ്ടാക്കിയ ടോയ്ലറ്റിൽ ഒരു ദീർഘ നിശ്വാസവുമായി ഇരിക്കുമ്പോൾ ഞാനോർത്തു...

'എന്തു കൊണ്ടാകും ആ സെക്യൂരിറ്റി ഇത് വെജിറ്റേറിയൻ ഹോട്ടൽ ആണെന്ന് പറഞ്ഞത്... നോൺ വെജിറ്റേറിയൻ ആയാൽ എന്തായിരുന്നു കുഴപ്പം?'

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

സിനിമാ കഥ

# കംഫർട്ടബിൾ വസ്ത്രമേ ഞാൻ ധരിക്കാറുള്ളൂ: ഹണി റോസ്



യാതൊരു തരത്തിലുമുള്ള നെഗറ്റീവ് കമന്റുകൾ തന്നെ ബാധിക്കാറില്ലെന്ന് നടി ഹണി റോസ്. നെഗറ്റിവിറ്റി ചെറുപ്പത്തിൽ തന്നെ ബാധിച്ചിരുന്നു എന്നും എന്നാൽ ഇപ്പോൾ അതൊരു തരത്തിലും തന്നെ ബാധിക്കുന്ന കാര്യമല്ലെന്നും ഹണി റോസ് പറയുന്നു. തനിക്ക് വളരെ കംഫർട്ടബിളാണെന്ന് തോന്നുന്ന വസ്ത്രം മാത്രമേ ധരിക്കാറുള്ളൂ എന്നും ഹണി പറയുന്നു.

"പൊതുപരിപാടികൾക്ക് പോകുന്നത് ആസ്വദിക്കുന്നയൊരാളാണ് ഞാൻ. ആ വൈബ് എനിക്ക് ഇഷ്ടമാണ്. നല്ല വസ്ത്രങ്ങൾ ധരിച്ച് ഒരുങ്ങിനടക്കുന്നത് ഞാൻ വളരെ ഇഷ്ടപ്പെടുന്ന കാര്യമാണ്. അതിനു വേണ്ടി തയ്യാറെടുപ്പുകൾ നടത്താനും എനിക്കിഷ്ടമാണ്. എനിക്ക് കംഫർട്ടബിളായ വസ്ത്രങ്ങൾ മാത്രമേ ഞാൻ ധരിക്കാറുള്ളൂ. എനിക്ക് അത് കംഫർട്ട് ആണെന്നും എനിക്കതിൽ ആത്മവിശ്വാസമുണ്ടെന്നും തോന്നുകയാണെങ്കിൽ എനിക്കത് ഓക്കെയായിരിക്കും. കംഫർട്ടബിൾ അല്ലെങ്കിൽ ഞാൻ കോൺഷ്യസ് ആവാറുണ്ട്. ചില വസ്ത്രങ്ങൾ വീട്ടിൽവെച്ച് ട്രൈ ചെയ്തു നോക്കി ഓക്കെയാണെന്ന് തോന്നിയാലും പുറത്തേക്ക് ഇട്ടുപോവുമ്പോൾ ചിലപ്പോൾ അൺകംഫർട്ടബിളായി തോന്നാറുണ്ട്. പ്രത്യേകിച്ച് ചില ഓൺലൈൻ മീഡിയാസൊക്കെ ഉള്ളതുകൊണ്ടു തന്നെ എന്തൊക്കെ ക്യാമറയിൽ പകർത്താമോ അതൊക്കെ അവരെടുക്കും. അതുകൊണ്ട് ചിലപ്പോൾ ബുദ്ധിമുട്ടുണ്ടാകാറുണ്ട്. ചിലപ്പോൾ അത് കാര്യമാക്കാറില്ല', ഉദ്ഘാടനം പോലെയുള്ള പരിപാടികളിലേക്ക് എന്നെ ക്ഷണിക്കുന്നത് വലിയൊരു അനുഗ്രഹമായാണ് കാണുന്നത്.

നമ്മളെ കാണാൻവേണ്ടി ഏറ്റവും തിരക്കുള്ള സമയം മാറ്റിവെച്ച് ആളുകൾ വരുന്നത് ഏറെ സന്തോഷമുള്ള കാര്യമാണ്. എനിക്കും അവർക്കും തുല്യ പ്രാധാന്യമാണവിടെ. ചിലപ്പോൾ ഭീകരമായ വെയിലായിരിക്കും അല്ലെങ്കിൽ മഴയായിരിക്കും എന്നിട്ടും നമ്മളെ കാണാൻ അവർ വരുന്നു,സ്നേഹം കാണിക്കുന്നു. അത് മാജിക്കലായ ഒരു അവസ്ഥയാണ്. എത്ര നേരം വേണമെങ്കിലും നിന്ന് സെൽഫിയൊക്കെയെടുത്ത ശേഷമേ ഞാൻ പോകാറുള്ളൂ. എനിക്ക് അതൊക്കെ ഇഷ്ടമാണ്. ഓരോ പരിപാടി കഴിയുമ്പോഴും ഒരുപാട് സ്റ്റോറികളുണ്ടാകും.

എപ്പോഴും ഒരു സമാധാനപരമായ സാഹചര്യത്തിൽ ജീവിക്കാനിഷ്ടപ്പെടുന്നയാളാണ് ഞാൻ. ആരോടും വഴക്കുണ്ടാക്കാതെ, ആരുടേയും കാര്യങ്ങളിൽ അനാവശ്യമായി ഇടപെടാതെ സന്തോഷത്തോടെയും സമാധാനത്തോടെയും ഇരിക്കാൻ ഇഷ്ടപ്പെടുന്നയാളാണ് ഞാൻ. ചില കമന്റുകൾ വായിക്കാറുണ്ട്. ചിലത് വായിക്കാറില്ല. വായിച്ചാലും ഇല്ലെങ്കിലും എന്നെ അത് ബാധിക്കാറില്ല. എന്തെങ്കിലും നെഗറ്റീവ് കമന്റ് വരുന്നത് ഫോർവേഡ് ചെയ്തു തരുന്നതും എനിക്ക് താത്പര്യമുള്ള കാര്യമല്ല.

# കെഎസിടി ക്രിസ്മസ്–പുതുവത്സര പരിപാടികൾ ആഘോഷിച്ചു

**വീണ പിള്ള**

കണക്ടിക്കട്ട്: കേരള അസോസിയേഷൻ ഓഫ് കണക്ടിക്കട്ടിന്റെ (കെഎസിടി) ക്രിസ്മസ്-പുതുവത്സരാഘോഷ പരിപാടികൾ ജനുവരി 11-ന് ന്യൂയിങ്ടൺ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ അതിഗംഭീരമായി ആഘോഷിച്ചു. വർദ്ധിത പങ്കാളിത്തത്തോടെ മലയാളികൾ സമന്വയിച്ച ഈ ചടങ്ങ് സംഘടനയുടെ ചരിത്രത്തിലെ ഏറ്റവും വിജയകരമായ ക്രിസ്മസ്-പുതുവത്സര ചടങ്ങായി അടയാളപ്പെടുത്തി.

കഴിഞ്ഞ വർഷത്തെ സംഘടനയുടെ നാഴികക്കല്ലുകൾ പ്രതിപാദിച്ച പ്രസംഗത്തിൽ കെഎസിടി പ്രസിഡണ്ട് വീണ പിള്ള അംഗങ്ങളെ സംസ്കാര സംരക്ഷണത്തിന്റെയും പരസ്പര ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും ആവശ്യകതകൾ ഓർമ്മപ്പെടുത്തുകയും അംഗങ്ങൾക്ക് ക്രിസ്മസ്-പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

വൻ സ്ത്രീപങ്കാളിത്തത്തോടെ അരങ്ങേറിയ മെഗാ മാർഗ്ഗംകളി പരിപാടികളുടെ മാറ്റ്കൂട്ടി. കേരളത്തിന്റെ സമ്പന്നമായ പൈതൃകം പ്രദർശിപ്പിക്കുന്ന ഈ കലാരൂപം കണക്ടിക്കട്ടിൽ ആദ്യമായാണ് അവതരിപ്പിക്കുന്നത്. ക്രിസ്മസിന്റെ സത്ത മനോഹരമായി പകർത്തിയ രംഗാവിഷ്കാരവും കുഞ്ഞുമാലാഖമാരുടെ നൃത്തച്ചുവടുകളും കൂടിയ ഹൃദ്യമായ പ്രകടനങ്ങളോടെയാണ് സായാഹ്നം ആരംഭിച്ചത്. കെഎസിടി വൈസ് പ്രസിഡണ്ട് സ്റ്റീഫൻ ജോസഫിന്റെ നേതൃത്വത്തിൽ സെ. ജോൺസ് ക്നാനായ പള്ളി ഗായകസംഘം നടത്തിയ ക്രിസ്മസ് കരോൾ ആഘോഷരാവിനു മാറ്റുകൂട്ടി. പ്രഗത്ഭരായ പ്രാദേശിക കലാകാരന്മാരുടെ മിന്നുന്ന നൃത്തപരിപാടികളും മ്യൂസിക്കൽ മെലഡിയും പരിപാടികൾക്ക് ചാരുതയേകി.

ആർട്സ് ക്ലബ് സെക്രട്ടറി അക്ഷത പ്രഭുവിന്റെ നേതൃത്വത്തിൽ മനോഹരമായി സംഘടിപ്പിച്ച പരിപാടികൾക്ക് ശേഷം ഓഡിറ്റർമാരായ അജു മനോഹരൻ, ഷൈജു മോഹൻ എന്നിവരുടെ നേതൃത്വത്തിൽ പരിപാടികളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുവാനും തീരുമാനം കൈക്കൊണ്ടു. ട്രഷറർ റിജോയ് അഗസ്റ്റിൻ വിശദമായ വാർഷിക സാമ്പത്തിക കണക്കുകൾ അവതരിപ്പിച്ചു.

പരിപാടികളുടെ വിജയത്തിനു സംഭാവന നല്കിയ സന്നദ്ധപ്രവർത്തകർക്കും സ്പോൺസർമാർക്കും സംഘാംഗങ്ങൾക്കും സെക്രട്ടറി ശരത് ശിവദാസ് ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തി.

അനൂപ് ശശികുമാർ വരുന്ന വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ പ്രഖ്യാപിച്ചു. പ്രസിഡണ്ട്-വീണ പിള്ള, വൈസ് പ്രസിഡണ്ട്-ഷിബു ചെറിയാൻ, സെക്രട്ടറി-അതുൽദാസ്, ജോ. സെക്രട്ടറി-പോത്തൻ കുര്യാക്കോസ്, ആർട്സ് ക്ലബ് സെക്രട്ടറി-അനു അനിൽകുമാർ, ജോ. ആർട്സ് ക്ലബ് സെക്രട്ടറി-ജൂലിൻ ജോസ്, ട്രഷറർ-റിജോയ് അഗസ്റ്റിൻ, ഓഡിറ്റർ-ജോൺസൺ ജോസഫ്, ഓഡിറ്റർ-പ്രിൻസ് ചെറിയാൻ, ഇലക്ഷൻ ഓഫീസർ-വിഷ്ണു നവനീത് നാരായണൻ.

കൊച്ചിൻ ഹട്ട് റസ്റ്റോറന്റ് കേരളത്തനിമയോടെ ഒരുക്കിയ ഡിന്നറോടെ ആഘോഷങ്ങൾ സമാപിച്ചു. അംഗങ്ങൾക്ക് എന്നെന്നും സ്വാഭിമാനത്തോടെ ഓർമ്മിക്കുവാൻ പറ്റുന്ന ആഘോഷരാവായി ഈ വർഷത്തെ ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾ മാറി.
















# ഫോമാ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ് ഇനി സിനിമാനടൻ

ചിക്കാഗോ: ഫോമാ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ് ഇനി സിനിമയിൽ അഭിനയിക്കുന്നു. 'ശുക്രൻ' എന്ന സിനിമയിലാണ് തമിഴ്നാട് കമ്പനി മുതലാളിയായി ഷാലുവിന് വേഷമിടാൻ അവസരം ലഭിച്ചത്. തന്റെ വളരെക്കാലമായുള്ള ഒരു ആഗ്രഹമായിരുന്നു സിനിമയിൽ അഭിനയിക്കുക എന്നുള്ളത്. ഈ ആഗ്രഹം സാധിച്ചതിൽ താൻ വളരെയധികം സന്തോഷവാനാണെന്ന് ഷാലു പുന്നൂസ് പറഞ്ഞു.





നേരത്തെ ഫോമായുടെ ഏറ്റവും പ്രായംകുറഞ്ഞ വൈസ് പ്രസിഡണ്ടായി ഷാലു വിജയിച്ചിരുന്നു. എല്ലാം ദൈവാനുഗ്രഹം മാത്രം എന്നാണ് അദ്ദേഹം പറയുന്നത്. അമേരിക്കൻ മലയാളിയായ ജീമോൻ ജോർജാണ് ഷാലു പുന്നൂസിന് ഈ അവസരം ഒരുക്കിക്കൊടുത്തത്. ഷാലൂസ് വളരെ ഭംഗിയായി അഭിനയിക്കുകയും ഇനിയും നിരവധി അവസരങ്ങൾ ഷാലുവിന് വരട്ടെയെന്നും ജീമോൻ പറയുകയുണ്ടായി. തനിക്ക് അവസരം ഒരുക്കിയ ജീമോൻ ജോർജിനും രാഹുൽ കല്യാണിനും ശുക്രൻ സിനിമയിലെ എല്ലാ അണിയറ പ്രവർത്തകർക്കും ഷാലു നന്ദി അറിയിച്ചു.

# ആസ്റ്റർ മെഡ്സിറ്റിയുമായി ഫോമാ മെഡിക്കൽ കാർഡ് കരാർ ഒപ്പുവെച്ചു

**ഫോമാ ന്യൂസ് ടീം**

കൊച്ചി: നോർത്ത് അമേരിക്കൻ മലയാളികളുടെ ബൃഹത് ഫെഡറേഷനായ ഫോമാ കൊച്ചിയിലെ പ്രശസ്തമായ ആസ്റ്റർ മെഡ്സിറ്റിയുമായി സഹകരിച്ച് അമേരിക്കൻ മലയാളികൾക്കും അവരുടെ ബന്ധുക്കൾക്കും വേണ്ടി മെഡിക്കൽ കാർഡ് ലഭ്യമാക്കും. ഇതു സംബന്ധിച്ച് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലും ആസ്റ്റർ മെഡ്സിറ്റി അസിസ്റ്റന്റ് മാനേജർ (കോർപറേറ്റ് റിലേഷൻസ് ആൻഡ് കമ്യൂണിറ്റി കണക്ട്) ആല്ജിൻ തോമസ് ടി.ജെയുമായി എം.ഒ.യുവിൽ ഒപ്പുവെച്ചു,



നാട്ടിലെത്തുന്ന അമേരിക്കൻ മലയാളികൾക്കും അവരുടെ ബന്ധുക്കൾക്കും വേഗത്തിൽ മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ ഈ മെഡിക്കൽ കാർഡ് ഏറെ ഉപകരിക്കുമെന്ന് ബേബി മണക്കുന്നേൽ അറിയിച്ചു. ഫോമാ കർമ്മഭൂമിയിലും ജന്മനാട്ടിലും സമയബന്ധിതമായി നടപ്പാക്കുന്ന ജനപക്ഷമുഖമുള്ള പദ്ധതികളുടെ ഭാഗമായാണ് മെഡിക്കൽ കാർഡ് വിതരണം ചെയ്യുന്നത്.

ഏവർക്കും ഈ കാർഡ് പ്രയോജനകരമാകട്ടെയെന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ പറഞ്ഞു.

# PRAY FOR DONALD TRUMP

## THE 47TH US PRESIDENT

Another contentious US President election is over and the people have spoken and elected Donald John Trump as the 47th US President. This is very historic since this is only the second time in US history, that the same person has been elected twice as US president. Trump was the 45th US President but lost to Joseph Biden after his first term and now historically he is elected one more time to be the 47th US President.

The Nation is divided, people in both parties are still angry at each other, there is enough finger pointing at party leaders for their horrible mistakes, violence, ignoring the laws of the Nation, committing crimes and found guilty of crimes by one party leader. Poor immigration policies, inflation, conflicts in the Middle East and Russian Ukraine wars, increase of crime & poor conditions in certain cities due to poor leadership by another party leader. Both Republican and Democratic party and their leaders are to blame for many problems the Nation faces.

One party is for gun rights when other party is for guncontrol, one party supports abortion with little restrictions and the other party is against all abortions including incest, rape etc., one party is for climate control and the other do not believe in climate control, one too soft on illegal immigration and the other too strict on all kinds of immigration etc. The leaders and politicians in both major parties are not willing to come together and iron out their differences for the good of the Nation. Most policies are approved strictly on party affiliation rather than common understanding or willingness to compromise on very important issues.

America is a great Nation compared to all other Nations in the world. It is still arguably the Nation with the strong economy in the world. This is the only Nation that help other Nations doing their difficult times. This is the only Nation that allows others to come and make a decent living. This is the only Nation that gives so much freedom to its citizens, allow everyone to work and make a decent living, allow everyone to worship according to their choice and enjoy life. This Nation has blessed many other poor Nations in the world and always shows compassion and mercy to the poor and needy around the world.

Despite all disagreements on issues such as political, moral, judicial, racial etc., it is hard to find another country anywhere in the world that treat people better, accept people as they are, give



the freedom when it comes to religion, worship, education and opportunities. Wherein the world can you get world class health care, plentiful food to eat, better technology, better hygiene, better highways, better life? So let us pray for this wonderful Nation and its leaders for our good.

Regardless of our party affiliation, we must all support the leaders elected by the people and respect the result of the election. We all have a serious responsibility to pray for the leaders of this great Nation, so that they will be used by God per His plan and purpose rather than the choice of the party itself. No political parties or their elected leaders are perfect. Many are greedy, selfish, and arrogant and some even encourage violence to get into leadership.

The Bible says, "I urge that supplications, prayers, intercessions and thanksgivings be made for all people, for kings and all who are in high positions, that we may lead a peaceful and quiet life, godly and dignified in every way. This is good and it is pleasing in the sight of God, our Savior" (1st Timothy 2:1 to 3). Our National, State or Local leaders are holding high positions and we must pray for them each day, so that God will give them wisdom and understating to make and enforce the correct laws and policies which will help the Nation to be peaceful, progressive and productive.

A bad leader will lead the Nation to confusion, conflicts, calamities, and crimes and eventually to violence, wars, economic depression and to a Nation to total failure. Regardless of the party support, the powerful people in the cabinet, the support of the richest person in the world, the President needs the help of a higher power to be successful. That help is available to those in leadership who fear God, seek His face for direction, and do His will and rule per God's will.

On January 20, 2025, Supreme Court Chief Justice, John Roberts will recite the oath to PresidentTrump while the president will place his right hand on the " Holy Bible" and will conclude the pledge with the most powerful words" SO HELP ME GOD". God's help and grace are so vital for any leader to lead the Nation to unity, peace, progress, strength, prosperity, respect and to be



Joseph Kurian, Houston

great.

Let the presidents words heal the Nation, actions unite the Nation, decisions prosper the Nation, policies produce positive results, character mend relationships, kindness show compassion to poor and needy and his heart be thankful to almighty God. Our sincere intercession for the Nation, the President and leaders are required by God and we must support, pray and respect our leaders whether we agree with or not because we all love this great Nation. Let us pray sincerely for president Trump and this great Nation.

# ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണിക്ക് കൈരളി ടിവിയുടെ ആദരവ്

ഫൊക്കാന ന്യൂസ് ടീം

ചിക്കാഗോ: ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണിയെ കൈരളി ടിവി ആദരിച്ചു. കൈരളി ടിവി കർഷകരെ പ്രോത്സാഹിപ്പിക്കുവാൻ വർഷംതോറും നല്കിവരുന്ന കതിർ അവാർഡ് വേദിയിൽ വെച്ച് കൈരളി ചെയർമാൻ മമ്മൂട്ടിയിൽ നിന്നാണ് ഡോ. സജിമോൻ ആന്റണി ആദരവ് സ്വീകരിച്ചത്. അമേരിക്കൻ മലയാളി സാമൂഹിക, സാംസ്കാരിക മേഖലയ്ക്കും മാധ്യമ മേഖലയിലും നല്കിയ സംഭാവനകൾ പരിഗണിച്ചാണ് ഈ ആദരവ് നല്കിയത്. കഴിഞ്ഞ പത്ത് വർഷത്തിലധികമായി അമേരിക്കൻ മലയാളി സാമൂഹിക പ്രവർത്തന രംഗത്ത് സജീവമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ഡോ. സജിമോൻ ആന്റണി ഫൊക്കാനയുടെ ജനറൽ സെക്രട്ടറിയായും നിലവിൽ പ്രസിഡണ്ടായും പ്രവർത്തനങ്ങളിലൂടെ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വമാണ്. 2024-2026 കാലയളവിൽ ഫൊക്കാനയുടെ പ്രസിഡണ്ടായി അധികാരമേറ്റ അദ്ദേഹത്തിന്റെ നേതൃത്വം നിരവധി പ്രവർത്തനങ്ങളിലൂടെ ബഹുദൂരം സഞ്ചരിച്ചുകഴിഞ്ഞു.




കൃഷിവകുപ്പുമന്ത്രി പി. പ്രസാദ്, പോളിറ്റ് ബ്യൂറോ അംഗം എ. വിജയരാഘവൻ, എംപി ജോൺ ബ്രിട്ടാസ്, സലിംകുമാർ, പ്രസിദ്ധ നാടൻ പാട്ടുകാരി പ്രസീദ ചാലക്കുടി തുടങ്ങി നിരവധി പ്രമുഖർ സന്നിഹിതരായിരുന്നു.

അർഹതയ്ക്കുള്ള അംഗീകാരമായിട്ടാണ് സജിമോൻ ആന്റണിക്ക് ലഭിച്ച പുരസ്കാരത്തെ നോക്കിക്കാണുന്നതെന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു. ട്രഷറർ ജോയി ചാക്കപ്പൻ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി വർഗീസ്, കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സജിമോൻ ആന്റണിയെ അഭിനന്ദിച്ചു.

# കോരശ് എന്റെ ഇടയൻ, ഹിതം നിവർത്തിക്കുന്നവനാണ്

**ഏലിയാമ്മ ലൂക്കോസ്**

**പി**താവായ ദൈവം പറഞ്ഞ ഒരു വാചകമാണ് യെശയ്യാവിൽ നാം വായിക്കുന്നത്. “കോരശ് എന്റെ ഇടയൻ, അവൻ എന്റെ ഹിതമൊക്കെയും നിവർത്തിക്കും.” ദൈവം ഉറപ്പോടെ പറയുന്ന വാക്ക് നമുക്കും ഏറ്റെടുക്കാം. ഈ പുതുവർഷം ദൈവം ചില നന്മകൾ അമേരിക്കക്ക് ചെയ്യട്ടെ. അതിനായി ദൈവം തെരഞ്ഞെടുത്ത ഒരു വ്യക്തി അമേരിക്കയെ നയിക്കും.

കേരളാ എക്സ്പ്രസിന്റെ ഈ മാസം 10-ാം തീയതിയിലെയും 17-ാം തീയതിയിലെയും പത്രം വായിച്ചപ്പോൾ എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. എന്റെ പ്രിയ ശിഷ്യൻ ബേബി മണക്കുന്നേലിനെക്കുറിച്ചുള്ള വാർത്തകൾ എന്നെ വളരെ ആനന്ദിപ്പിച്ചു. ഞാൻ പഠിപ്പിച്ച ഒരു വ്യക്തി ഇത്രയും ഉന്നതനായി മാറിയപ്പോൾ വലിയ സന്തോഷം. ഡോക്ടർമാർ തുടങ്ങി അനേകരെ എനിക്കോർക്കുവാനുണ്ട്. സാബു ജേക്കബിനെപ്പോലെ രാഷ്ട്രീയക്കാരും ലാലു അലക്സിനെപ്പോലെ സിനിമാ നടന്മാരുമെല്ലാമുണ്ടെനിക്ക്. ഞാനതിൽ അഭിമാനം കൊള്ളുന്നു. വളരെ സൗമ്യനായ ബേബി എന്റെ അയൽക്കാരൻ കൂടിയാണ്. അദ്ദേഹത്തിന്റെ പിതാവും വളരെ മാന്യനായിരുന്നു. അവരെ കുടുംബമായി ദൈവം സഹായിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. നാടിനും കൂട്ടുകാർക്കും വീട്ടുകാർക്കും നല്ലവനാണ്. ജഗദീശ്വരന്റെ കരങ്ങളിൽ അവരെ സമർപ്പിക്കുന്നു. ആത്മീയമായും വളർച്ചയിലേക്ക് ദൈവം അവരെ നയിക്കട്ടെ.

പാഴ്സി രാജ്യത്തിലെ ഒരു പ്രഭുവിനെ ദൈവം വിളിച്ചു യെരൂശലേമിനെ പുതുക്കിപ്പണിയാൻ ഏല്പിക്കുന്നു. യെരുശലേം നിവാസികൾ ഈജ്പ്റ്റിൽ പ്രവാസികളായി കഴികയാണ്. പ്രവാചകന്മാരിൽ കൂടി ദൈവം അരുളിച്ചെയ്തതു പോലെയാണ് സംഭവിച്ചത്.



ലേഖകൻ

70 വർഷക്കാലം യെരൂശലേമ്യർ ഈജിപ്തിൽ അടിമകളായി ജീവിച്ചു. ദൈവത്തെ അനുസരിക്കാത്തതാണ് അതിനു കാരണം. വിഗ്രഹാരാധന മക്കളെ അന്യദേവന്മാർക്ക് ബലിയർപ്പിക്കുക തുടങ്ങിയ മ്ളേച്ഛമായ കാര്യങ്ങൾ നടന്നപ്പോൾ ദൈവത്തിനു സഹിക്കാനാവാതായി. ഇന്നും നമ്മളിതു കാണുന്നുണ്ട്. ഗേ, ലസ്ബിയൻ അവിടവിടങ്ങളിലായി ധാരാളം കാണുന്നു. മദ്യപാനം, വെറിക്കൂത്ത്, അബോർഷൻ എന്നീ വേണ്ടാത്ത കാര്യങ്ങൾ വളരെ നടക്കുന്നു. കാലിഫോർണിയായിലെ ലോസാഞ്ചലസിൽ എത്രയോ ഭയങ്കര തീ പിടിത്തമാണ് നടന്നത്, നടക്കുന്നത്. ഈ തീ കെടുത്താൻ സാധിക്കാത്ത വിധത്തിൽ ആയതെന്തുകൊണ്ട്, പ്രകൃതിയുടെ വികൃതിയാണിതെന്നതിൽ സംശയമില്ല. എന്നാൽ, ഭരണാധികാരികൾ ചെയ്യേണ്ടതായ പലതും ചെയ്തിട്ടില്ലായെന്നതും ഒരു സത്യമാണ്. ഇൻഷ്വറൻസില്ലാത്തത്, വെള്ളം ആവശ്യത്തിനില്ലാത്തതുമൊക്കെ എന്തുകൊണ്ടാണെന്നു ചിന്തിക്കാമല്ലോ. അനധികൃതമായി കടന്നുവരുന്നവരെ തീറ്റിപ്പോറ്റി സമൃദ്ധിയിലാക്കുമ്പോൾ നിയമപ്രകാരം കടന്നുവരുന്നവരെ വേണ്ടവിധം സംരക്ഷിക്കേണ്ടതും വേണ്ടതല്ലയോ? എന്തുതന്നെയാകിലും ഈ പ്രശ്നത്തിനു വിടുതൽ ഉണ്ടാകുവാൻ നമുക്കു പ്രാർത്ഥിക്കാം. പ്രവർത്തിക്കാം. രാജ്യത്തിന് ഒരു ആശ്വാസം വരട്ടെ.

കോരശിനെ ദൈവം ഉണർത്തി. ഒരു പുതിയ പ്രസിഡണ്ട് വരികയാണ്. അദ്ദേഹത്തെ ദൈവം ഉണർത്തട്ടെ. കഴിഞ്ഞ നാളുകളിൽ ഉണ്ടായിട്ടുള്ള തിന്മകളിൽ നിന്ന് ഒരു മാറ്റമുണ്ടാകാൻ ഇടവന്നെങ്കിലെന്ന് ആഗ്രഹിക്കുന്നു. കോരശ് യെരൂശലേമിലെ ശൂന്യാവസ്ഥയ്ക്കു മാറ്റം വരുത്തി. നമ്മുടെ ഈ മരുഭൂമിയാത്രയിൽ വരണ്ടുപോകാതെ തണുപ്പേകാൻ പുതിയ ഭരണകൂടത്തിന് ഇടവരണം. കാനാൻ ദേശത്തേക്കു പുറപ്പെട്ട യിസ്രയേൽജനം ദൈവത്തിനു സ്തുതി പാടിക്കൊണ്ട് മിര്യാമും കൂട്ടുകാരും തപ്പെടുത്തു പാടി നൃത്തം ചെയ്തു യാത്ര ചെയ്തതായി വായിക്കുമ്പോൾ നമുക്കും അതു മാതൃകയാക്കാം. ശത്രുവിന്റെ തോക്കിൻമുനയിൽ നിന്നു ദൈവം വിടുവിച്ചു കൊണ്ടുവന്ന പുതിയ പ്രസിഡണ്ട് ദൈവം പറഞ്ഞപോലെ ‘എന്റെ ഹിതമൊക്കെയും നിവർത്തിക്കും’ എന്നത് സാക്ഷാത്കരിക്കാൻ ഇടവന്നെങ്കിലെന്ന് ആഗ്രഹിക്കുന്നു. ദൈവഭയത്തിൽ, ദൈവപരിജ്ഞാനത്തിൽ കാര്യങ്ങൾ ചെയ്യുവാൻ ദൈവം അദ്ദേഹത്തിനു ബുദ്ധി നല്കട്ടെ. കുന്നും കുഴിയും മലയും താഴ്വരയും നിറഞ്ഞ ലോകത്ത് ഒരു നല്ലകാലം മനുഷ്യൻ ആഗ്രഹിക്കുന്നു. യേശു യഹൂദാസിംഹമാണല്ലോ, രക്ഷകനാണല്ലോ. ആ നല്ല നാഥനെ പിൻതുടരുന്ന നല്ല സിംഹമായി അദ്ദേഹം ശോഭിപ്പാൻ തൃക്കരങ്ങളിലേക്കു കൊടുക്കുന്നു.

യിരമ്യപ്രവചനത്തിൽ “നിങ്ങൾ പ്രത്യാശിക്കുന്ന ശുഭ ഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാനറിയുന്നു. അവ തിന്മയ്ക്കല്ല നന്മയ്ക്കത്രെ.” ഇത് യഹോവയുടെ അരുളപ്പാടാണ്. അങ്ങനെ ഒരു ശുഭഭാവി വരുവാൻ നമുക്കാഗ്രഹിക്കാം. ഐഎസ്എസ് പോലെയുള്ള ദുഷ്കൂട്ടങ്ങളെ നാട്ടിൽനിന്നു നിർമ്മാർജ്ജനം ചെയ്യേണ്ടത് അത്യാവശ്യമാണ്. അതിനുള്ള വഴികൾ തുറന്നുവരട്ടെ. അമേരിക്കയെ ലോകം നോക്കിക്കൊണ്ടിരിക്കുന്നു. കമ്യൂണിസ്റ്റ് രാജ്യങ്ങളും ഇറാനുമൊക്കെ നടുക്കത്തോടിരിക്കുന്നു. ദൈവം എല്ലാം നന്നായി ചെയ്യാൻ നമുക്കു പ്രാർത്ഥിക്കാം.

കോരശ് എന്റെ ഇടയൻ അവൻ എന്റെ ഹിതം ഒക്കെയും നിവർത്തിക്കും. ദൈവഹിതം അമേരിക്കയിൽ നടക്കുമ്പോൾ ലോകം സന്തോഷിക്കും. ദൈവജനം ഉണരും. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്ന ജനസമൂഹങ്ങൾക്ക് ഭയം ഉണ്ടാകും. കോരശ് എന്റെ ഇടയൻ. ആടുകളെ പാലിപ്പാൻ പുതിയ ഭരണകൂടത്തിനു കഴിയട്ടെ.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.53 |
| യൂറോ | 89.21 |
| സ്റ്റെർലിംഗ്പൗണ്ട് | 105.63 |
| സ്വിസ് ഫ്രാങ്ക് | 94.89 |
| സിംഗപ്പൂർ ഡോളർ | 63.48 |
| കനേഡിയൻ ഡോളർ | 59.98 |
| ഒമാൻ റിയാൽ | 225.24 |
| ബഹ്റൈൻ ദിനാർ | 229.26 |
| സൗദി റിയാൽ | 23.07 |
| യു.എ.ഇ. ദിർഹം | 23.56 |
| കുവൈത്ത് ദിനാർ | 280.41 |

# എഐ പ്രചാരണ ഉള്ളടക്കങ്ങൾ പ്രത്യേകം രേഖപ്പെടുത്തണം: തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: ആർട്ടിഫിഷൽ ഇന്റലിജൻസിനെ (എഐ) ആശ്രയിച്ചു നിർമിച്ച പ്രചാരണ ഉള്ളടക്കങ്ങളിൽ അതു പ്രത്യേകം രേഖപ്പെടുത്തണമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. ഇതുസംബന്ധിച്ച് രാഷ്ട്രീയപാർട്ടികൾ പ്രചാരണരംഗത്ത് എഐ സാങ്കേതികവിദ്യയുടെ ഉപയോഗം വ്യാപകമായ സാഹചര്യത്തിലാണു കമ്മീഷൻ നടപടി. എഐ സാങ്കേതികവിദ്യ ഉപയോഗിച്ചു നിർമിക്കുന്ന സിന്തറ്റിക് ഉള്ളടക്കങ്ങൾ സമൂഹത്തിൽ അഭിപ്രായരൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുവെന്നു വിലയിരുത്തിയാണ് പുതിയ മാർഗനിർദേശമെന്ന് കമ്മീഷൻ കത്തിൽ പറയുന്നു. രാഷ്ട്രീയപാർട്ടികൾ, നേതാക്കൾ, താരപ്രചാരകർ എന്നിവരടക്കമുള്ളവർ പ്രചാരണ ഉള്ളടക്കങ്ങളിൽ എഐ സഹായം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതു വ്യക്തമായി രേഖപ്പെടുത്തണം. സമൂഹമാധ്യമങ്ങളിലും അല്ലാതെയും പങ്കുവെക്കപ്പെടുന്ന ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ എന്നിങ്ങനെ വ്യത്യസ്തങ്ങളായ ഉള്ളടക്കങ്ങൾക്ക് ഇതു ബാധകമാണ്. ഇത്തരത്തിൽ ലേബൽ ചെയ്യുന്നത് പ്രചാരണത്തിൽ സുതാര്യത കൊണ്ടുവരുന്നതിനൊപ്പം ഉള്ളടക്കങ്ങളെ തിരിച്ചറിയാൻ വോട്ടർമാരെ സഹായിക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി. കഴിഞ്ഞ വർഷം മേയിൽ ലോക്സഭാ തെരഞ്ഞെടുപ്പുവേളയിലും സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളുടെ ഉത്തരവാദിത്വപരവും ധാർമികവുമായ ഉപയോഗത്തിന് കമ്മീഷൻ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

# മഞ്ഞനിക്കര ബാവയുടെ പെരുന്നാൾ ചിക്കാഗോയിൽ ആഘോഷിക്കുന്നു

**വർഗീസ് പാലമലയിൽ**



ചിക്കാഗോ: മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 93-ാമത് ഓർമ്മപ്പെരുന്നാൾ ചിക്കാഗോയിലുള്ള സെന്റ് പീറ്റേഴ്സ്, സെന്റ് ജോർജ്, സെന്റ് മാർക്ക് ക്നാനായ എന്നീ യാക്കോബായ സുറിയാനി ഓർത്തഡോക്സ് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 8, 9 (ശനി, ഞായർ) തീയതികളിൽ അറോറയിലുള്ള സെന്റ് മാർക്ക് ക്നാനായ യാക്കോബായ ഇടവകയുടെ ആഭിമുഖ്യത്തിൽ (361 Marion Ave, Aurora) ക്നാനായ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോക്ടർ അയൂബ് മോർ സിൽവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. ഈ പെരുന്നാൾ ആഘോഷങ്ങളിലേക്ക് വിശ്വാസികളായ നിങ്ങളേവരും പ്രാർത്ഥനാപൂർവം വന്ന് സംബന്ധിക്കണമെന്ന് സ്നേഹപൂർവം താല്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക്: ജോജി കുര്യാക്കോസ് 847 571 4965, ജോജോ കെ. ജോയി 224 610 9652, റോഡ്നി സൈമൺ 630 730 8218 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.



# വെറുമൊരു സമാധി... മഹാസമാധിയാക്കി

രാജു മൈലപ്ര

തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ ഒരു സാധാരണ ചുമട്ടുതൊഴിലാളി ആയിരുന്ന മണിയൻ എന്നു വിളിപ്പേരുള്ള ഗോപൻ, എന്തോ ഉൾപ്രേരണയാൽ ഒന്ന് ഉറക്കമുണർന്ന് എഴുന്നേറ്റപ്പോൾ 'ഗോപൻ സ്വാമി' എന്ന നാമധേയം സ്വീകരിച്ച്, സ്വയം ഒരു ദൈവിക പരിവേഷം നല്കുന്നു.

ആർക്കും ഒരു ദ്രോഹവും ചെയ്യാതെ, പൂജാദി കർമ്മങ്ങളൊക്കെ നടത്തി, തന്റെ ഭാര്യയുടെയും സന്താനങ്ങളുടെയും സപ്പോർട്ടോടുകൂടി കാലം കഴിച്ചുകൂട്ടുന്നു.

താൻ ഒരിക്കലും മരിക്കുകയില്ല, പകരം സമാധിയടയുവാനാണ് പോകുന്നതെന്ന് അദ്ദേഹം മുൻകൂട്ടിത്തന്നെ തന്റെ ഭാര്യയേയും മക്കളേയും മറ്റു ചില അടുത്ത പരിചയക്കാരേയും അറിയിച്ചിരുന്നു. അതിനുള്ള മുന്നൊരുക്കങ്ങളും നടത്തിയിരുന്നു.

സമാധി അടയുവാനുള്ള സമയം അടുത്തപ്പോൾ അദ്ദേഹം സീമന്തപുത്രനെ അരികിൽ വിളിച്ചിട്ടു പറഞ്ഞു:

“വത്സാ! എനിക്കു സമാധി സ്വീകരിക്കുവാനുള്ള സമയമായി. ഈ ബ്രഹ്മമുഹൂർത്തം തെറ്റിക്കുവാൻ പാടില്ല. മറ്റാരും ഈ കർമ്മം ദർശിക്കുവാൻ അനുവദിക്കരുത്. അങ്ങനെ സംഭവിച്ചാൽ സമാധി അശുദ്ധമാകും; ഈശ്വരകോപം ഉണ്ടാകും. ഭസ്മം, കർപ്പൂരം, മറ്റു സുഗന്ധദ്രവ്യങ്ങൾ എന്നിവകൊണ്ടു വേണം എന്റെ ഭൗതികശരീരം മറവു ചെയ്യുവാൻ.”

അങ്ങനെ ആ ദിവസം സമാഗതമായി. ഗോപൻ സ്വാമി അതിരാവിലെ ഉണർന്നു. പതിവുപോലെ സ്നാനം കഴിഞ്ഞിട്ട്, പൂജാദി കർമ്മങ്ങളൊക്കെ നടത്തി. പിന്നീട് പ്രിയതമ സ്നേഹം കലർത്തി വിളമ്പിക്കൊടുത്ത കഞ്ഞികുടിച്ചു.

അതിനുശേഷം, രക്തസമ്മർദ്ദത്തിനും ഡയബറ്റിസിനും മറ്റുമുള്ള മരുന്നുകൾ കഴിച്ചു.

ബ്രഹ്മമുഹൂർത്തത്തിൽ, ചിന്നസ്വാമിയായ മൂത്ത മകനേയും കൂട്ടി അവിടെ സജ്ജീകരിച്ചിരുന്ന പീഠത്തിൽ പത്മാസനത്തിൽ ഉപവിഷ്ടനായി. ധ്യാനനിമഗ്നനായി, മകന്റെ മന്ത്രോച്ചാരണങ്ങൾ ശ്രവിച്ചുകൊണ്ട് ഗോപൻ സ്വാമി സമാധാനത്തോടെ സമാധി വരിച്ചു.

മുൻകൂട്ടി തയ്യാറാക്കി വെച്ചിരുന്ന 'ആചാര്യ ഗുരുബ്രഹ്മശ്രീ ഗോപൻ സ്വാമി സമാധിയായി' എന്ന പോസ്റ്റർ പ്രദർശിപ്പിച്ചു സമാധി വാർത്ത വിളംബരം ചെയ്തു.

വലിയ കോലാഹലമൊന്നുമില്ലാതെ ആദ്യദിനം കടന്നുപോയി. പിന്നീടാണ് ജനവികാരം ആളികത്തിയത്; അല്ലെങ്കിൽ ആരോ കത്തിച്ചത്.



ലേഖകൻ

'ചുമട്ടുകാരൻ എങ്ങനെ സ്വാമിയായി? ഇയാൾക്ക് വല്ല വിവരമോ വിദ്യാഭ്യാസമോ ഉണ്ടോ? ആരോട് ചോദിച്ചിട്ടാണ് ഇവനെ പീഠത്തിലിരുത്തി കർപ്പൂരമിട്ട് മൂടണമെന്ന്? തള്ളയും മക്കളും കൂടി തല്ലിക്കൊന്ന ഇയാൾ സമാധിയായി എന്നു പറയുന്നത് എന്തിനാണ്?' അങ്ങനെ അനേകം ചോദ്യശരങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നു.

ചത്തു, മരിച്ചു, ചരിഞ്ഞു, നാടുനീങ്ങി, നിര്യാതനായി, ദിവംഗതനായി, സമാധിയായി, കാലംചെയ്തു തുടങ്ങിയ ഏതു പദമുപയോഗിച്ച് മരണത്തെ അടയാളപ്പെടുത്തിയാലും ഒരാളുടെ കാറ്റു പോയാൽ, അയാൾ വടിയായി എന്നാണതിന്റെ പച്ചമലയാളം.

ഗോപൻ സ്വാമിയെ മാത്രമല്ലല്ലോ പീഠത്തിലിരുത്തി സുഗന്ധദ്രവ്യങ്ങൾ കൊണ്ട് മൂടുന്നത്? ചില മഹാപുരോഹിതന്മാരെ, മരണശേഷം കൈയും കാലും തല്ലിയൊടിച്ചു, ഒടിച്ചുമടക്കി സിംഹാസനത്തിലിരുത്തി കുന്തിരിക്കമിട്ടു മൂടിയല്ലേ സംസ്കരിക്കുന്നത്? ഇതൊന്നും ആരും ഇതുവരെ ചോദ്യം ചെയ്തിട്ടില്ലല്ലോ!

അക്ഷരാഭ്യാസമില്ലാത്ത പലരും ഇവിടെ ആൾദൈവങ്ങളായി വിലസുന്നുണ്ടല്ലോ! സകലമാന കൊള്ളരുതായ്മകളും കാണിച്ചിട്ട്, ഒരു സുപ്രഭാതത്തിൽ, ദൈവം രോഗശാന്തിവരം നല്കിയെന്ന് അവകാശപ്പെട്ട്, ഒരു യൂട്യൂബ് ചാനൽ തുടങ്ങി മറുഭാഷയും പറഞ്ഞ്, പാവങ്ങളെ പറ്റിച്ചു ജീവിക്കുന്ന എത്രയോ ദൈവദാസന്മാർ ഇവിടെ വിളവെടുക്കുന്നു!

ഏതായാലും ചാനലുകാരും പോലീസും സർക്കാരുമെല്ലാം ഉണർന്നു പ്രവർത്തിച്ച് സമാധി പൊളിച്ചു. സംശയിച്ചതു പോലെയുള്ള അസ്വാഭാവികതയൊന്നും ആ മരണത്തിനുണ്ടായിരുന്നില്ല.

ഏതായാലും കുടുംബക്കാരും കൂട്ടരും ബംബറടിച്ചെന്നു വേണം അനുമാനിക്കാൻ.

സമാധി ഇപ്പോൾ മഹാസമാധിയായി!

'ഋഷിപീഠ'ത്തിലിരുത്തി. ചന്ദ്രതൈലം പൂശിയാണ് ഇനി ആ സന്യാസിവര്യന്റെ ശരീരം മറവ് ചെയ്യുന്നത്.

ഇനി അവിടെ ഒരു സ്മാരക മണ്ഡപം!

പിന്നാലെ ഒരു ക്ഷേത്രം!!

തീർത്ഥാടനകേന്ദ്രം!!!

നെയ്യാറ്റിൻകരയിൽ മാത്രം അറിയപ്പെട്ടിരുന്ന ഗോപൻ സ്വാമി ആഗോളതലത്തിൽ അറിയപ്പെടുന്ന 'ആചാര്യ ഗുരു ബ്രഹ്മശ്രീ ഗോപൻ പെരിയ സ്വാമി'യായി പുനരവതരിച്ചു.

ഭഗവാന്റെ ഓരോ ലീലാവിലാസങ്ങളേ!!!!

# സിറിയയ്ക്ക് സാമ്പത്തിക സഹായം പുനരാരംഭിക്കണമെന്ന് യൂറോപ്യൻ യൂണിയനോട് സൗദി അറേബ്യ



കോര ചെറിയാൻ

ഫിലാഡൽഫിയാ: ജനുവരി മാസാവസാനം സമ്മേളിക്കുന്ന യൂറോപ്യൻ യൂണിയൻ ഫോറിൻ മിനിസ്റ്റേഴ്സ് മീറ്റിംഗിൽ സിറിയൻ ഗവൺമെന്റിനുമേൽ വിലക്കു കല്പിച്ചിരിക്കുന്ന സാമ്പത്തിക സഹായങ്ങൾ പുനരാരംഭിക്കുവാനുള്ള ചർച്ചകൾ ആരംഭിക്കുമെന്ന് യൂണിയൻ പ്രതിനിധി ശ്രീമതി കാജാ കല്ലാസ് മുൻകൂറായി പ്രസ്താവിച്ചതായി അസ്സോസിയേറ്റ് പ്രസ്സ് റിപ്പോർട്ട് ചെയ്തു. 14 വർഷമായി സൈനികരടക്കം 5 ലക്ഷത്തിലധികം ജനത കൊല്ലപ്പെട്ട സിറിയയിലെ ആഭ്യന്തര കലഹത്തിന് നേരിയ വിരാമം അനുഭവപ്പെടുമെന്ന ശുഭപ്രതീക്ഷയും യൂണിയൻ മേധാവികൾക്കും അംഗത്വ രാഷ്ട്രങ്ങൾക്കും ഉണ്ട്.

മുൻകാല സായുധ കലാപകാരികളും ഭീകര പ്രവർത്തന തല്പരരും പ്രസിഡണ്ടായിരുന്ന ബാഷർ ആസ്സാദിനെ നിരുപാധികം നിഷ്ക്കാസനം ചെയ്ത വിപ്ലവകാരികളുമായ ഭരണാധികാരികളെ പരിപൂർണ്ണമായി മുൻകരുതലുകൾ ഇല്ലാതെ വിശ്വസിച്ചു സഹകരിക്കുവാൻ അമേരിക്കയും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും അതീവ താല്പര്യത്തിലല്ല. സിറിയയിലെ വിവിധ ഗ്രൂപ്പിൽപ്പെട്ട നേതാക്കളുമായി സമാധാനമായി സംസാരിച്ചു സംഘടിതമായി ഒരു സമ്മേളനം നടത്തി ഐക്യതയോടെ ഭരണ വ്യതിയാനം നടത്തണമെന്ന ശ്രീമതി കാജാ കല്ലാസിന്റെ ഉദ്ദേശ ശുദ്ധി സാക്ഷാത്കരിക്കപ്പെടുവാനുള്ള സാദ്ധ്യതകൾ ഇപ്പോൾ വളരെയാണ്.

വിദേശ സാമ്പത്തിക സഹായത്തിന്റെ മുന്നോടിയായി ജനുവരി 27-ന് നടക്കുന്ന യൂറോപ്യൻ യൂണിയൻ മീറ്റിംഗിൽ സിറിയയുടെ മേലുള്ള വിലക്കുകൾ നീക്കം ചെയ്യണമെന്നുള്ള അജണ്ടയും ഉൾപ്പെടുത്തണമെന്ന് സിറിയൻ വിദേശകാര്യമന്ത്രി അസാദ് അൽ-ഷിബാനി ആവശ്യപ്പെട്ടതായി ശ്രീമതി കല്ലാസ് വെളിപ്പെടുത്തി. മുൻ പ്രസിഡന്റ് ആസാദിന്റെ രാഷ്ട്രീയ പിന്തുണക്കാരായ കൊടും കുറ്റവാളികളെ സ്വതന്ത്രർ ആക്കാതെ നിയമാനുസരണമുള്ള നടപടികൾ സാമ്പത്തിക സഹായത്തിന് മുൻപായി സ്വീകരിക്കണമെന്നുള്ള ജർമ്മൻ വിദേശകാര്യമന്ത്രി അന്നാലീന ബെയർബോക്കിന്റെ സ്റ്റേറ്റ്മെന്റ് സജീവമാണ്.

നിത്യ ദാരിദ്ര്യത്തിലും ദുരിതത്തിലും ഉള്ള സിറിയൻ ജനതയുടെ ശോചനീയാവസ്ഥയ്ക്ക് ഉടൻ ആവശ്യമായ ഭക്ഷണ പദാർത്ഥങ്ങളും വൈദ്യസഹായവും പാർപ്പിടവും നൽകുന്നതിനോടൊപ്പം 51.2 മില്യൻ അമേരിക്കൻ ഡോളറും ജർമ്മനി നൽകണമെന്നും കല്ലാസ് ആവശ്യപ്പെട്ടു.

2011-ലെ സിറിയൻ അരക്ഷിതാവസ്ഥമൂലം ഉണ്ടായ ജനരോക്ഷം നിയന്ത്രിക്കുവാൻവേണ്ടി എന്ന ഭാവത്തോടെ ആസാദ് വളരെ ക്രൂരമായ നിലപാടു സ്വീകരിച്ചു. ഗവൺമെന്റ് ജോലിയുള്ളവരുടെപോലും സ്വത്തുക്കൾ ബലവത്തായി പിടിച്ചെടുക്കുകയും കണ്ടുകെട്ടുകയും ചെയ്തു. ബാങ്കുകൾ അടക്കമുള്ള സാമ്പത്തിക മേഖലയിലെ അമിതമായ നിയന്ത്രണംമൂലം ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള സുഗമമായ സാഹചര്യത്തിനുപോലും വിപുലമായ വിലക്കുകൾ ഉണ്ടായി.

സിറിയൻ ജനതയുടെ മേലുള്ള ദുസ്സഹമായ നിരോധനാജ്ഞ നിർത്തലാക്കി സമാധാനാന്തരീക്ഷം ഉണ്ടാക്കണമെന്നുള്ള സൗദി വിദേശകാര്യമന്ത്രി പ്രിൻസ് ഫൈസൽ ഫർഹാന്റെ പ്രഭാഷണവും

(ശേഷം 30-ാം പേജിൽ)



# ഫോമാ–പുഷ്പഗിരി മെഡിക്കൽ സ്കീം പ്രഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്തു

കൊച്ചി: നോർത്ത് അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ ഫോമാ, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജുമായി കൈകോർത്ത് ഫോമാ കുടുംബാംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും

**എ.എസ്. ശ്രീകുമാർ**

വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന ഡയമണ്ട് മെഡിക്കൽ കാർഡ് പദ്ധതിയുടെ ഉദ്ഘാടനം മുൻ കേന്ദ്രമന്ത്രിയും രാജ്യസഭാ ഉപാദ്ധ്യക്ഷനുമായിരുന്ന പ്രഫ. പി.ജെ. കുര്യൻ നിർവഹിച്ചു. ആശുപത്രിയിലെത്തുന്ന ഫോമായുടെ അംഗങ്ങൾക്കും ബന്ധുക്കൾക്കും പരസഹായമില്ലാതെ, ഏറെനേരം കാത്തുനിൽക്കാതെ ആരോഗ്യ സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കാനും ഇളവ് ലഭിക്കാനുമുള്ള ഗേറ്റ് വേയാണ് ആരോഗ്യകരമായ ഈ സ്കീമിലൂടെ തുറന്നിരിക്കുന്നതെന്ന് പ്രഫ. പി.ജെ. കുര്യൻ പറഞ്ഞു.








മെഡിക്കൽ കോളജിലെ സെനറ്റ് ഹാളിൽ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സന്നിഹിതരായിരുന്ന ഫോമാ കുടുംബാംഗങ്ങൾ കാർഡ് ഏറ്റുവാങ്ങി.

കൂടുതൽ പേർക്ക് കാർഡുകൾ നൽകുമെന്ന് ബേബി മണക്കുന്നേൽ അറിയിച്ചു. നാട്ടിലെത്തുന്ന ഫോമാ കുടുംബാംഗങ്ങൾക്കും കേരളത്തിലുള്ള അവരുടെ ബന്ധുക്കൾക്കും വേഗത്തിൽ വിവിധ മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ ഈ മെഡിക്കൽ കാർഡ് ഏറെ ഉപകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.






മിതമായ നിരക്കിലുള്ള ആരോഗ്യ സുരക്ഷാ സേവനം, ഹോംകെയർ സർവീസ്, ചെക്കപ്പ്, ഔട്ട്പേഷ്യന്റ് വിഭാഗത്തിനു മുൻഗണന തുടങ്ങിയവ പ്രദാനം ചെയ്യുന്നതാണ് ഫോമാ-പുഷ്പഗിരി മെഡിക്കൽ സ്കീം.

യോഗത്തിൽ പുഷ്പഗിരി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ.ഫാ. ലിജു തോമസ്, പുഷ്പഗിരി ഹോസ്പിറ്റൽ സിഇഒ റവ.ഫാ. ഫിലിപ്പ് പായംപള്ളിൽ, പത്തനംതിട്ട ജില്ലാ യുഡിഎഫ് കൺവീനർ അഡ്വ. വർഗീസ് മാമ്മൻ, റാന്നി മുൻ എംഎൽഎയും സിപിഎം പത്തനംതിട്ട ജില്ലാ സെക്രട്ടറിയുമായ രാജു ഏബ്രഹാം, ഫോമാ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ പി. ജോസ്, ഫോമായുടെ സ്ഥാപക പ്രസിഡണ്ട് ശശിധരൻ നായർ, മുൻ പ്രസിഡണ്ടുമാരായ അനിയൻ ജോർജ്, ഡോ. ജേക്കബ് തോമസ്, നാഷണൽ കമ്മിറ്റി മെംബർ ജിജു കുളങ്ങര, സതേൺ റീജിയൺ പ്രസിഡണ്ട് രാജേഷ് മാത്യു, ഫോമാ മുൻ കൺവൻഷൻ ചെയർമാനും പിആർഒയുമായിരുന്ന മാത്യു വർഗീസ്, വർഗീസ് ചാമത്തിൽ തുടങ്ങിയവർ സംസാരിച്ചു.

ഫോമാ അംഗങ്ങളും അവരുടെ മാതാപിതാക്കളും കുട്ടികളുമാണ് ഈ മെഡിക്കൽ കാർഡിന്റെ ഗുണഭോക്താക്കൾ. കെ.എ.എസ്.പി, ഇ.എസ്.ഐ, മെഡിസെപ് ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാത്തവർക്ക് ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കും. കുടുംബത്തിലെ മറ്റാർക്കെങ്കിലും ആരോഗ്യസേവനം ആവശ്യമുണ്ടെങ്കിൽ ഫോമായുടെ ഔദ്യോഗിക ലെറ്റർ ഹെഡിൽ ബന്ധുത്വം തെളിയിക്കുന്ന ശിപാർശ നല്കിയാൽ മതി. പുഷ്പഗിരി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ.ഫാ. ലിജു തോമസുമായി ഫോമാ നേതാക്കൾ നടത്തിയ ചർച്ചയെ തുടർന്നാണ് ഫോമാ-പുഷ്പഗിരി മെഡിക്കൽ സ്കീം ആവിഷ്കരിക്കാൻ ധാരണയായത്.

ഔട്ട് പേഷ്യന്റ് ചെക്കപ്പിനും മറ്റും പേഷ്യന്റ് റിലേഷൻസ് ഓഫീസറുടെ സഹായം ഉണ്ടായിരിക്കും. രോഗനിർണയത്തിനും മരുന്നിനും ശസ്ത്രക്രിയ സംബന്ധിച്ചുള്ള കാര്യങ്ങൾക്കും 5 ശതമാനം ഡിസ്കൗണ്ട് ലഭിക്കും. ഫൈനൽ ബില്ലിൽ പത്ത് ശതമാനം ഡിസ്കൗണ്ട് ഉണ്ട്.

സ്കീമിലൂടെ നിലവാരമുള്ള ചികിത്സയും മറ്റ് സേവനങ്ങളും താങ്ങാവുന്ന നിരക്കിൽ രോഗികൾക്ക് ലഭിക്കുമെന്ന് പുഷ്പഗിരി മെഡിക്കൽ കോളജിലെ ബന്ധപ്പെട്ട അധികൃതർ ഉറപ്പു നല്കി.

ഫോമാ-പുഷ്പഗിരി മെഡിക്കൽ സ്കീമിന്റെ സേവന ആനുകൂല്യങ്ങൾ ആവശ്യമുള്ളപ്പോൾ വേണ്ടവർക്കെല്ലാം ലഭിക്കട്ടെയെന്നും ഫോമാ കർമ്മഭൂമിയിലും ജന്മനാട്ടിലും സമയബന്ധിതമായി നടപ്പാക്കുന്ന ജനപക്ഷ മുഖമുള്ള പദ്ധതികളുടെ ഭാഗമായാണ് ഈ മെഡിക്കൽ കാർഡ് വിതരണം ചെയ്യുന്നതെന്നും ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ പറഞ്ഞു.

# SEEKING BRIDEGROOM

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Knanaya catholic parents seeking a suitable alliance for their daughter. She is a well educated, professionally established one. Born in Kerala and settled in U S A, (citizen). Age: 36 years, (August 19). Marital status: Divorce. (No children). Height. 5.4" Seeking alliance from Kna Catholic or Kna Jakobite boys from US. Phone: **1 630 788 2132.**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East with are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of

# SEEKING BRIDE

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at **Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

## SEEKING BRIDEGROOM CONTD.....

Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# നിര്യാതരായി

## പി. ജോൺ മാത്യു

**തോട്ടയ്ക്കാട്:** സെ. മേരീസ് ബേത്‌ലഹേം പള്ളി ട്രസ്റ്റി കങ്ങഴ പുതുപ്പറമ്പിൽ (ആലാംപള്ളി) പകലോമറ്റം പി. ജോൺ മാത്യു (ജോയിക്കുട്ടി-71) അന്തരിച്ചു. ഭാര്യ പയ്യപ്പാടി പുന്നാംകുഴിയിൽ മേഴ്സി ജോൺ. മക്കൾ: ഫെബിൻ സൂസൻ ജോൺ (യുഎസ്), ജെയ്ബി മാത്യു ജോൺ. മരുമക്കൾ: സജിത് ജോസ് (യുഎസ്), മിഞ്ചു മറിയം സഹറിയ ശീമാംകുന്നേൽ (പിറവം).

## ഏബ്രഹാം സി. തോമസ്

**തിരുവനന്തപുരം:** പരുത്തിപ്പാറ കെലിൻഡ് ലെയ്ൻ യവനികയിൽ കെഎസ്ഇബി റിട്ട. അസി. എക്സി. എൻജിനീയർ ഏബ്രഹാം സി. തോമസ് (ടിറ്റി-83) അന്തരിച്ചു. ചെങ്ങന്നൂർ പുത്തൻകാവ് ചേന്നാട്ട് പീടികയിൽ കുടുംബാംഗമാണ്. ഭാര്യ പത്തനംതിട്ട ചെളിക്കുഴിയിൽ പരേതായ ശോശാമ്മ മാത്യു. മക്കൾ: റെന്നി തോമസ് ഏബ്രഹാം, മനു മാത്യു ഏബ്രഹാം (യുഎസ്), മരുമക്കൾ: തിരുവല്ല ചിറമേൽ ജെ.ജെ.ടി. ഹൗസിൽ ജെസി ജേക്കബ്, വാഴൂർ പ്ലാച്ചേരിൽ ബിനി മാത്യു (യുഎസ്).

**ഏറ്റുമാനൂർ:** ബിഎസ്എൻഎൽ സബ് ഡിവിഷനൽ എൻജിനീയർ ഏറ്റുമാനൂർ ഡിവിഷൻ പെരിങ്ങിലംകാട്ടിൽ പി.എ. ദീപു (46) അന്തരിച്ചു.

## ലീലാമ്മ മാത്യു

**നീലംപേരൂർ:** താമരപ്പള്ളിൽ പരുത്തിക്കാട് ലീലാമ്മ മാത്യു (80) അന്തരിച്ചു. റാന്നി പുല്ലപ്പള്ളിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.പി. മാത്യു. മക്കൾ: ലിബു താമരപ്പള്ളിൽ (കാനഡ), ലിനു മോൻസി തരകൻ (യുഎസ്), ഡോ. എബി മാത്യു (പ്രിൻസിപ്പൽ പുഷ്പഗിരി ഡെന്റൽ കോളജ്), തോമസ് താമരപ്പള്ളിൽ (കാനഡ). മരുമക്കൾ: റാണി ലിബു പച്ചിക്കര തൊടുപുഴ (കാനഡ), മോൻസി തരകൻ ഒറ്റത്തൈക്കൽ പുനലൂർ (യുഎസ്), ബിനു എബി അകത്തേട്ട് റാന്നി (അധ്യാപിക), ഗീതു താമരപ്പള്ളിൽ കാവനാൽ മഴുക്കീർ (കാനഡ).

**തിരുവനന്തപുരം:** കുറവൻകോണം എസ്എഫ്എസ് ചെറിഹിൽസ് മുംബൈ നാഷണൽ ഓർഗാനിക് കെമിക്കൽസ് മുൻ ഉദ്യോഗസ്ഥൻ ചെറിയാൻ അലക്സാണ്ടർ (ബാബു-82) അന്തരിച്ചു.

**തകഴി:** ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപിക തോട്ടംമഠത്തിൽ ഗംഗാദേവി (84) അന്തരിച്ചു.

**ഇഞ്ചിയാനി:** ചിന്താർമണിയിൽ പരേതനായ സി.ടി. ആന്റണിയുടെ ഭാര്യ സിസിലി ആന്റണി (75) അന്തരിച്ചു.

**കുമരകം:** പരുവത്തറ പരേതനായ ചാമക്കാല മാത്യുവിന്റെ ഭാര്യ മറിയാമ്മ ചാക്കോ (83) അന്തരിച്ചു.

## പ്രഫ. എസ്തേർ ഹലേഗ്വ


**മട്ടാഞ്ചേരി:** തിരുവനന്തപുരം വിമൻസ് കോളജ് പ്രിൻസിപ്പലായി വിരമിച്ച്, വർഷങ്ങൾക്കു മുൻപേ ഇസ്രയേലിൽ സ്ഥിര താമസമാക്കിയ മുതിർന്ന ജൂത വനിത പ്രഫ. എസ്തേർ ഹലേഗ്വ (പേർളി-101) അന്തരിച്ചു. എറണാകുളം മഹാരാജാസ് കോളജ് പൂർവ വിദ്യാർഥിനിയും ബോട്ടണി വിഭാഗം അധ്യാപികയുമായിരുന്നു.

**പുതുപ്പള്ളി:** ചാർട്ടേഡ് അക്കൗണ്ടന്റ് തോപ്പിൽ താമരവയലിൽ പരേതനായ ടി.കെ. ജോണിന്റെ ഭാര്യ റെബേക്ക ജോൺ (റൂബി-90) അന്തരിച്ചു.

## ഏലിയാമ്മ യോഹന്നാൻ

**സൗത്ത് പാമ്പാടി:** ചുണ്ടമണ്ണിലായ കടപ്പൂര് പരേതനായ ചാണ്ടി യോഹന്നാന്റെ ഭാര്യ ഏലിയാമ്മ യോഹന്നാൻ (103) അന്തരിച്ചു. കങ്ങഴ മുണ്ടൻപടവത്തായ തമ്പലക്കാട്ടോലിക്കൽ കുടുംബാംഗമാണ്. മക്കൾ: കുഞ്ഞുമോൻ, ജോർജ് (യുഎസ്), ജെസി. മരുമക്കൾ: ഷീല വല്യത്ത് റാന്നി (യുഎസ്), ബേബി കുര്യാക്കോസ് പൊടിപ്പാറയ്ക്കൽ).

## ടി.എസ്. ബേബി



**കട്ടപ്പന:** ഇടുക്കി ഡിസിസി ജനറൽ സെക്രട്ടറിയും റിട്ട. അധ്യാപകനുമായ തുണ്ടത്തിലേട്ട് ടി.എസ്. ബേബി (77) അന്തരിച്ചു. ഭാര്യ കൊല്ലം കൈതക്കോട് കൊല്ലംവിളാകത്ത് കെ.ജെ. അന്നമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ: ട്രീസ ബേബി (അസി. പ്രഫ. ഗവ. കോളജ് തൃപ്പൂണിത്തുറ), ഡോ. ആൻപിയ ബേബി (ന്യൂയോർക്ക്), പരേതയായ റെയ്ച്ചൽ ബേബി. മരുമക്കൾ: പുത്തൻകുരിശ് മുഞ്ഞനാട്ട് എബി കെ. തോമസ് (കോയമ്പത്തൂർ), അറക്കുളം തുണ്ടത്തിൽ ജോവിൻ ജോയി (യുഎസ്), തൃപ്പൂണിത്തുറ ഞായല്ലൂർ പരേതനായ സുനിൽ ജോർജ് (യുകെ).

**ചമ്പക്കുളം:** റിട്ട. പഞ്ചായത്ത് സെക്രട്ടറി ബസിലിക്ക നഗർ അറയ്ക്കൽ മോളൻ വില്ലയിൽ എ.ഡി. ജോസഫ് (ജോയിച്ചൻ-78) അന്തരിച്ചു.

**റാന്നി:** അങ്ങാടി കൈപ്പുഴ ചുഴുകുന്നിൽ പരേതരായ സി.ജെ. ജോസഫിന്റെയും അമ്മിണിയുടെയും മകൻ ജിൻസ് ജോസഫ് (53) അന്തരിച്ചു.

**ചെറുവള്ളി:** ഇളംതോട്ടത്തിൽ എൽസമ്മ ജോസഫ് (82) അന്തരിച്ചു.

## ശോശാമ്മ മാത്യു

**പാമ്പാടി:** വെള്ളൂർ കൊച്ചിട്ടുടത്ത് ശോശാമ്മ മാത്യു (92) യുഎസിൽ അന്തരിച്ചു. വെള്ളൂർ പൈലിത്താനത്തായ ചൂക്കുപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കോരമാത്യു. മക്കൾ: ലീലാമ്മ, പൊന്നമ്മ. മരുമക്കൾ: പുതുപ്പള്ളി ഓതറയിൽ സണ്ണി, അരീപ്പറമ്പ് പുത്തൻപുരയിൽ ജെയ്ജി (എല്ലാവരും യുഎസ്).

## ടി.ഐ. മാത്യു

**ഞീഴൂർ:** തേക്കുംകാട്ടിൽ ടി.ഐ മാത്യു (മത്തായി-91 അന്തരിച്ചു. ഭാര്യ കല്ലറ മുകളുംപുറത്ത് (മഠത്തിപ്പറമ്പിൽ) മേരി മാത്യു. മക്കൾ: പരേതനായ ഏബ്രഹാം, ഷാജു, ഷീല, ജോസി, ജോസ് (ഇരുവരും യുഎസ്), ഷൈനി (ഡൽഹി). മരുമക്കൾ: ജെസി പള്ളിപ്പുറത്ത് പുല്പ്പള്ളി, ജെയിംസ് ശൗര്യാമാക്കീൽ (മോനിപ്പള്ളി), പ്രസാദ് (യുഎസ്), ബിൻസി പല്ലിക്കുന്നേൽ മണ്ണാത്തുമാക്കീൽ (മോനിപ്പള്ളി), ജഗൻ ജോസ് വാഴയിൽ (ആലപ്പുഴ).

**കൊച്ചി:** അരുണാചൽ പ്രദേശ് റിട്ട. ഡെപ്യൂട്ടി സെക്രട്ടറിയും അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ അയിരൂർ മണ്ണാകുന്നിൽ വടക്കേടത്ത് വി.പി. തോമസ് (ജോയി-89) അന്തരിച്ചു.

**മല്ലുശേരി:** കവിയും സാഹിത്യകാരനുമായിരുന്ന പരേതനായ പ്രഫ. മാത്യു ഉലകംതറയുടെ ഭാര്യ റിട്ട. അധ്യാപിക ത്രേസ്യാമ്മ മാത്യു (88) അന്തരിച്ചു.

**ശാന്തിപുരം:** കുന്നേൽ കെ.പി. വർഗീസിന്റെ ഭാര്യ പൊന്നമ്മ വർഗീസ് (66) അന്തരിച്ചു.

**കരിക്കാട്ടൂർ:** പെരുമ്പെട്ടിക്കുന്നേൽ പി.വി. ഗാസ്പർ (കുട്ടപ്പൻ-70) അന്തരിച്ചു.

**കുറുമ്പനാടം:** വള്ളിക്കാട്ട് കാരുചിറ ചെമ്പകശേരിൽ വർഗീസ് പുന്നൂസ് (വർക്കിച്ചൻ-68) അന്തരിച്ചു.

## ബാബു തോമസ്

**കുമ്മണ്ണൂർ:** പാലക്കാട്ട് ബാബു തോമസ് (64) അന്തരിച്ചു. ഭാര്യ മാലക്കല്ല് ആനിമൂട്ടിൽ മേരി ബാബു. മക്കൾ: സൗമ്യ, സ്മിത, സന്ധ്യ (യുഎസ്). മരുമക്കൾ: അജീഷ് പാലത്തിനാടിയിൽ (അയർലൻഡ്), ലിൻസൺ പ്രാലേൽ (നീണ്ടൂർ), ജിമ്മി ആനക്കല്ലാമലയിൽ (യുഎസ്).

**കോട്ടയം:** ബാങ്ക് ഓഫ് ബറോഡ റിട്ട. ഉദ്യോഗസ്ഥൻ കോട്ടയം കണിയാംകുളം ജേക്കബ് ജേക്കബ് രാജൻ (86) മുംബൈയിൽ അന്തരിച്ചു.

**പെരിങ്ങുളം:** വെള്ളുക്കുന്നേൽ പുതിയാപറമ്പിൽ ത്രേസ്യാമ്മ ജോസഫ് (88) അന്തരിച്ചു.

**പാലാ:** നെല്ലിയാനി നിത്യാരാധന മഠാംഗം സിസ്റ്റർ റൊസാലിയ തൈപ്പറമ്പിൽ (91) അന്തരിച്ചു.

## തോമസ് വി. മത്തായി



**ഡാളസ്:** പരേതരായ വൈക്കത്തെ ഇരുമ്പൂഴിക്കരയിൽ വർഗീസ് മത്തായിയുടെയും അന്നമ്മ മത്തായിയുടെയും മകൻ തോമസ് മത്തായി ഡാളസിൽ അന്തരിച്ചു. ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് ജനറൽ സെക്രട്ടറി ബിജിലി ജോർജിന്റെ മാതൃസഹോദരനാണ് പരേതൻ. ഡാളസിലെത്തിയശേഷം വിവിധ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ച തോമസ് മത്തായി സെ. മേരീസ് മലങ്കര യാക്കോബൈറ്റ് സിറിയക് ഓർത്തഡോക്സ് പള്ളി സ്ഥാപിക്കുന്നതിലും അതിന്റെ പിന്നീടുള്ള വളർച്ചയിലും നിർണായക പങ്കുവഹിച്ചിട്ടുണ്ട്. ഭാര്യ അന്നമ്മ തോമസ്. മകൻ ഡോ. ഷിബു തോമസ്. മരുമകൾ: മെഡലെയ്ൻ. സഹോദരങ്ങൾ: സാറാമ്മ ജോർജ്, പരേതയായ മേരി ജോസഫ്, സൂസി ജോയ് (ഡാളസ്), ദീന ജോർജ് (ഫ്ളോറിഡ), ജോർജുകുട്ടി മത്തായി (ഡാളസ്), സാജുമോൻ മത്തായി (ഡാളസ്).

**കുറവിലങ്ങാട്:** പകലോമറ്റം പുന്നത്താനത്ത് സിസിലി വർക്കി (72) അന്തരിച്ചു.

**കുമ്പനാട്:** റിട്ട. അധ്യാപിക നെല്ലിമല കല്ലുഴത്തിൽ ഏലിയാമ്മ ജോൺ (80) അന്തരിച്ചു.

## ഇളയേടത്ത് വേലായുധൻ നായർ

**തൃശൂർ:** ഹിന്ദി ഭാഷ പ്രചാരകനും എഴുത്തുകാരനും സാമൂഹിക സാംസ്കാരിക പ്രവർത്തകനുമായ നന്തിപുലം മാഞ്ഞൂർ ഇളയേടത്ത് വേലായുധൻ നായർ (തമ്പി-76) അന്തരിച്ചു. ഹിന്ദി പ്രചാരക് ആയി രാജ്യത്തുടനീളം സഞ്ചരിച്ചിട്ടുള്ള പരേതന് വിവിധ അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ഭാര്യ സരോജനി. മക്കൾ: ആസാദ് ഇളയിടത്ത്, ഡോ. ആഭാരി ഇളയിടത്ത് (യുഎസ്). മരുമകൾ: ശ്രീരേഖ (ഡെപ്യൂട്ടി മാനേജർ എസ്ബിഐ തിരുവനന്തപുരം).

**ചമ്പക്കുളം:** കൊണ്ടാക്കൽ പുല്ലാന്തറ തട്ടാശേരി ത്രേസ്യാമ്മ തോമസ് (86) അന്തരിച്ചു.

**തിരുവനന്തപുരം:** കോട്ടയം വഴിയമ്പലത്തിൽ രാജമ്മ ഏലിയാസ് (82) അന്തരിച്ചു.

**കോട്ടയം:** ആലത്തിൽ കിഴക്കേതിൽ ജോണി ജോർജ് (86) അന്തരിച്ചു.

**മൂവാറ്റുപുഴ:** വാളകം കുനാനിക്കൽ കെ.വി. സെബാസ്റ്റ്യൻ (68) അന്തരിച്ചു.

## പി.സി. ജോർജ്

**നാഗപ്പുഴ:** പാറക്കാട്ടേൽ പി.സി. ജോർജ് (വക്കച്ചൻ-82) അന്തരിച്ചു. ഭാര്യ കാക്കൂർ ഇടത്തിപറമ്പിൽ മോനി. മക്കൾ: ദീപ (യുഎസ്), നെൽസൺ (ഡെന്മാർക്ക്), നിക്സൺ. മരുമക്കൾ: കരിമണ്ണൂർ കുഴിപ്പള്ളിൽ ഷാജു (യുഎസ്), പൂത്തോട്ട ചക്കനാട്ടു നീത, മുത്തോലി പ്ലാത്തോട്ടത്തിൽ ജിസ്(കുവൈറ്റ്).

**നെടുംകുന്നം:** പാലമൂട്ടിൽ പുത്തൻപുരയ്ക്കൽ പി.ജെ. ജോസഫ് (തങ്കച്ചൻ-90) അന്തരിച്ചു.

**ഉഴവൂർ:** കോട്ടയം വിസിറ്റേഷൻ സമൂഹാംഗം സിസ്റ്റർ റുപ്പീന (98) അന്തരിച്ചു.

## അന്നമ്മ വർഗീസ്

**മുണ്ടിയപ്പള്ളി:** കട്കി എച്ച് ഇ ഫാക്ടറി റിട്ട. ഓഫീസ് സുപ്രണ്ട് മുണ്ടയ്ക്കമണ്ണിൽ അന്നമ്മ വർഗീസ് (കുഞ്ഞുമോൾ-79) പൂനെയിൽ അന്തരിച്ചു. ഭർത്താവ് പരേതനായ എസ്.എം. വർഗീസ്. മക്കൾ: സുനിൽ (യുകെ), ജുനിൽ (യുഎസ്). മരുമക്കൾ: ഡോ. സൂസൻ സഹറിയ (പൂനെ), നീത (യുഎസ്).

**മുണ്ടക്കയം:** 31-ാം മൈൽ പ്ലാപ്പള്ളിൽ പരേതനായ പി.വി. വർക്കിയുടെ ഭാര്യ കൂട്ടിക്കൽ സെ. ജോർജ് ഹൈസ്കൂൾ റിട്ട. അധ്യാപിക അന്നമ്മ വർക്കി (86) അന്തരിച്ചു.

## തങ്കമ്മ എഫ്രേം

**പാലാ:** കവീക്കുന്ന് മുകാലയിൽ തങ്കമ്മ എഫ്രേം (78) അന്തരിച്ചു. പൂവരണി വടക്കേമുറിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ജെ. എഫ്രേം. മക്കൾ: ഡോ. അനി ട്രീസ എഫ്രേം (സംസ്കൃത സർവകലാശാല കാലടി), ബിനി ട്രീസ എഫ്രേം (ചിക്കാഗോ), ജോസ് ടി. എഫ്രേം (ഇറ്റലി), ഫാ. മാത്യൂസ് ടി. എഫ്രേം, തോമസ് ടി. എഫ്രേം (മൈ ഹെൽത്ത് മെഡിക്കൽസ്). മരുമക്കൾ: ഡോ. കെ.എം. സുധാകരൻ, ബിജുമോൻ കണ്ടത്തിൽ (ചിക്കാഗോ), ജോമി ജോസ് കുന്നേൽ (ഇറ്റലി).

**തൈക്കൂടം:** സെ. ആന്റണീസ് റോഡ് മൂഴയിൽ ഡോ. തോമസ് (92) അന്തരിച്ചു.

**തിരുവല്ല:** മുത്തൂർ പാരാത്രമലയിൽ രത്നമ്മ പിള്ള (ഓമന-92) അന്തരിച്ചു.

**ഏറ്റുമാനൂർ:** വടക്കനടയിൽ അഞ്ജലീഭവനം മുരളീധരൻ പിള്ള (87) അന്തരിച്ചു.

**രാമപുരം:** വാലേൽ പരേതനായ ജോണിന്റെ ഭാര്യ പെണ്ണമ്മ (81) അന്തരിച്ചു.

**വെളിയന്നൂർ:** കേരള ചിത്രകലാ പരിഷത്ത് അംഗവും പ്രമുഖ ചിത്രകാരനുമായ പെരുമ്യാലിൽ പി.ബി. സന്തോഷ് കുമാർ (സന്തോഷ് വെളിയന്നൂർ-53) അന്തരിച്ചു.

**കാലടി:** കൈപ്പട്ടൂർ തേലക്കാട്ടുപറമ്പിൽ ലിബിൻ (30) അന്തരിച്ചു.

## ഡോ. പി. കേശവൻ നമ്പൂതിരി

**തച്ചനാട്ടുകര:** കേരളാ ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ടായിരുന്ന ഡോ. പി. കേശവൻ നമ്പൂതിരി (91) ബെംഗളൂരുവിൽ അന്തരിച്ചു. ഭാര്യ ടി.എം. ശ്രീദേവി. മക്കൾ: ബ്രഹ്മർഷി മോഹൻ, ജി. മനോജ് കേശവൻ (യുഎസ്).

**തൊടുപുഴ:** അച്ചൻകവല ഇടയ്ക്കാട്ടുകയറ്റം (കാപ്പ്) വെട്ടിക്കാട്ടിൽ ഇ.ജെ. ബാബു (61) അന്തരിച്ചു.

**കൂരോപ്പട:** വാളിപ്ലാക്കലായ തറവട്ടത്തിൽ പി.എം. ഏബ്രഹാം (തങ്കച്ചൻ അക്കര-78) അന്തരിച്ചു.

**വാക്കാട്:** വാക്കാട്ടിൽ പുത്തൻപുരയിൽ (കരിമ്പനാൽ) പരേതനായ തോമസ് വർക്കിയുടെ ഭാര്യ ത്രേസ്യാമ്മ തോമസ് (92) അന്തരിച്ചു.

**മുക്കൂട്ടുതറ:** കെഒടി റോഡ് വള്ളിയാംതടത്തിൽ കുരുവിള (പാപ്പച്ചൻ-95) അന്തരിച്ചു.

## സൂസി ജേക്കബ് പോത്തൻ

**വേളൂർ:** കൊണ്ടേക്കേരിൽ കെ.സി. പോത്തന്റെ ഭാര്യ സൂസി ജേക്കബ് പോത്തൻ (78) അന്തരിച്ചു. മക്കൾ: റവ. കെ.പി. ചെറിയാൻ (എജി ചർച്ച് പാലാ), മിനി സൂസൻ മാത്യു (യുഎസ്). മരുമക്കൾ: റവ.ഡോ. കെ.പി. മാത്യു (ഐപിസി ടാബർ നാക്കിൾ ചർച്ച് ഡാളസ്), ജൂബി ചെറിയാൻ.

**തിരുവനന്തപുരം:** ക്രൈസ്റ്റ്ഹാൾ ആശ്രമത്തിലെ മുൻ പ്രിയോരും ബോർഡിങ് റെക്ടറും ആയിരുന്ന ഫാ. ജോസഫ് പാലക്കുന്നേൽ സിഎംഐ (78) അന്തരിച്ചു.

**നടാൽ:** കണ്ണൂർ ഡിസിസി മുൻ ജനറൽ സെക്രട്ടറിയും മുൻ ജില്ലാ പഞ്ചായത്ത് അംഗവുമായരുന്ന സത്യൻ വണ്ടിച്ചാലിൽ (65) അന്തരിച്ചു.

## ഹേമ സുകുമാർ

**കൊച്ചി:** തൃപ്പൂണിത്തുറ വീഗാലാൻഡ് കിങ്സ് ടൗൺ ഡിയിൽ നെല്ലേരി ഹേമ സുകുമാരൻ (72) അന്തരിച്ചു. ഭർത്താവ് പറാട്ട് സുകുമാർ മേനോൻ. മക്കൾ: രമ്യ എസ്. മേനോൻ (വർമ ആൻഡ് വർമ ചാർട്ടേഡ് അക്കൗണ്ടന്റ്സ്), രാഹുൽ എസ്. മേനോൻ (യുഎസ്). മരുമക്കൾ: വിജയ് കൃഷ്ണൻ (വിപ്രോ), ലക്ഷ്മി (യുഎസ്).

**തിരുവനന്തപുരം:** മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ സെ. മേരീസ് പ്രോവിൻസ് അംഗമായ സിസ്റ്റർ മേരി റൊസാലിയ (99) അന്തരിച്ചു.

**തലയോലപ്പറമ്പ്:** കീഴൂർ തലയോലപ്പറമ്പ് ഡിബി കോളജ് റിട്ട. പ്രിൻസിപ്പൽ പ്രശാന്തി ഭവനത്തിൽ ഡോ. എച്ച്. സദാശിവൻപിള്ള (76) അന്തരിച്ചു.

**നാട്ടകം:** കല്ലുകടവിൽ വി.ജെ. രാജു (52) അന്തരിച്ചു.

# COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

# LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## *Favors Received*



*Inserted by: Firm Believer, Florida*

## *Favors Received*




*Inserted by: Firm Believer, Florida*

**Visit Our Website: www.keralaexpress.com for Classified Advt.**

# ഷാജൻ ആനിത്തോട്ടത്തിന്റെ പുതിയ കഥാസമാഹാരം പ്രസിദ്ധീകരിച്ചു

കോഴിക്കോട്: ലാന മുൻ പ്രസിഡന്റും സാഹിത്യകാരനുമായ ഷാജൻ ആനിത്തോട്ടത്തിന്റെ പുതിയ പുസ്തകം 'ഹിമ' പ്രസിദ്ധീകരിച്ചു. കേരളത്തിലെയും അമേരിക്കയിലെയും പ്രമുഖ ആനുകാലികങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പ്രസിദ്ധീകരിച്ച ഇരുപത്തിയൊന്ന് ചെറുകഥകളുടെ സമാഹാരമാണ് 'ഹിമ'. മാതൃഭൂമി ബുക്സ് ആണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. മലയാള സാഹിത്യലോകത്തെ സമാരാധ്യനായ എഴുത്തുകാരൻ സി. രാധാകൃഷ്ണന്റെ അവതാരികയും പ്രമുഖ നോവലിസ്റ്റും കഥാകാരനുമായ ബെന്യാമിന്റെ ആസ്വാദനക്കുറിപ്പും പുസ്തകത്തിന്റെ പ്രത്യേകതയാണ്.







ഷാജൻ ആനിത്തോട്ടത്തിന്റെ അഞ്ചാമത്തെ പുസ്തകമാണ് 'ഹിമ'. 2014-ൽ തിരൂർ തുഞ്ചൻപറമ്പിൽ വച്ച് നടന്ന ലാന സാഹിത്യസമ്മേളനത്തിൽ എം.ടി. വാസുദേവൻനായർ, സി. രാധാകൃഷ്ണന് ആദ്യപ്രതി നല്കി പ്രകാശനം ചെയ്ത 'ഹിച്ച്ഹൈക്കർ' (ചെറുകഥാ സമാഹാരം) ആണ് ഗ്രന്ഥകാരന്റെ ആദ്യത്തെ പുസ്തകം. പിറ്റേ വർഷം കോഴിക്കോട് ബേപ്പൂരിലെ വൈക്കം മുഹമ്മദ് ബഷീറിന്റെ വീട്ടിൽ വച്ച് നടന്ന ചടങ്ങിൽ അന്നത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അബ്ദുൾ സലാം, ഷാജൻ ആനിത്തോട്ടത്തിന്റെ രണ്ടാമത്തെ കൃതിയായ 'പൊലിക്കറ്റ്' (കവിതാ സമാഹാരം) പ്രകാശനം ചെയ്തു. ബഷീറിന്റെ മകൻ അനീസ് ബഷീർ പുസ്തകം ഏറ്റുവാങ്ങി. കേരള സാഹിത്യ അക്കാദമി മുൻ പ്രസിഡന്റ് പെരുമ്പടവം ശ്രീധരന്റെ അദ്ധ്യക്ഷതയിൽ 2018 മെയ് മാസം കോട്ടയത്തു വച്ച് നടന്ന സമ്മേളനത്തിൽ പ്രശസ്ത സാഹിത്യകാരൻ സഖറിയ കഥാകൃത്ത് ആർ. ഉണ്ണിക്ക് ആദ്യപ്രതി നല്കി മൂന്നാമത്തെ പുസ്തകമായ 'ഒറ്റപ്പയറ്റ്' (ലേഖന സമാഹാരം) പ്രകാശിപ്പിച്ചു. കറന്റ് ബുക്സ് തൃശൂർ പ്രസിദ്ധീകരിച്ച ഷാജൻ ആനിത്തോട്ടത്തിന്റെ പ്രഥമ നോവൽ 'പകർന്നാട്ടം' 2021-ൽ വിപണിയിലെത്തി. മാതൃഭൂമി ആഴ്ചപ്പതിപ്പ് പത്രാധിപരും നോവലിസ്റ്റുമായ സുഭാഷ് ചന്ദ്രൻ പ്രമുഖ നോവലിസ്റ്റ് യു.കെ. കുമാരന് നല്കിയാണ് ഔദ്യോഗിക പ്രകാശനകർമ്മം നിർവഹിച്ചത്. 'പകർന്നാട്ടം' മികച്ച ആസ്വാദകശ്രദ്ധ നേടി രണ്ടാം പതിപ്പിലെത്തിയിരിക്കുന്നു.

കോട്ടയം ജില്ലയിലെ മോനിപ്പള്ളിയിൽ ജനിച്ച ഷാജൻ ആനിത്തോട്ടം സെൻട്രൽ ഗവൺമെന്റ് സർവ്വീസിൽ അഞ്ചുവർഷത്തെ അദ്ധ്യാപകസേവനത്തിനു ശേഷം 1998-ൽ അമേരിക്കയിലേക്ക് കുടിയേറി. കുറവിലങ്ങാട് ദേവമാതാ കോളജ് (ബി.എ), പാലാ സെന്റ് തോമസ് കോളജ് (എം.എ), മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ് (ബി.എഡ്), പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി (എം.ഫിൽ), യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയി, ചിക്കാഗോ (എം.എസ്.ഡബ്ല്യു) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികമായി ഇല്ലിനോയി സ്റ്റേറ്റ് ഗവൺമെന്റ് സർവ്വീസിൽ മാനേജരായി ജോലി ചെയ്യുന്നു. ഉദ്യോഗത്തോടൊപ്പം കോൺകോർഡിയ യൂണിവേഴ്സിറ്റി (ചിക്കാഗോ)യിൽ പിഎച്ച്.ഡി. പഠനവും നടത്തുന്നു.

കേരളത്തിലും വിദേശത്തുമായി നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2009 ഏപ്രിലിൽ നടന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ സ്കോക്കി ഡിസ്ട്രിക്റ്റ് 69 ബോർഡ് ഓഫ് എഡ്യുക്കേഷൻ മെമ്പറായി മികച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു.

ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന), ഇല്ലിനോയി മലയാളി അസോസിയേഷൻ എന്നിവയുടെ പ്രസിഡന്റായിരുന്നു.

ലയൺസ് ക്ലബ് ഇന്റർനാഷണൽ വൈസ് ഡിസ്ട്രിക്റ്റ് ഗവർണർ (ഡിസ്ട്രിക്റ്റ് വൺ എഫ്), സ്കോക്കി വില്ലേജ് ഫാമിലി സർവ്വീസ് കമ്മീഷൻ വൈസ് ചെയർമാൻ എന്നീ നിലകളിൽ കർമ്മഭൂമിയിലെ വിവിധ സാമൂഹിക സേവന പദ്ധതികളിൽ പങ്കാളിത്തം വഹിക്കുന്നു.

മാതൃഭൂമി ബുക്സിന്റെ സ്റ്റാളുകളിൽ നിന്നോ ഓൺലൈനായോ 'ഹിമ' യുടെ കോപ്പികൾ ലഭിക്കുന്നതാണ്. വില 250 രൂപ.

# ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷന് പുതിയ നേതൃത്വം

ജിതേഷ് ചുങ്കത്ത്



ജിതേഷ് ചുങ്കത്ത് (പ്രസിഡണ്ട്)



സേവ്യർ ജോൺ ഒരവനകളത്തിൽ (സെക്രട്ടറി)



മേഴ്സി കുര്യാക്കോസ് (ട്രഷറർ)



ജോൺസൻ കാരിക്കൽ (വൈസ് പ്രസിഡണ്ട്)



മനോജ് തോമസ് കോട്ടപ്പുറം (ജോയിന്റ് സെക്രട്ടറി)



സന്തോഷ് കാട്ടൂക്കാരൻ (ജോയിന്റ് സെക്രട്ടറി)



ലീസ് മാത്യു ( ജോയിന്റ് സെക്രട്ടറി)



അനിൽ കൃഷ്ണൻ (ജോയിന്റ് സെക്രട്ടറി)



അനീഷ് ആന്റോ (ജോയിന്റ് ട്രഷറർ)

ചിക്കാഗോ: 2023-ൽ സ്ഥാപിതമായ ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ 2025 വർഷത്തേക്കുള്ള ഭരണസമിതി നിലവിൽ വന്നു. ഡിസംബറിൽ നടന്ന ജിസിഎംഎ പൊതുയോഗത്തിൽ ജിതേഷ് ചുങ്കത്ത് പ്രസിഡണ്ടായി ചുമതല ഏറ്റെടുത്തു. ജോൺസൻ കാരിക്കൽ (വൈസ് പ്രസിഡണ്ട്), സേവ്യർ ജോൺ ഒരവനകളത്തിൽ (സെക്രട്ടറി), മേഴ്സി കുര്യാക്കോസ് (ട്രഷറർ) എന്നിവരെയും പൊതുയോഗം ഏകകണ്ഠമായി തെരഞ്ഞെടുത്തു. ലീസ് മാത്യു, മനോജ് തോമസ് കോട്ടപ്പുറം, അനിൽ കൃഷ്ണൻ, സന്തോഷ് കാട്ടൂക്കാരൻ എന്നിവർ ജോയിന്റ് സെക്രട്ടറിമാരും അനീഷ് ആന്റോ ജോ. ട്രഷററായും ചുമതലയേറ്റു. ഈ ഭരണസമിതിക്ക് പുറമെ 16 അംഗ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെയും തെരഞ്ഞെടുത്തു.

ടോമി മേത്തിപാറയുടെ നേതൃത്വത്തിൽ പുതിയ അഞ്ചംഗ ബൈലോ അമന്റ്മെന്റ് കമ്മിറ്റിയും അനീഷ് ആന്റോയുടെ നേതൃത്വത്തിൽ ഐടി കമ്മിറ്റിയും നിലവിൽ വന്നു.

മലയാളികൾക്കായി ഓണാഘോഷവും സെപ്റ്റംബർ മാസത്തിൽ ബാഡ്മിന്റൺ ടൂർണമെന്റും വിജയകരമായി സംഘടിപ്പിച്ച കോ-ഓർഡിനേറ്റേഴ്സിനെ പൊതുയോഗം അഭിനന്ദിച്ചു.

2025 വർഷത്തിൽ ഗ്രെയ്റ്റർ ചിക്കാഗോ മലയാളികൾക്കായി വിവിധ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുവാൻ പൊതുയോഗം തീരുമാനിച്ചു.

# ഹിൻഡൻബർഗ് റിസർച്ച് പ്രവർത്തനം അവസാനിപ്പിച്ചു

വാഷിങ്ടൺ: ഇന്ത്യയിലെ അദാനി ഗ്രൂപ്പ് അടക്കം ലോകത്തെ നിരവധി കോർപറേറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ പുറത്തുവിട്ട ഹിൻഡൻബർഗ് റിസർച് പ്രവർത്തനം അവസാനിപ്പിച്ചു. സ്ഥാപകനായ നതാൻ ആൻഡേഴ്സൺ ആണ് ഇക്കാര്യം അറിയിച്ചത്.

സ്ഥാപനത്തിന്റെ വെളിപ്പെടുത്തലുകൾ ഗുണം ചെയ്തുവെന്ന് ചൂണ്ടിക്കാട്ടിയ ആൻഡേഴ്സൺ പ്രവർത്തനം അവസാനിപ്പിച്ചതിനു മാത്രമായി ഒരു കാരണമില്ലെന്ന് പറഞ്ഞു. 'ഏതെങ്കിലും ഭീഷണിയോ ആരോഗ്യപ്രശ്നമോ വ്യക്തിപരമായ കാരണങ്ങളോ ഇല്ല. ജീവിതത്തിലെ ഒരു ഘട്ടം മാത്രമാണ് ഹിൻഡൻബർഗ്. അതു മാത്രമല്ല ഞാൻ' എന്നും സ്ഥാപനത്തിന്റെ വെബ്സൈറ്റിലെ കുറിപ്പിൽ പറഞ്ഞു.

പരിഹാസച്ചുവയോടെ 'എത്ര പോരാളികൾ വന്നു, എത്ര പോരാളികൾ ഇല്ലാതായി' എന്ന വാചകം സമൂഹമാധ്യമത്തിൽ പോസ്റ്റ് ചെയ്തുകൊണ്ടാണ് അദാനി ഗ്രൂപ്പിന്റെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ ജുഗേഷിന്ദർ റോബി സിങ് ഹിൻഡൻബർഗ് പ്രവർത്തനം അവസാനിപ്പിച്ചതിനോട് പ്രതികരിച്ചത്. ഹിൻഡൻബർഗ് താഴിട്ട വാർത്തയ്ക്കു പിന്നാലെ അദാനി ഗ്രൂപ്പ് ഓഹരി വില ഒൻപത് ശതമാനം ഉയർന്നു.

2023 ജനുവരിയിലാണ് അദാനി ഗ്രൂപ്പ് ഓഹരി വില 85 ശതമാനം പെരുപ്പിച്ചുകാണിച്ചുവെന്ന റിപ്പോർട്ട് പുറത്തുവന്നത്. ഇതോടെ ഗ്രൂപ്പിന്റെ ഓഹരികളിൽ ഒറ്റദിവസം കൊണ്ടുതന്നെ 90,000 കോടി രൂപയുടെ ഇടിവുണ്ടായി. ഇന്ത്യൻ രാഷ്ട്രീയത്തെയും റിപ്പോർട്ട് പിടിച്ചുകുലുക്കി.

യൂണിവേഴ്സിറ്റി ഓഫ് കണക്ടിക്കട്ടിൽ നിന്ന് മാനേജ്മെന്റ് ബിരുദം നേടിയ ശേഷം 2017-ൽ ആണ് ആൻഡേഴ്സൻ (40) ഫോറൻസിക് ഫിനാൻഷ്യൽ റിസർച് സ്ഥാപനമായി ഹിൻഡൻബർഗ് ആരംഭിച്ചത്. ഓഹരി വ്യാപാര രംഗത്തെ തട്ടിപ്പുകൾ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. യുഎസും യൂറോപ്പും അടക്കം നിരവധി രാജ്യങ്ങളിലെ വമ്പൻ സ്ഥാപനങ്ങൾക്കെതിരായ റിപ്പോർട്ടുകൾ പുറത്തുവിട്ടു.

# വിദേശത്തെ ഇന്ത്യൻ ബാങ്കുകളിൽ രൂപയിൽ അക്കൗണ്ട് തുറക്കാം

മുംബൈ: അന്താരാഷ്ട്ര വ്യാപാര ഇടപാടുകളിലും നിക്ഷേപരംഗത്തും രൂപയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ട് വിദേശനാണ്യ വിനിമയച്ചട്ടങ്ങളിൽ (ഫെമ) ഇളവുകളുമായി റിസർവ് ബാങ്ക്.

ഇന്ത്യൻ ബാങ്കുകളുടെ വിദേശശാഖകളിൽ വിദേശികൾക്ക് നേരിട്ട് രൂപയിൽ അക്കൗണ്ട് തുറക്കാനും ഇന്ത്യക്കാരുമായി രൂപയിൽ ഇടപാടുകൾ നടത്താനും അനുമതി നൽകി.

ആർബിഐയിൽനിന്ന് അംഗീകൃത ഡീലർ ലൈസൻസുള്ള വിദേശത്തു താമസിക്കുന്നവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

രൂപയുടെ അന്താരാഷ്ട്രവത്കരണത്തിന്റെ ആദ്യപടിയായാണ് ഇത് കണക്കാക്കുന്നത്.

ഡോളർ ശക്തിപ്പെടുന്നതിനാൽ രൂപ വലിയ സമ്മർദം നേരിടുന്ന സാഹചര്യത്തിൽക്കൂടിയാണ് പുതിയ മാറ്റം.

# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ പുതുവത്സര ആഘോഷം വർണാഭമായി

നാഷ്‌വിൽ: കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ)-ന്റെ നേതൃത്വത്തിൽ നോളൻസ്‌വിൽ ഹിസ്റ്റോറിക്കൽ സൊസൈറ്റി ഓഡിറ്റോറിയത്തിൽവെച്ച് നടന്ന 'ജിംഗിൽ & മിംഗിൽ 2025' ക്രിസ്മസ് - പുതുവത്സര ആഘോഷം പങ്കെടുത്തവർക്ക് ഒരു പുത്തൻ അനുഭവം സമ്മാനിച്ചു. വിവിധ തീമുകൾ അടിസ്ഥാനമാക്കിയുള്ള ഫാഷൻ ഷോ, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ അവതരണം, മനോഹരമായി അലങ്കരിച്ച ഫോട്ടോ ബൂത്ത്, സ്വാദിഷ്ടമായ ഭക്ഷണം എന്നിവയെല്ലാം പങ്കെടുത്തവരുടെ പ്രശംസ പിടിച്ചു പറ്റി. നാഷ്‌വിൽ മാർത്തോമാ പള്ളിയിലെ കുട്ടികൾ അവതരിപ്പിച്ച മാർഗ്ഗംകളിയും അലബാമയിൽനിന്നുള്ള പ്രശസ്തനായ ഡി.ജെ. കൃഷ് അവതരിപ്പിച്ച സംഗീത വിരുന്നും പരിപാടിക്ക് വളരെ മികവും നൽകി.

കാൻ ഭരണസമിതി ഒരുമിച്ചു കേക്ക് മുറിച്ചാണ് പുതുവർഷത്തെ വരവേറ്റത്. അതോടൊപ്പം കഴിഞ്ഞ വർഷം നടപ്പാക്കിയ പരിപാടികളും പുതിയ വർഷത്തിൽ നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖയും ഒരു വീഡിയോ രൂപത്തിൽ അവതരിപ്പിക്കുകയും ചെയ്തു. വിനോദത്തോടൊപ്പം സന്നദ്ധ സേവനം, സാഹിത്യം, സംസ്കാരം, കായികം എന്നിവക്കുള്ള ഊന്നൽ, അംഗങ്ങളുടെ കുട്ടികളുടെ വികസനം എന്നിവയെല്ലാം ചേർന്ന ഒരു സമഗ്ര രൂപരേഖയാണ് അവതരിപ്പിക്കപ്പെട്ടത്. 2025 ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്ന കാൻ ക്രൂസിന്റെ ഔദ്യോഗികമായ ഉദ്ഘാടനവും തദവസരത്തിൽ നടന്നു.

കാൻ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന ഫാഷൻ ഷോ- 'ഫാഷൻ ഫേബിൾ 2025' അവതരണം കൊണ്ടും പുതുമകൊണ്ടും ഒട്ടേറെ മികവാർന്നതായിരുന്നു. രാജാ രവിവർമ്മ ഇൻസ്പിറേഷൻ, ഇൻഡോ വെസ്റ്റേൺ ഫാഷൻ, നോർത്ത് ഇന്ത്യൻ ബ്രൈഡൽ, കേരള കസവ് - കഥകളി തെയ്യത്തോടൊപ്പം, ഹെർ സ്റ്റോറി ഹെർ ഗ്ലോറി, ഇന്ത്യൻ റോയൽ കാരക്ടേഴ്സ് എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളെ അടിസ്ഥാനമാക്കി 52 കലാപ്രതിഭകൾ ചേർന്നൊരുക്കിയ വർണ്ണക്കാഴ്ചകളും, ഒരു കപ്പിൾ വാക്ക് റൗണ്ടും നിറഞ്ഞ ഈ ഫാഷൻ ഷോയിൽ ഡിജെയുടെ പശ്ചാത്തലസംഗീതവും ഡിജിറ്റൽ സ്ക്രീനിന്റെ മിഴിവും കൂടെ വന്നതോടെ പുതുവർഷം ആഘോഷിക്കാനെത്തിയവർക്ക് മികച്ച ഒരു ദൃശ്യാനുഭവം തന്നെയായി. വിമൻസ് ഫോറം ചെയർ സുമ ശിവപ്രസാദ് ഇതിനു നേതൃത്വം നൽകി.

പ്രസിഡണ്ട് ഷിബു പിള്ള അധ്യക്ഷനായ പരിപാടിയിൽ വൈസ് പ്രസിഡണ്ട് ശങ്കർ മന സ്വാഗതവും ട്രഷറർ അനന്ത ലക്ഷ്മൺ നന്ദിയും രേഖപ്പെടുത്തി. കൾച്ചറൽ കമ്മിറ്റി ചെയർ സന്ദീപ് ബാലൻ, കോ-ചെയർ ദീപാഞ്ജലി നായർ എന്നിവർ കലാപരിപാടികളുടെ നേതൃത്വം വഹിച്ചു.

ഇവർക്ക് പുറമെ കാനിന്റെ മറ്റു ഭാരവാഹികളായ സുശീല സോമരാജൻ (ജനറൽ സെക്രട്ടറി), അനിൽ പത്യാരി (ജോയിന്റ് സെക്രട്ടറി), ജിനു ഫിലിപ്പ് സൈമൺ (ജോ. ട്രഷറർ), സുജിത് പിള്ള (മെമ്പർഷിപ്പ് കമ്മിറ്റി ചെയർ), മനീഷ് രവികുമാർ (ഫുഡ് കമ്മിറ്റി ചെയർ), നിജിൽ ഉണ്ണിയാൻ പടേമ്മൽ (ഫുഡ് കമ്മിറ്റി വൈസ് ചെയർ), മനോജ് രാജൻ (ഔട്ട് റീച്ച് കമ്മിറ്റി ചെയർ), രാകേഷ് കൃഷ്ണൻ (മുൻ പ്രസിഡണ്ട്), അഡ്വൈസറി കമ്മിറ്റി അംഗങ്ങളായ സാം ആന്റോ, ആദർശ് രവീന്ദ്രൻ, തോമസ് വർഗീസ്, അനിൽ കുമാർ ഗോപാലകൃഷ്ണൻ, ബിജു ജോസഫ്, അശോകൻ വട്ടക്കാട്ടിൽ, ബബ്ലൂ ചാക്കോ തുടങ്ങിയവരും പരിപാടിക്ക് നേതൃത്വം നൽകി.



**ഷിബു പിള്ള**



# ഫ്രെസ്നോ മലയാളി അസോസിയേഷൻ ക്രിസ്മസും പുതുവത്സരവും ആഘോഷിച്ചു

**അനിത പണിക്കർ**

കാലിഫോർണിയ: കാലിഫോർണിയയിലെ ഫ്രെസ്നോ സിറ്റിയിലെ മലയാളി അസോസിയേഷനായ (എഫ്ആർഇഎംഎഎസി) ക്രിസ്മസും പുതുവത്സരവും അതിഗംഭീരമായി ആഘോഷിച്ചു.

പ്രസിഡണ്ട് കിഷോർ ശിവൻ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ഫാ. ഡെന്നീസ് പുതുവർഷസന്ദേശം പങ്കുവെച്ചു. നേതൃനിരയിൽ ജോയ്സൺ ജോൺ, ജോജോ പോൾ, ശശികാന്ത്, ആന്റണി കുന്നേൽ, സുരേഷ് നായർ എന്നിവർ പ്രവർത്തിച്ചു.

ഇരുത്തംവന്ന ആർട്ടിസ്റ്റുകളുടെയും ആസ്വാദകരുടെയും കൂട്ടായ്മയാണ് എഫ്ആർഇഎംഎഎസി. മലയാളികളെ കൂടാതെ മറ്റ് സൗത്ത് ഇന്ത്യൻ സമൂഹത്തെയും ചേർത്തിണക്കിക്കൊണ്ടായിരുന്നു ഈ വർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. കൾച്ചറൽ പ്രോഗ്രാമുകൾക്ക് ചുക്കാൻ പിടിച്ചത് ഡോ. മഞ്ജു പിള്ളയായിരുന്നു.

പ്രോഗ്രാം കോ-ഓർഡിനേറ്ററായ അനിത പണിക്കരുടെയും അവതാരകയായ കീർത്തി കലവഗുൺറ്റയുടെയും നേതൃത്വത്തിൽ പരിപാടികൾ ഒന്നൊന്നായി അരങ്ങേറി.

പ്രശസ്ത നർത്തകിയായ ഡോ. അർച്ചന ലിൻഗാനന്റെ ഒരു മുറൈ വന്തു പാർത്തായാ ഡാൻസ് പെർഫോമൻസ് സദസ്യരെ മണിച്ചിത്രത്താഴിലെ തമിഴത്തിയിലേക്ക് സന്നിവേശിപ്പിക്കുക തന്നെയുണ്ടായി. ഫാ. ഡെന്നി, ശാന്ത കാശി, ജോജെോ, കിഷോർ, ഗായത്രി, കിയാര, ഹൈജിൻ, രോഹിത് എന്നിവർ പാട്ടിന്റെ പാലാഴി തീർത്തു.

ടീനേജുകാരിയായ ഹരണി രാജരത്തിനത്തിന്റെ 'മൈ ഹാർട്ട് വിൽ ഗോ ഓൺ...' എന്ന ടൈറ്റാനിക്കിലെ പാട്ട് സ്റ്റാൻഡിംഗ് ഒവേഷൻ നേടി.

ആൻ തെരേസയുടെ ബ്രേക്ക് ഡാൻസിലെ എനർജി സദസ്യരിലേക്ക് ആവേശം പകർത്തുമ്പോൾ സാന്റ സ്പെഷ്യൽ അപ്പിയറൻസ് നടത്തി കുട്ടികൾക്ക് മധുരം വിതരണം ചെയ്തതോടെ രുചികരമായ ഡിന്നർ സർവ് ചെയ്യപ്പെട്ടു. വേദി പിന്നീട് കരോക്കെക്കു വേണ്ടി തുറന്നുകൊടുത്തു. കുട്ടികളും മുതിർന്നവരും അവരുടെ കഴിവുകൾ പ്രദർശിപ്പിച്ച് സദസ്യരെ രസിപ്പിച്ചു.

ഈ പുതുവത്സരാഘോഷം പങ്കെടുത്ത എല്ലാവർക്കും ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു മനോഹര അനുഭവമായിരിക്കട്ടെ എന്ന വൈസ് പ്രസിഡണ്ട് ഡോ. രാജരത്തിനത്തിന്റെ ആശംസകളോടെ പരിപാടികൾ സമാപിച്ചു.







# രാഹുലിനെതിരെ കേസ്

ഗോഹട്ടി: വിവാദ പരാമർശത്തിന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ വീണ്ടും കേസ്. ബിജെപിയും ആർഎസ്എസും ഓരോ സ്ഥാപനവും പിടിച്ചെടുത്തെന്നും ആ ബിജെപിക്കും ആർഎസ്എസിനും എതിരെ മാത്രമല്ല, ഇന്ത്യൻ ഭരണകൂടത്തിനുമെതിരെ നമ്മൾ പോരാടുകയാണെന്നുമുള്ള രാഹുലിന്റെ പ്രസംഗത്തിലെ പരാമർശനത്തിനുമെതിരെയാണ് കേസ്.

ഗുവാഹട്ടിയിലെ പാൻ ബസാർ പോലീസ് സ്റ്റേഷനിൽ രാഹുലിനെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തു. ഡൽഹിയിലെ കോട്‌ല റോഡിൽ കോൺഗ്രസ് പാർട്ടിയുടെ പുതിയ ആസ്ഥാനമന്ദിരത്തിന്റെ ഉദ്ഘാടനവേളയിലായിരുന്നു രാഹുൽ ഗാന്ധിയുടെ വിവാദപരാമർശം.

പ്രസ്താവന അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പരിധി ലംഘിച്ചെന്നും ക്രമസമാധാനത്തിനും ദേശീയ സുരക്ഷയ്ക്കും ഗുരുതര ഭീഷണി ഉയർത്തുന്നെന്നും മോൺജിത് ചേേതിയ എന്നയാൾ പരാതിപ്പെട്ടതിനു പിന്നാലെയാണിത്. ഇന്ത്യയുടെ പരമാധികാരത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കും അപകടമുണ്ടാക്കുന്ന പ്രവൃത്തികൾ ചെയ്തെന്നാണ് രാഹുലിനെതിരെ എഫ്ഐആർ.

പോരാട്ടം ഇന്ത്യൻ സ്റ്റേറ്റിനെതിരെ ആണെന്നു പ്രഖ്യാപിച്ചതിലൂടെ ബോധപൂർവം കലാപത്തിനും അട്ടിമറിക്കും പ്രേരണ സൃഷ്ടിക്കുകയാണ് രാഹുൽ ഗാന്ധി ചെയ്തത്. ആവർത്തിച്ചുള്ള തെരഞ്ഞെടുപ്പ് പരാജയങ്ങളുടെ നിരാശയാണ് ഈ പരാമർശങ്ങൾക്ക് പിന്നിൽ. ജനാധിപത്യ സ്ഥാപനങ്ങളിൽ പൊതുവിശ്വാസം നിലനിർത്താൻ ഉത്തരവാദിത്തപ്പെട്ടയാൾ അസത്യങ്ങൾ പ്രചരിപ്പിക്കാനും കലാപം ഇളക്കിവിടാനുമാണ് ശ്രമിച്ചത്. ആ നിലയ്ക്ക് ബി.എൻ.എസ് സെഷൻ 152 പ്രകാരം നിയമനടപടി സ്വീകരിക്കണമെന്നും ചേതിയ പരാതിയിൽ ആവശ്യപ്പെട്ടു.

# മിനിമം പിഎഫ് പെൻഷൻ വർധിപ്പിച്ചേക്കും

ന്യൂഡൽഹി: ഫെബ്രുവരി ഒന്നിന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിക്കുന്ന പൊതുബജറ്റിനെ ഇന്ത്യയിലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ) പരിധിയിൽ വരുന്ന പെൻഷൻകാരും തൊഴിലാളികളും ഏറെ പ്രതീക്ഷയോടെയാണു കാണുന്നത്.

മിനിമം പെൻഷൻ തുക ഉയർത്തിയേക്കുമെന്നതാണ് പ്രതീക്ഷയ്ക്കു കാരണം. നിലവിലെ മിനിമം പെൻഷനായ 1000 രൂപ 7000 രൂപയാക്കണമെന്ന ആവശ്യവുമായി തൊഴിലാളിസംഘടനാ പ്രതിനിധികൾ കേന്ദ്ര ധനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. പരിഗണിക്കാമെന്ന മറുപടിയാണ് മന്ത്രിയിൽനിന്നുണ്ടായത്. മിനിമം പെൻഷൻ 5000 രൂപയാക്കണമെന്നാണ് ബിഎംഎസ് ആവശ്യപ്പെട്ടിരിക്കുന്നത്.

മിനിമം പെൻഷൻ തുക വർധിപ്പിക്കണമെന്ന് കഴിഞ്ഞ വർഷം തൊഴിൽ സംബന്ധിച്ച പാർലമെന്ററി സ്ഥിരം സമിതി ശിപാർശ ചെയ്തിരുന്നു. 11 വർഷം മുമ്പാണ് കുറഞ്ഞ പെൻഷൻ 1000 രൂപയാക്കിയത്. ഇതിനുശേഷം ജീവിതച്ചെലവിൽ വലിയ വർധനയുണ്ടായി. നിലവിൽ ആകെയുള്ള 78.49 ലക്ഷം പിഎഫ് പെൻഷൻകാരിൽ 36.60 ലക്ഷം പേർ 1000 രൂപ മിനിമം പെൻഷൻ വാങ്ങുന്നവരാണ്. മിനിമം പെൻഷൻ 3000 രൂപയാക്കാൻ കേന്ദ്രസർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നെങ്കിലും വൻ സാമ്പത്തികബാധ്യത വരുമെന്നതിനാൽ വർധനാതീരുമാനം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ) നീട്ടിക്കൊണ്ടുപോകുകയായിരുന്നു. മിനിമം പെൻഷൻ ഉയർത്തുന്നതു പഠിക്കാൻ ഇപിഎഫ് ട്രസ്റ്റി ബോർഡ് നിയോഗിച്ച ഉപസമിതി രണ്ടുതവണ യോഗം ചേർന്നെങ്കിലും റിപ്പോർട്ട് നൽകിയിട്ടില്ല. റിപ്പോർട്ട് ഇല്ലെങ്കിലും തുക ഉയർത്തുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിനോ ഇപിഎഫ്ഒയ്ക്കോ തീരുമാനമെടുക്കാം.

പിഎഫ് പെൻഷൻ പദ്ധതിയിൽ ചേരാനുള്ള മാസശമ്പളപരിധി 15,000 രൂപയിൽനിന്ന് 25,000 ആക്കാനാള്ള ഇപിഎഫ് ട്രസ്റ്റി ബോർഡിന്റെ നിർദേശം കേന്ദ്രത്തിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിലും ബജറ്റിൽ പ്രഖ്യാപനമുണ്ടായേക്കും. 2015-ലാണ് ശമ്പളപരിധി 6,500 രൂപയിൽനിന്ന് 15,000 ആക്കിയത്. 30,000 രൂപ വരെ മാസശമ്പളമുള്ളവരെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്താനും കേന്ദ്രം ആലോചിക്കുന്നുണ്ട്. നിലവിൽ ഇത് 21,000 രൂപയാണ്.

# ശബരിമല ക്ഷേത്രനട അടച്ചു; 110 കോടി രൂപ അധിക വരുമാനം

ശബരിമല: മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനു സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട അടച്ചു. തിരുവാഭരണവുമായി മടക്ക ഘോഷയാത്ര തുടങ്ങി. രാവിലെ നട തുറന്നു നിർമാല്യത്തിനു ശേഷം രാജപ്രതിനിധിയുടെ ദർശനത്തിനായി അയ്യപ്പനെ ഒരുക്കി. തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ മഹാഗണപതി ഹോമവും നടന്നു.

തുടർന്നു തിരുവാഭരണ വാഹക സംഘം തിരുവാഭരണ പേടകങ്ങളുമായി അയ്യനെ വണങ്ങി അനുവാദം വാങ്ങി പതിനെട്ടാംപടി ഇറങ്ങി. തുടർന്ന് രാജപ്രതിനിധി തൃക്കേട്ട നാൾ രാജരാജവർമ സോപാനത്തിലെത്തി അയ്യപ്പദർശനം നടത്തി. ഹരിവരാസനം ചൊല്ലി വിളക്കുകൾ അണച്ച് മേൽശാന്തി ശ്രീകോവിലിന് പുറത്തിറങ്ങി നടയടച്ചു. അഭൂതപൂർവമായ ഭക്തജനതിരക്കായിരുന്നു ഇത്തവണ. 53 ലക്ഷം തീർഥാടകർ ദർശനം നടത്തി. കഴിഞ്ഞ വർഷത്തേക്കാൾ 110 കോടി രൂപയുടെ അധിക വരുമാനം ലഭിച്ചു. നാണയങ്ങൾ ഉൾപ്പെടെ കാണിക്ക പൂർണമായും എണ്ണിത്തീർന്നു. കാണിക്ക ഇനത്തിൽ മാത്രം 17 കോടി രൂപയാണു കൂടുതൽ ലഭിച്ചത്.

# ബോഡി ഷെയ്മിങ്ങിനെതിരെ കർശന നിലപാടുമായി ഹൈക്കോടതി

കൊച്ചി: ബോഡി ഷെയ്മിങ് ഒരു കാരണവശാലും അംഗീകരിക്കാനാകില്ലെന്ന കർശന നിലപാടുമായി ഹൈക്കോടതി. നടി ഹണി റോസിനെ ലൈംഗികമായി അധിക്ഷേപിച്ചെന്ന കേസിൽ ബോബി ചെമ്മണ്ണൂരിനു ജാമ്യം അനുവദിച്ച ഉത്തരവിലാണു ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണന്റെ പരാമർശം.

തടിച്ചതാണ്, മെലിഞ്ഞതാണ്, പൊക്കമില്ല, പൊക്കം കൂടുതലാണ്, ഇരുണ്ടതാണ്, കറുത്തതാണ് എന്നൊക്കെ ഒരാളുടെ ശരീരത്തെക്കുറിച്ചു പറയുന്നത് ഒഴിവാക്കണം. എല്ലാവർക്കും എന്തെങ്കിലും കൂടുതലോ കുറവോ ഉണ്ടാകും എന്നതു മനസ്സിലാക്കണം. അതാണ് ജീവിതം. നമ്മുടെ ശരീരം മാറും, മനസ്സ് മാറും, സ്വഭാവം മാറും. മറ്റുള്ളവരെക്കുറിച്ചു കമന്റ് പറയുമ്പോൾ എല്ലാവരും ശ്രദ്ധിക്കണമെന്നും ഹൈക്കോടതി പറഞ്ഞു.

നിങ്ങൾ ഒരു സ്ത്രീയെ അവരുടെ ബാഹ്യരൂപം കൊണ്ടാണ് വിലയിരുത്തുന്നതെങ്കിൽ അവരെയല്ല, നിങ്ങൾ നിങ്ങളെത്തന്നെയാണു നിർവചിക്കുന്നതെന്ന അമേരിക്കൻ പ്രഭാഷകൻ ഡോ. സ്റ്റീവ് മാറാബോലിയുടെ വാക്യങ്ങൾ ഉദ്ധരിച്ചാണ് ജാമ്യം അനുവദിച്ച ഉത്തരവ് ആരംഭിക്കുന്നത്.

ബോബിക്കെതിരെ പ്രഥമദൃഷ്ട്യാ കുറ്റം നിലനിൽക്കുമെന്നു കോടതി വിലയിരുത്തി.

# സിറിയയ്ക്ക് സാമ്പത്തിക സഹായം

(23-ാം പേജിൽനിന്നും)

സമ്മേളന അംഗങ്ങളിൽ സിറിയയുടെമേലുള്ള താത്പര്യവും ഉത്കണ്ഠയും വർദ്ധിച്ചതായി കല്ലാസിന്റെ റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

സിറിയൻ നേതൃത്വത്തെ 2011-ന് ശേഷം വെറുത്തിരുന്ന ടർക്കി സാമ്പത്തികമായും രാഷ്ട്രീയമായും സഹായിക്കുവാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള സന്ദേശം വിദേശകാര്യമന്ത്രി ഹക്കൻ ഫിദാൻ കഴിഞ്ഞ ദിവസം സിറിയൻ പ്രസിഡന്റിന് കൈമാറി. അമേരിക്കയും നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും അയവുണ്ടാക്കി 2012-ൽ സിറിയൻ സിവിൽ വാറിനെ തുടർന്ന് വിച്ഛേദിച്ച ഡിപ്ലോമാറ്റിക്ക് റിലേഷൻ പുനഃസ്ഥാപിക്കുമെന്ന് പ്രതീക്ഷിക്കാം

# ഗ്രീഷ്മയ്ക്ക് വധശിക്ഷ

(ഒന്നാം പേജിൽ നിന്നും)

586 പേജുള്ള വിധിപ്രസ്താവമാണ് കോടതി നടത്തിയത്. ഷാരോൺ മരണക്കിടക്കയിൽപോലും ഗ്രീഷ്മയെ സ്നേഹിച്ചിരുന്നുവെന്നും കോടതി കണ്ടെത്തി. സ്നേഹബന്ധം തുടരുമ്പോൾതന്നെ കൊലപ്പെടുത്തി. ഷാരോണിന് പരാതിയുണ്ടോ എന്നത് കോടതി പരിഗണിക്കുന്നില്ല. പ്രകോപനമില്ലാത്ത കൊലപാതകം. കുറ്റകൃത്യം ചെയ്തിട്ടും ഗ്രീഷ്മ പിടിച്ച് നിന്നെന്നും കോടതി നിരീക്ഷിച്ചു. കേസിലെ മൂന്നാം പ്രതിയായ ഗ്രീഷ്മയുടെ അമ്മാവൻ നിർമല കുമാരൻ നായരെ കോടതി മൂന്ന് വർഷം തടവിന് ശിക്ഷിച്ചു.

2022 ഒക്ടോബറിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. ഷാരോണും ഗ്രീഷ്മയും വർഷങ്ങളായി പ്രണയത്തിലായിരുന്നു. ഇതിനിടെ ഗ്രീഷ്മയ്ക്ക് മറ്റൊരു വിവാഹാലോചന വരികയും ഇത് ഉറപ്പിക്കുകയും ചെയ്തു. മറ്റൊരു വിവാഹം നിശ്ചയിച്ചപ്പോൾ ഗ്രീഷ്മ ജ്യൂസ് ചലഞ്ച് നടത്തി പാരാസെറ്റാമോൾ കലർത്തിയ ജ്യൂസ് ഷാരോണിനെ കൊണ്ട് കുടിപ്പിച്ചു. മജിസ്ട്രേറ്റിന് നൽകിയ മരണമൊഴിയിൽ ഗ്രീഷ്മക്കെതിരെ ഷാരോൺ ഒന്നും പറഞ്ഞിരുന്നില്ല. പോലീസ് വിളിച്ചുവരുത്തി ചോദ്യം ചെയ്തപ്പോൾ ഗ്രീഷ്മ കുറ്റം സമ്മതിച്ചിരുന്നു. 2023 ജനുവരി 25-നാണ് കേസിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചത്.

കഴിഞ്ഞ വർഷം ഒക്ടോബർ 15-ന് തുടങ്ങിയ വിചാരണ ഈ മാസം മൂന്നിനാണ് അവസാനിച്ചത്. തെളിവുകൾ നശിപ്പിച്ചതിന് ഗ്രീഷ്മയുടെ അമ്മ സിന്ധുവിനെയും അമ്മാവൻ നിർമലകുമാരൻ നായരെയും പ്രതി ചേർത്തിരുന്നു. അമ്മയെ പിന്നീട് കോടതി കുറ്റവിമുക്തയാക്കി. 95 സാക്ഷികളെയാണ് കേസിൽ വിസ്തരിച്ചത്. ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയ ഗ്രീഷ്മ 22-ാം വയസിലാണ് കേസിൽ പ്രതിയാകുന്നത്.

# ഗാസയിൽ വെടിനിർത്തൽ

(ഒന്നാം പേജിൽ നിന്നും)

പകരം ഇസ്രേലി ജയിലുകളിലുള്ള നൂറുകണക്കിന് പലസ്തീൻ തടവുകാരെ മോചിപ്പിക്കും. ജനവാസ കേന്ദ്രങ്ങളിൽനിന്ന് ഇസ്രേലി സേന ഘട്ടംഘട്ടമായി പിന്മാറും. ദിവസം 600 ലോറി സഹായവസ്തുക്കൾ ഗാസയിലേക്കു കടത്തിവിടും. ഗാസ നിവാസികൾക്ക് സ്വന്തം വീടുകളിലേക്കു മടങ്ങാം. പരുക്കേറ്റവരെ മറ്റു രാജ്യങ്ങളിൽ ചികിത്സയ്ക്കു കൊണ്ടുപോകാൻ അനുവദിക്കും.

രണ്ടാംഘട്ടത്തിൽ വെടിനിർത്തൽ സ്ഥിരമാകും. ഹമാസിന്റെ കസ്റ്റഡിയിലുള്ള മുഴുവൻ ബന്ദികളും മോചിതരാകും. ഇസ്രേലി സേന ഗാസയിൽ നിന്നു പൂർണമായി പിന്മാറും. മൂന്നാം ഘട്ടത്തിൽ ഗാസയുടെ ഭരണത്തിനായി പ്രത്യേക സമിതി നിലവിൽ വരും. അന്താരാഷ്ട്ര സഹായത്തോടെ ഗാസയുടെ പുനരുദ്ധാരണം നടപ്പാക്കും.

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER



# കേരളത്തിലെ അവസാന ജൂതർ– ചിത്രപ്രദർശനം വാഷിങ്ടണിൽ

**ബിനോയി തോമസ്**

വാഷിങ്ടൺ ഡിസി: കേരളത്തിൽ പ്രത്യേകിച്ച് കൊച്ചിയിലെ മട്ടാഞ്ചേരിയിലെ വഴികളിലൂടെ യാത്ര ചെയ്യുമ്പോൾ നമുക്കു മുന്നിൽ കടന്നുവരുന്ന പ്രധാന കാര്യങ്ങളാണ് ജൂത തെരുവും ജൂത പള്ളിയുമൊക്കെ. നൂറ്റാണ്ടുകൾ പഴക്കമുള്ള പുരാതനമായ യഹൂദ ആരാധനാലയം ഇന്ന് ഒരു ചരിത്ര സ്മാരകമായി മാറിക്കഴിഞ്ഞു. അതുമല്ല കേരളത്തിലെ യഹൂദന്മാരെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ഇന്ന് ഏറെക്കുറെ ഒരു ചരിത്രസ്മരണകളായി മാറിയിരിക്കുന്നു. അതിനുള്ള കാരണം ഇസ്രയേൽ എന്ന ജൂത രാജ്യമുണ്ടായപ്പോൾ കേരളത്തിലെ ജൂതന്മാർ ഇസ്രയേലിലേക്ക് കുടിയേറി എന്നുള്ളതാണ്.



ബി.സി കാലഘട്ടത്തിൽ തന്നെ യഹൂദന്മാർ വാണിജ്യ കാര്യങ്ങളാൽ കേരള മേഖലയിൽ എത്തി എന്നാണ് നിഗമനം. എ.ഡി. 68-ൽ ജറുസലേമിലെ ജൂത ദേവാലയം റോമാക്കാർ നശിപ്പിച്ചപ്പോൾ ഏതാണ്ട് പതിനായിരത്തോളം സ്ത്രീകളും കുട്ടികളും അടങ്ങുന്ന യഹൂദന്മാർ കൊടുങ്ങല്ലൂരിലെത്തി എന്ന് ചരിത്രം പറയുന്നു. കൊടുങ്ങല്ലൂർ, ചാവക്കാട്, മാടായിപ്പാറ, മാള എന്നീ സ്ഥലങ്ങളിൽ പ്രതാപികളായി ജീവിച്ചിരുന്ന യഹൂദന്മാർ സാമൂഹിക, സാംസ്കാരിക, വാണിജ്യ, സാമ്പത്തിക രംഗങ്ങളിൽ പ്രമാണിമാരായിരുന്നു. എന്നാൽ, പോർച്ചുഗീസുകാരുടെ വരവോടെ അവരുടെ അടിച്ചമർത്തലും പീഡനങ്ങളാലും യഹൂദർ കൊച്ചി രാജ്യത്തിലേക്ക് പലായനം ചെയ്യുകയും കൊച്ചി രാജാവ് അവരെ സ്വീകരിച്ചുവെന്നും അങ്ങനെയാണ് മട്ടാഞ്ചേരിയിലെ ജൂത തെരുവും ജൂത പള്ളിയുമൊക്കെ ഉണ്ടാകുന്നത്.



1948-ൽ ഇസ്രയേൽ ഒരു സ്വതന്ത്ര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ കേരളത്തിലെത്തിയ യഹൂദർ മിക്കവരും ഇസ്രയേലിലേക്കു മടങ്ങി.

1961-ലെ സെൻസസ് പ്രകാരം 359 ജൂതന്മാർ ആണ് അന്ന് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ 1991-ൽ അവരുടെ എണ്ണം 120-ൽ താഴെയായി. 2024-ൽ പതിനാല് മലബാർ യഹൂദന്മാരും ഒരു പരദേശി യഹൂദനുമാണ് കേരളത്തിൽ അവശേഷിക്കുന്നത്.

ഈ അവശേഷിക്കുന്ന യഹൂദന്മാരുടെ കഥ ക്യാമറക്കണ്ണിലൂടെ എമ്മി അവാർഡ് ജേതാവായ ജോഷ കോഗൻ പകർത്തിയ ചിത്രപ്രദർശനം 'The Latest Jews of Cochin' എന്ന പേരിൽ വാഷിങ്ടൺ ഹിബ്രൂ കോൺഗ്രിഗേഷന്റെ ക്രീഗർ ലോബിയിൽ ജനുവരി 14-ന് ആരംഭിച്ചു.

മാർച്ച് അവസാനം വരെ ചിത്രപ്രദർശനം തുടരുന്നതാണ്. സീനിയർ റാബി സൂസൻ ഷാങ്മാൻ, ഇന്ത്യൻ സമൂഹത്തെ പ്രതിനിധീകരിച്ച് ബിനോയ് തോമസ്, ഫോട്ടോ ജേണലിസ്റ്റ് ജോഷാ കോഗൻ എന്നിവർ ചിത്രപ്രദർശന ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ചിത്രപ്രദർശം കാണുവാൻ താല്പര്യമുള്ളവർ 3935 Maconb Street, N.W-ലുള്ള വാഷിങ്ടൺ ഹിബ്രൂ കോൺഗ്രിഗേഷന് സന്ദർശിക്കുക.

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

ARACKAL VACATION HOME

UZHAVOOR, KOTTAYAM, KERALA



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**